M. Reg. No. 2293

ഒറ്റപ്രതി 2ണ

# സത്യദീപം

"ഞാൻ ലോകത്തിൻ്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 28 | 1130 വൃശ്ചികം 29—ബധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1954 ഡിസംബർ 15 || ലക്കം 17

## ഉണ്ണിയീശോയുടെ തിരുനാളുകൾ

(ഫാദർ തോമസ് കൊച്ചയ്യങ്കനാൽ)

ആഗമനകാലം ആരംഭിച്ചു കഴിഞ്ഞുവല്ലോ. ആകയാൽ അടുത്തു വരുന്ന രണ്ടുമൂന്നു മാസങ്ങളിൽ മിശിഹായുടെ ശൈശവത്തേയും ബാല്യത്തേയും അനുസ്മരിപ്പിക്കുന്ന പല തിരുനാളുകൾ നമ്മൾ ആഘോഷിക്കുകയും അവിടത്തെ രഹസ്യങ്ങളെക്കുറിച്ചു ചിന്തിക്കയും ചെയ്യാതിരിക്കയില്ല. അവ ഫലപ്രദമായി നിർവ്വഹിക്കുന്നതിനു ഉപകരിക്കുന്ന ചില അറിവുകൾ അവസരോചിതമായിരിക്കുമെന്നു കരുതുന്നു. ഈവക വിഷയങ്ങളെക്കുറിച്ചു പഠിക്കുന്നതിനും അറിയുന്നതിനും മതിയായ ശാസ്ത്രഗ്രന്ഥങ്ങൾ മലയാളത്തിൽ

ന്യവിഷയങ്ങളെക്കുറിച്ചുള്ള ജ്ഞാനത്തിലെല്ലാം ഒരു പരിധിയുണ്ടു്. അവ ഈ ലോകത്തിൽ വച്ചുതന്നെ അവസാനിക്കയും ചെയ്യും. മിശിഹായെക്കുറിച്ചുള്ള ജ്ഞാനമോ എന്നാൽ സ്വർഗ്ഗത്തിലെത്തിയാലും അവസാനിക്കയില്ല. ചന്ദനം അരക്കുമ്പോൾ സൗരഭ്യം പുറപ്പെടുവിക്കുന്നതുപോലെയും കരിമ്പു ചവക്കുമ്പോൾ രസം ഊറുന്നതുപോലെയും മിശിഹായെക്കുറി

പേക്ഷികങ്ങളാണെന്നു പറഞ്ഞാൽ, ലൗകികർക്കു വേണ്ട ജ്ഞാനം വൈദികർക്കും വൈദികർക്കു വേണ്ട ജ്ഞാനം ലൗകികർക്കും കൃഷിക്കാർക്കു വേണ്ട ജ്ഞാനം കച്ചവടക്കാർക്കും കച്ചവടക്കാർക്കു വേണ്ട ജ്ഞാനം കൃഷിക്കാർക്കും വൃദ്ധന്മാർക്കു വേണ്ട ജ്ഞാനം ബാലന്മാർക്കും ബാലന്മാർക്കു വേണ്ട ജ്ഞാനം വൃദ്ധന്മാർക്കും ആവശ്യമായിരിക്കുന്നില്ല. ഓരോരോ ജീവിതവൃത്തി അ

സ്ഥാപനയുടെ നിദാനം. പ്രസ്തുത ന്യായങ്ങളാൽ പ്രേരിതരായി കത്തോലിക്കരെല്ലാവരും പ്രതിദിനം ത്രിസന്ധ്യയിൽ ചൊല്ലിവരുന്ന ഒരു വാക്യത്തെക്കുറിച്ചിപ്പോൾ പരിചിന്തനത്തിനായി സ്വീകരിക്കാം.

വചനം മാംസമായി എന്നുള്ളതാണു് അതു്. മിശിഹായുടെ വചനമനുസരിച്ചു നടന്നെങ്കിലേ രക്ഷ കിട്ടുകയുള്ളു. അവൻ്റെ വ

ഭാഷാശാസ്ത്രത്തിലെ ഒരു നിയമം അനുസരിച്ചാണു് അതിനു് ഈ അർത്ഥം സിദ്ധിക്കുന്നതു്. പൊതുജനങ്ങൾ സമ്മതിച്ചാൽ ഒരു വാക്കിനു് ഇഷ്ടംപോലെ ഏതർത്ഥവും കല്പിക്കാം. അതിൻ്റെ ലൗകികാർത്ഥം എന്തായിരുന്നാലും ബാധകമായി വരികയില്ല. പൊതുജനസമ്മതി സമ്പാദിക്കണമെന്നുമാത്രം. അതിനു് ആവശ്യകമായ ചില ലക്ഷണങ്ങൾ ഉണ്ടായിരിക്കണമെന്നേയുള്ളു. അങ്ങനെയുള്ള ലക്ഷണസംയുക്തതയോടുകൂടിയതുതന്നെ വചനശബ്ദം. ലക്ഷണികമായിട്ടാണു് പുത്രൻതമ്പുരാൻ എന്ന അർത്ഥവും പ്രകൃത




Photo by Royal Studio, EKM

എറണാകുളം മെത്രാപ്പോലീത്തൻപള്ളിയിൽ മരിയൻജൂബിലി സമാപനം സംബന്ധിച്ച പൊന്തിഫിക്കൽ കുർബാനയിൽ ആദ്യകുർബാന സ്വീകരിച്ച കുട്ടികൾ

ഇനിയും ഉണ്ടായിട്ടില്ല. ഈ പോരായ്മ എന്നാണാവോ പരിഹരിക്കപ്പെടുക. അതുവരെ കാത്തിരുന്നു തൃപ്തിപ്പെടത്തക്ക ഒരു വിഷയമല്ലല്ലോ ക്രിസ്തുവിനെക്കുറിച്ചുള്ള അറിവു്. ആകയാൽ, അവസരോചിതമായി വല്ലതുമെങ്കിലും പഠിക്കയാണു് വേണ്ടതു്.

ഈശോമിശിഹാ ആരാകുന്നുവെന്നറിയുന്നതു് നിത്യജീവൻ ആണെന്നത്രെ യോഹന്നാൻ ഏവൻഗേലിസ്ഥാ പ്രസ്താവിച്ചിട്ടുള്ളതു്. അവിടത്തെക്കുറിച്ചു് എന്തുമാത്രം പഠിച്ചാലും അവസാനിക്കയില്ല. അവിടത്തെ ലക്ഷണങ്ങളും ഗുണങ്ങളും അപരിമിതമായിരിക്കുന്നതുതന്നെ അതിൻ്റെ കാരണം. അ

ച്ചുള്ള ജ്ഞാനം ചിന്തകന്മാരുടെ ജിജ്ഞാസയെ വർദ്ധിപ്പിച്ചുകൊണ്ടുതന്നെയിരിക്കും. സ്വർഗ്ഗത്തിലെ ഒരു വിശേഷവും അതത്രെ! "ക്ഷണേ ക്ഷണേ യന്നവതാമുപൈതി തദേവരൂപം രമണീയതായാഃ" എന്നു മാഘ മഹാകവി പ്രകീർത്തിച്ചിട്ടുള്ള സൗന്ദര്യം ദർശിക്കുവാൻ പോകുന്നതു് അവിടെ വച്ചാകുന്നു. അല്ലെങ്കിൽ സ്വർഗ്ഗീയസുഖം അപരിമിതമാണെന്നു പറയുന്നതിൽ അർത്ഥമില്ലല്ലോ

പ്രയോജനത്തെ ആസ്പദമാക്കി ചിന്തിച്ചാലും ക്രിസ്തുവിനെക്കുറിച്ചുള്ള ജ്ഞാനം നിസ്തുലമാണു്. അന്യമായ ജ്ഞാനങ്ങളെല്ലാം ആ

വലംബിക്കുന്നവർക്കു സജീവിതത്തിനു് ഉപകരിക്കുന്ന ജ്ഞാനമേ ആവശ്യകമായിരിക്കുന്നുള്ളു. ക്രിസ്തുവിനെക്കുറിച്ചുള്ള ജ്ഞാനമോ എന്നാൽ ഏതുതുറകളിലുള്ളവർക്കും സമുദായോദ്ധാരകന്മാർക്കും രാഷ്ട്രീയപ്രവർത്തകന്മാർക്കും എവർക്കും എല്ലാവർക്കും കൂടിയേ കഴിയുകയുള്ളു. ക്രിസ്തുവിനെക്കുറിച്ചുള്ള ജ്ഞാനത്തോടു താരതമ്യപ്പെടുത്തിയാൽ മറ്റുള്ള ജ്ഞാനമെല്ലാം വ്യർത്ഥമാണെന്നുപോലുമാണു് പൗലോസ് ശ്ലീഹാ പ്രസ്താവിച്ചിട്ടുള്ളതെന്നു് അറിയുന്നതും വിഹിതമായിരിക്കും. ക്രിസ്തുമാത്രം മനുഷ്യരുടെ സത്യവും ജീവനും വഴിയും ആയിരിക്കുന്നതാണു് ആ പ്ര

ചനം കേട്ടാൽ അവനൊരു പുണ്യവാനാണെന്നു തോന്നിപ്പോകും എന്നീ വാക്യങ്ങളിലുള്ള വചനശബ്ദത്തിൻ്റെ അർത്ഥമല്ല ചിന്താവിഷയമായ വാക്യത്തിലെ വചനത്തിനുള്ളതു്. വചിക്ക എന്നു പറയുന്ന വാക്കിൻ്റെ അർത്ഥം പറയുക എന്നാണു്. അതിൻ്റെ നാമരൂപമാണു് വചനം. സംഭാഷണം, പറച്ചിൽ എന്ന അർത്ഥവുമാണു് അതിനുള്ളതു്. വചനം മാംസമായി എന്ന വാക്യത്തിലെ വചനത്തിനോ എന്നാൽ പരിശുദ്ധപരമത്രിത്വത്തിലെ രണ്ടാമാളായ പുത്രൻതമ്പുരാൻ എന്നത്രെ വിവക്ഷ. കത്തോലിക്കർക്കെല്ലാവർക്കും അതു് അറിയുകയും ചെയ്യാം.

ത്തിൽ വന്നുകൂടിയിട്ടുള്ളതു്. ഹിന്ദുക്കൾക്കും മഹമ്മദീയർക്കും ഇതു് സ്പഷ്ടമായെന്നു വരികയില്ല. ഇതിനു് എങ്ങനെയാണു് ഈ ലക്ഷണം വന്നുകൂടുന്നതെന്നു സ്വല്പം വിശദീകരിക്കയും ചെയ്യാം.

ചിന്താശക്തിയുള്ള നമുക്കു് ഏതൊരു വസ്തുവിനെക്കുറിച്ചും വിചാരിക്കുവാൻ കഴിയുമല്ലോ. നമ്മൾ അതിനെ ചെയ്യുമ്പോൾ ആ വസ്തുവിൻ്റെ രൂപം നമ്മുടെ ബോധത്തിൽ വരുന്നുണ്ടു്. ആ രൂപത്തെ നിർദ്ദേശിക്കുന്നതിനു് നമ്മുടെ ഹൃത്തിൽനിന്നു പുറപ്പെടുന്ന ശബ്ദത്തിനത്രെ സാധാരണ ഭാഷയിൽ വചനത്തിൻ്റെ പ്ര

(ശേഷം 3-ാംപേജിൽ)

# സ്വർഗ്ഗറാണി

## "ആഡ്ചേലി റെജിനാം," എന്ന തിരുവെഴുത്തു്

(പരിഭാഷകൻ: റവ. ഫാദർ തോമസ് മൂത്തേടൻ എം. ഏ. ഡി. ഡി.)

(തുടർച്ച)

### മാർപ്പാപ്പാമാരുടെ സാക്ഷ്യം

സ്വർഗ്ഗറാണിയായ അമ്മയോടു ക്രിസ്തീയ ജനതയ്ക്കുള്ള ഭക്തി തങ്ങളുടെ സ്തുതികൾകൊണ്ടും ഉപദേശങ്ങൾകൊണ്ടും പ്രോത്സാഹിപ്പിക്കുകയും പ്രബലപ്പെടുത്തുകയും ചെയ്യേണ്ടതു തങ്ങളുടെ ചുമതലയാണെന്നു് തിരുസ്സഭയിലെ അത്യുന്നതരായ അജപാലകർ കരുതിയിരുന്നു. അടുത്ത കാലത്തെ മാർപ്പാപ്പാമാരുടെ സാക്ഷ്യങ്ങൾ മാററിവച്ചുകൊണ്ടു് മററു ചില സാക്ഷ്യങ്ങൾ കീഴ് ഉദ്ധരിക്കുവാൻ നാം ആഗ്രഹിക്കുന്നു. ഏഴാം ശതാബ്ദത്തിൽ ജീവിച്ചിരുന്ന വി. മാർട്ടിൻ ഒന്നാമൻ മറിയത്തെ "നിത്യകന്യകയും നമ്മുടെ പ്രതാപവതിയായ അമ്മയും" എന്നു സംബോധന ചെയ്തിട്ടുണ്ടു്. ആറാമത്തെ പൊതുസൂനഹദോസിലേക്കു് വി. ആഗതോ അയച്ച സിനഡൽ ലേഖനത്തിൽ മറിയത്തെ "യഥാർത്ഥത്തിൽ ദൈവമാതാവും നമ്മുടെ നാഥയുമെന്നു്" അദ്ദേഹം വിളിച്ചിരിക്കുന്നു. എട്ടാംശതാബ്ദത്തിൽ പാത്രിയാർക്കായിരുന്ന വി. ജെർമ്മാനൂസിനു് രണ്ടാംഗ്രിഗോരിയോസ് അയച്ചതും ഏഴാമത്തെ പൊതുസൂനഹദോസിൽ സഭാപിതാക്കന്മാരുടെ ഹർഷാരവത്തോടെ പാരായണം ചെയ്യപ്പെട്ടതുമായ ഒരു തിരുവെഴുത്തിൽ മറിയത്തെ "ദൈവത്തിന്റെ സത്യമാതാവും അഖിലരുടേയും നാഥയും" എന്നും "എല്ലാ ക്രിസ്ത്യാനികളുടേയും നാഥേ" എന്നും സംബോധനം ചെയ്തിട്ടുണ്ടു്.

ഒരു കാര്യംകൂടി അനുസ്മരിക്കുന്നതു് ഉത്തമമായിരിക്കും. ശാശ്വതസ്മരണാർഹനായ നമ്മുടെ പുരോഗാമി സിക്സ്റ്റസ് ചതുർത്ഥൻ ഭാഗ്യപ്പെട്ട കന്യകയുടെ അമലോത്ഭവത്തെപ്പററി അനുഭാവപൂർണ്ണമായ ഒരു നില സ്വീകരിച്ച "കും പ്രെഏക്സെത്സം" എന്ന ലേഖനം എഴുതിയപ്പോൾ (1) മറിയത്തെ "രാജ്ഞി" "താൻ പ്രസവിച്ച രാജാവിനോടു് ഉണർച്ചയോടുകൂടി മാദ്ധ്യസ്ഥം വഹിക്കുന്നവൾ" എന്നു വിളിച്ചാണു് ലേഖനം സമാരംഭിച്ചിരിക്കുന്നതു്. "ഗ്ലോറിയോസേ ഡോമിനേ" എന്ന ശ്ലൈഹികലേഖനത്തിൽ (2) പതിനാലാം ബെനഡിക്ടോസ് അതുതന്നെ വീണ്ടും എഴുതിയിട്ടുണ്ടു്. മറിയത്തെ അദ്ദേഹം "ഭൂമിയുടേയും സ്വർഗ്ഗത്തിന്റെയും രാജ്ഞി" എന്നു വിളിച്ചിരിക്കുന്നുവെന്നു് മാത്രമല്ല 'അത്യുന്നതരാജൻ തന്റെ ഭരണം ഒരുവിധത്തിൽ മറിയത്തെ ഏല്പിച്ചിരിക്കുന്നുവെന്നു" കൂടി പ്രസ്താവിച്ചു കാണുന്നു.

ആകയാൽ അൽഫോൺസ് ലിഗോരിപുണ്യവാൻ പ്രാചീനശതകങ്ങളിലെ സാക്ഷ്യങ്ങളെല്ലാം ചേർത്തു ഭക്തിസമന്വിതം ഇപ്രകാരം എഴുതിയിരിക്കുന്നു: "ഭാഗ്യപ്പെട്ട കന്യക രാജാധിരാജന്റെ അമ്മയാകേത്തക്കവിധം അത്രകണ്ടു് ഉന്നതമായ സ്ഥാനത്തേക്കു് ഉയർത്തപ്പെട്ടതിനാൽ തിരുസ്സഭ മറിയത്തെ ന്യായമായും യോഗ്യമായും രാജ്ഞി എന്ന സ്ഥാനം കൊണ്ടു് അലങ്കരിച്ചു."

### പൗരസ്ത്യതിരുക്കർമ്മഗ്രന്ഥങ്ങളുടെ സാക്ഷ്യം

നമ്മുടെ പിതാക്കന്മാരിൽനിന്നു് നമുക്കു പരമ്പരാഗതമായി സിദ്ധിച്ചിട്ടുള്ളതും ക്രിസ്തീയജനതയ്ക്കു് ഏല്പിച്ചിട്ടുള്ളതുമായ തത്വങ്ങളുടെ വിശ്വസ്തദർപ്പണമാണു് തിരുകർമ്മങ്ങൾ. കാലത്തിന്റെ മുന്നേററത്തിൽ പാശ്ചാത്യരാജ്യങ്ങളിലും പൗരസ്ത്യരാജ്യങ്ങളിലും തിരുകർമ്മങ്ങൾ സ്വർഗ്ഗരാജ്ഞിയുടെ സ്തുതികൾ പാടിയിട്ടുണ്ടു്; നിത്യമായി പാടിക്കൊണ്ടുമിരിക്കുന്നു.

പൗരസ്ത്യർ ഭക്തിതീഷ്ണതയോടെ പാടുന്നു: "ദൈവമാതാവേ, അങ്ങു് ഇന്നു സ്വർഗ്ഗത്തിലേക്കു മാററപ്പെട്ടിരിക്കുന്നു. വാഹനങ്ങളോടുകൂടെ ക്രോവേന്മാരും സ്രാപ്പേന്മാരും അങ്ങയെ ശുശ്രൂഷിക്കുന്നു. സ്വർഗ്ഗീയ സൈന്യനിരകൾ അങ്ങയുടെ മുമ്പിൽ പ്രണമിക്കുന്നു." (അർമ്മീനിയൻലിററർജി. സ്വർഗ്ഗാരോഹണത്തിരുനാളിന്റെ പ്രാർത്ഥനകൾ) വീണ്ടും നാം വായിക്കുന്നു: "നീതിമാനും ഭാഗ്യപ്പെട്ടവനുമായ മാർയൗസേപ്പേ, അങ്ങു രാജകുടുംബത്തിൽ ജനിച്ചവനാകയാൽ ഈശോരാജനെ അവർണ്ണനീയമായ രീതിയിൽ പ്രസവിച്ച നിർമ്മലരാജ്ഞിയുടെ ഭർത്താവായി സകലരിലുംവെച്ചു് അങ്ങു തിരഞ്ഞെടുക്കപ്പെട്ടു" (ബിസൻറയിൻ ലിററർജി.)

"അമ്മറാണിക്കു് ഞാൻ ഒരു കീർത്തനം പാടും. ആനന്ദത്തോടെ സ്തുതികൾ പാടുവാൻ ഞാൻ വരുന്നു. നാഥേ, ഞങ്ങളുടെ നാവിനു് അങ്ങയെ യോഗ്യമാകുംവണ്ണം സ്തുതിക്കുവാൻ ആവതില്ല; എന്തുകൊണ്ടെന്നാൽ ക്രിസ്തുരാജനെ പ്രസവിച്ച അങ്ങു് സ്രാപ്പേന്മാരേക്കാളും ഉയർത്തപ്പെട്ടിരിക്കുന്നു. ലോകറാണി സ്വസ്തി. സ്വസ്തി മറിയമേ സ്വസ്തി ഞങ്ങളുടെ എല്ലാവരുടേയും നാഥേ." (ബിസൻറയിൻ ലിററർജി)

എത്തിയോപ്പിയൻ കുർബാന പുസ്തകത്തിൽ നാം വായിക്കുന്നു: "മറിയമേ, അഖിലലോകത്തിന്റെയും കേന്ദ്രമേ, പല കണ്ണുകളുള്ള ക്രോവേന്മാരേക്കാളും ആറു ചിറകുകൾകൊണ്ടു് അലംകൃതരായ സ്രാപ്പേന്മാരേക്കാളും അങ്ങു വലിയവളാണു്. സ്വർഗ്ഗവും ഭൂമിയും അങ്ങയുടെ പ്രതാപത്തിന്റെ പരിശുദ്ധികൊണ്ടു നിറഞ്ഞിരിക്കുന്നു" (എത്തിയോപ്പിയൻ കുർബാന- ദൈവമാതാവും നമ്മുടെ നാഥയുമായ മറിയത്തിന്റെ കുർബാനയിൽനിന്നു്)

### ലത്തീൻപ്രാർത്ഥനകൾ

ലത്തീൻസഭയിൽ പ്രാചീനകാലം മുതൽക്കു് SALVE REGINA "രാജകന്യകേ" എന്ന മധുരമുള്ള കീർത്തനം പാടിവരുന്നതാണു്. മധുരങ്ങളായ മററു് ആന്തിഫോനകൾ സ്മരിക്കുക: സ്വർഗ്ഗരാജ്ഞി, സ്വസ്തി AVE REGINA COELORUM" "പരലോകരാജ്ഞി, അങ്ങു് ആഹ്ളാദിക്കുക" ദൈവമാതാവിന്റെ തിരുനാളുകൾക്കു് പാടുന്ന മററു പ്രാർത്ഥനകളിൽ ചിലതു ചേർക്കുന്നു: "വിവിധഭൂഷണങ്ങളോടുകൂടി സ്വർണ്ണവസ്ത്രമണിഞ്ഞു, അങ്ങയുടെ വലതുഭാഗത്തു രാജ്ഞി നില്ക്കുന്നു" "ഭൂമിയും ധ്രുവങ്ങളും പ്രബലരാജ്ഞിയായ അങ്ങയെ പാടിസ്തുതിക്കുന്നു." (സ്വർഗ്ഗാരോഹണത്തിരുനാളിന്റെ കീർത്തനങ്ങളിൽനിന്നു) "ഇന്നു കന്യകാമറിയം സ്വർഗ്ഗത്തിലേക്കു് ആരോഹണം ചെയ്തു. നിത്യമായി അവിടുന്നു് മിശിഹായോടുകൂടെ ഭരിക്കുന്നതിനാൽ നിങ്ങൾ സന്തോഷിക്കുവിൻ" (അതേദിവസത്തെ പ്രാർത്ഥനകളിൽനിന്നു്.)

ലൊരേത്തോമാതാവിന്റെ ലുത്തനിയായിൽ മറിയത്തെ വീണ്ടും വീണ്ടും രാജ്ഞിയെന്നു സംബോധനംചെയ്തു് അപേക്ഷിക്കുന്ന കാര്യവുംകൂടി മററു് സംഗതികളോടൊപ്പം അനുസ്മരണീയമാണു്. സ്വർഗ്ഗരാജ്ഞിയുടെ മരതകമകുടം എന്നു് സംബോധന ചെയ്യാവുന്ന മരിയൻജപമാലയിലെ മഹിമയുടെ അഞ്ചാംരഹസ്യത്തിൽ അനേക ശതാബ്ദങ്ങളായി ക്രിസ്ത്യാനികൾ ധ്യാനിക്കുന്ന ഒരു സംഗതിയാണു് മറിയത്തിന്റെ സാമ്രാജ്യം ആകാശവും ഭൂമിയും ആശ്ലേഷിക്കുന്നു വെന്നതു്.

### ചിത്രകല

ക്രിസ്തീയതത്വങ്ങളിൽ ആധിഷ്ഠിതവും അവയുടെ നിവേശനത്താൽ പ്രചലിതവുമാണു് ചിത്രകല. അതു ക്രിസ്തീയ വിശ്വാസികളുടെ വാസനാസംജാതമായ ഭക്തിയുടെ ആത്മാർത്ഥവും വിശുദ്ധവുമായ ബഹിർപ്രകാശനമാണു്. എഫേസൂസു സൂനഹദോസുമുതൽ മറിയത്തെ രാജ്ഞിയായും ചക്രവർത്തിനിയായും രാജകീയസിംഹാസനത്തിൽ ഇരിക്കുന്നതായും രാജകീയ ചിഹ്നങ്ങൾകൊണ്ടു സമലംകൃതയായും മണിമകുടം അണിഞ്ഞിരിക്കുന്നതായും മാലാഖാമാരുടേയും പുണ്യവാന്മാരുടേയും സന്നാഹങ്ങളാൽ സമാവൃതയായും പ്രകൃതിവസ്തുക്കളിലും ശക്തികളിലും മാത്രമല്ല. ദുഷ്ട പൈശാചികശക്തികളിലും കൂടി ഭരണം നടത്തുന്നതായും ചിത്രീകരിക്കുന്നു എല്ലാ കാലത്തും കൊത്തുപണികളിൽ ഭാഗ്യപ്പെട്ട കന്യകാമറിയത്തിന്റെ രാജകീയമഹത്വം സുന്ദരമായും സമർത്ഥമായും പ്രകാശിപ്പിച്ചിരിക്കുന്നതു കാണാം. നമ്മുടെ ദിവ്യരക്ഷകന്റെ അമ്മയെ പ്രോജ്ജ്വലമായ മകുടം ധരിപ്പിക്കുന്നതുംകൂടി പല വർണ്ണങ്ങളിൽ ചിത്രീകരിച്ചിട്ടുണ്ടു്.

ബഹുജനങ്ങളുടെ ഈദൃശമായ ഭക്തിയെ അംഗീകരിക്കുമാറു റോമൻ മാർപ്പാപ്പാമാർ പൊതുജനവന്ദനംകൊണ്ടു പ്രസിദ്ധങ്ങളായിത്തീർന്നിട്ടുള്ള കന്യകയായ ദൈവമാതാവിന്റെ പ്രതിമകളെ സ്വകരങ്ങൾ കൊണ്ടോ അല്ലെങ്കിൽ തന്റെ പ്രതിനിധികൾ വഴിയോ മുടിചൂടിച്ചിട്ടുണ്ടു്.

### ദൈവമാതൃസ്ഥാനം രാജ്ഞീപദത്തിനു നിദാനം

ബഹുമാനപ്പെട്ട സഹോദരന്മാരേ, മുമ്പു് പ്രസ്താവിച്ചിട്ടുള്ളതുപോലെ നമ്മുടെ പൂർവ്വികന്മാരുടെ പാരമ്പര്യത്തിലും തിരുകർമ്മങ്ങളിലും മറിയത്തിന്റെ രാജകീയ മഹത്വത്തിനു് നിദാനമായി നിലകൊള്ളുന്നതു് ദൈവമാതൃത്വമാണെന്നുള്ളതിനു യാതൊരു സന്ദേഹവുമില്ല. ഭാഗ്യപ്പെട്ട കന്യക ഗർഭം ധരിച്ച മകനെപ്പററി വേദപുസ്തകത്തിൽ ചില സ്ഥലങ്ങളിൽ ഇപ്രകാരം നാം വായിക്കുന്നു.

"അത്യുന്നതന്റെ പുത്രൻ" എന്നു അവൻ വിളിക്കപ്പെടും. കർത്താവായ ദൈവം അവിടുത്തേക്കു് അവിടുത്തെ പിതാവായ ദാവീദിന്റെ സിംഹാസനം നൽകും. യാക്കോബിന്റെ ഭവനത്തിൽ എന്നന്നേക്കും അവിടുന്നു വാഴും. അവിടുത്തെ രാജ്യത്തിനു് ഒരതിർത്തിയുമുണ്ടാകയില്ല." "കർത്താവിന്റെ അമ്മ"യെന്നും എഴുതപ്പെട്ടിട്ടുണ്ടു് (ലൂക്കാ 1,32.33.43; ഇതിൽനിന്നു് എളുപ്പത്തിൽ അനുമിക്കാവുന്നതാണു് മറിയം രാജ്ഞിയാണെന്നു്; കാരണം, മറിയം ഗർഭംധരിച്ച മകൻ വചനത്തോടു് ആളിനടുത്തവിധം ഐക്യപ്പെട്ട നിമിഷത്തിൽത്തന്നെ മനുഷ്യനെന്നനിലയിൽക്കൂടി രാജാവും സകല വസ്തുക്കളുടേയും നാഥനുമായിരുന്നു. അതിനാൽ സകാരണം വി ജോൺ ഡമസീൻ ഇപ്രകാരം എഴുതിയിരിക്കുന്നു: "മറിയം സ്രഷ്ടാവിന്റെ മാതാവായപ്പോൾ എല്ലാ സൃഷ്ടികളുടേയും നാഥയായിത്തീർന്നു" അതുപോലെ തന്നെ പറയാവുന്നതാണു് മറിയത്തിന്റെ രാജകീയ ചുമതലകൾ സ്വർഗ്ഗീയാധരങ്ങൾകൊണ്ടു് ആദ്യം അറിയിച്ചതു് ഗബ്രിയേൽ ദൈവദൂതനാണെന്നു്".

(തുടരും)

(1) 1476 ഫെബ്രുവരി 28
(2) 1748 സെപ്റ്റംബർ 27

വസന്തയിൽനിന്നും തിന്മയെക്കയിൽനിന്നും രക്ഷനേടുവാൻ വിശുദ്ധ സെബസ്ത്യാനോസേ, ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമെ.

വിശുദ്ധ സെബസ്ത്യാനോസിന്റെ സഹായത്താൽ രോഗശമനത്തിനു് ഉപകാരസ്മരണ. താമസിച്ചതിനു് ക്ഷമാപണം.

വി. ഏ. തോമസ്, മണ്ടളം

അസ്ഥിസ്രാവം, വാതം മൂലക്കുരു, ഗ്യാസ്ട്രബിൾ, രക്തക്ഷയം, ഏങ്ങൽ നീരിറക്കം, രക്തദൂഷ്യം മുതലായ രോഗങ്ങളാൽ നിരാശരായി കഴിയുന്നവർ കാളൻ കൊച്ചുവറിയ്ത് പാവുണ്ണി വൈദ്യൻ നെല്ലായി എന്ന വിലാസത്തിൽ എഴുതുക.

മാനേജർ

കാളൻ ആയുർവ്വേദ ഔഷധശാല

### നവപൂജ

വേനപ്പാറ: റവ. ഫാദർ ജയിക്കബ് നെടുംപിള്ളിൽ കാണ്ടിസെമ്മിനാരിയിൽ പട്ടമേററു വന്നു അദ്ദേഹത്തിന്റെ സ്വന്തം ഇടവകയായ വേനപ്പാറവച്ചു് പ്രഥമ ദിവ്യപൂജ നടത്തിയിരിക്കുന്നു. ദിവ്യപൂജയുടെ ഒടുവിൽ "ലാക്ആലാഹാ" എന്ന സ്തോത്രഗീതവും പാടി. തുടർന്നു നടത്തപ്പെട്ട അനുമോദനയോഗത്തിൽ ഫാദർ ഖെറുബിൻ ടി ഒ സി ഡി അദ്ധ്യക്ഷത വഹിച്ചു ഫാദർ ജയിക്കബ് നെടുംപള്ളി തലശേരി രൂപതയ്ക്കുവേണ്ടി ഗുരുപ്പട്ടം സ്വീകരിച്ച പ്രഥമ വൈദികനാണെന്നതും ഇത്തരുണത്തിൽ സ്മർത്തവ്യമത്രെ.



## ദി കാത്തലിക്ക് ബാങ്ക് ഓഫ് ഇന്ത്യാ (ക്ലിപ്തം)

(1938-ൽ സ്ഥാപിച്ചതു്)

ഹെഡാഫീസ്: ചങ്ങനാശേരി

ശാഖകൾ:— ആലപ്പുഴ, അതിരമ്പുഴ, ചങ്ങനാശേരി, ഇടത്വാ, കാഞ്ഞിരപ്പള്ളി, കോട്ടയം, മണിമല, തിരുവനന്തപുരം.

## അഭിവൃദ്ധി പത്രിക

| വർഷം | അടച്ചുതീർത്ത മൂലധനം | സ്ഥിരനിക്ഷേപം | ആകെ നിക്ഷേപം | പ്രവർത്തന മൂലധനം |
|---|---|---|---|---|
| 1946 | 4,75,420 | 9,90,671 | 15,39,463 | 21,80,311 |
| 1947 | 4,93,540 | 11,24,472 | 16,65,536 | 23,30,676 |
| 1948 | 5,50,490 | 12,16,474 | 17,09,083 | 24,63,575 |
| 1949 | 5,92,310 | 13,17,211 | 17,20,138 | 25,26,296 |
| 1950 | 5,95,250 | 15,49,027 | 20,90,505 | 28,57,573 |
| 1951 | 5,95,750 | 19.39,775 | 25,13,684 | 32,22,250 |
| 1952 | 5,97,150 | 20,91,306 | 26,63,760 | 33,67,402 |

എല്ലാവിധ ബാങ്കിംഗ് ഇടപാടുകളും നടത്തപ്പെടും.

കുഞ്ചെറിയാ ററി. മാറാട്ടുകളം എം. എ. (മാനേജിംഗ് ഡയറക്ടർ)

(1-ാംപേജ് തുടർച്ച)

യോഗം, എന്നാൽ മനസ്സിന്റെ ക്രിയയായ വിചാരത്തിനും വചനമെന്നർത്ഥമുള്ള Verbum, Logos, Word എന്ന ഉല്പ്പശബ്ദങ്ങളാണ് ലത്തീൻ ഗ്രീക്ക് ഇംഗ്ലീഷ് എന്നീ ഭാഷകളിൽ യഥാക്രമം സ്വീകരിക്കപ്പെട്ടിരിക്കുന്നതു്. നമ്മുടെ വിചാരത്തെ നിർദ്ദേശിക്കുന്നതിനു നമ്മൾ ഉപയോഗിക്കുന്ന ശബ്ദങ്ങൾതന്നെ ആണ് ചിൽസ്വരൂപനായ സർവ്വേശ്വരന്റെ വിചാരത്തെ നിർദ്ദേശിക്കുന്നതിനുവേണ്ടിയും താത്വികന്മാർ പ്രയോഗിച്ചുവരുന്നതു്. സർവ്വേശ്വരനും ചിന്തിക്കുന്നുണ്ടെന്നു പറയുന്നതിൽ അബദ്ധമില്ല. അവിടുന്നു തന്റെ സത്തയെക്കുറിച്ചു ചിന്തിക്കുന്നുണ്ടു്. ആ ചിന്തയുടെ ഫലമായ രൂപം അവിടുത്തെ സത്തയിൽനിന്നു വ്യതിരിക്തമായ ഒന്നാണെങ്കിലും താദാത്മ്യമുള്ള വചനമെന്ന ആളിനെ പുറപ്പെടുവിക്കുന്നു. വേദശാസ്ത്രജ്ഞന്മാർക്കു മാത്രമെ ഇതു് ശരിയായി ഗ്രഹിക്കുന്നതിനു കഴിയുകയുള്ളു. ഏതായാലും അവരുടെയിടയിൽ സർവ്വസമ്മതമായ ഒരു പ്രയോഗമാണ് ഇതെന്നു പ്രാമാണ്യത്തെ ആസ്പദമാക്കി സാധാരണക്കാരായ നമ്മൾ ഇപ്പോൾ ധരിച്ചാൽ മതിയാകും.


രക്തദൂഷ്യം
രക്തവാതം
രക്തസ്രാവം
രക്തസമ്മർദ്ദം
(ബ്ളഡ് പ്രഷർ)
നെഞ്ചിടിപ്പു്
(അമിതമായ ഹൃദയസ്പന്ദനം)
ഋതുകാലങ്ങളിലെ
വയറുവേദന
തലവേദന
നെഞ്ചുവേദന
പള്ളവേദന
ഛർദ്ദി
തലചുററൽ
വാതം

ഈ രോഗങ്ങൾക്കുവേണ്ടി ചികിത്സിച്ചു ചികിത്സിച്ചു നിരാശരായിത്തീർന്നിട്ടുള്ളവർ താഴെ കാണുന്ന വിലാസത്തിലെഴുതുക:

കാളൻ, നെല്ലായി


ദൈവത്തിൽ മൂന്നാളുകളുണ്ടെന്നു നമുക്കറിയാം. ക്രിസ്തുനാഥൻ തന്നെ അതു സ്പഷ്ടമായി വെളിപ്പെടുത്തിയിട്ടുമുണ്ടു്. ബാവാ പുത്രൻ റൂഹാദക്കുദ്ശാ ഇവരുടെ നാമത്തിൽ എല്ലാവരേയും ജ്ഞാനസ്നാനപ്പെടുത്തുവാൻ കല്പിച്ചുകൊണ്ടും, പിതാവിന്റേയും പരിശുദ്ധാത്മാവിന്റേയും നാമങ്ങൾ അനേകപ്രാവശ്യം പ്രസ്താവിച്ചുകൊണ്ടുമാണു് അവിടുന്നു് അങ്ങനെ ചെയ്തതു്. പോരെങ്കിൽ അവിടുന്നു ജ്ഞാനസ്നാനം സ്വീകരിച്ചപ്പോൾ ക്രിസ്തു തന്റെ പ്രിയപ്പെട്ട പുത്രനാണെന്നു പ്രകടമായി അറിയിച്ചുകൊണ്ടു് പിതാവും മാടപ്രാവിന്റെ രൂപത്തിൽ പ്രത്യക്ഷമായിക്കൊണ്ടു് പരിശുദ്ധാത്മാവും അവിതർക്കിതമായ ആവിഷ്കരണം നൽകിയിട്ടുണ്ടല്ലോ. ഇത്രയുംകൊണ്ടു വചനത്തിന്റെ പരിശോധന മതിയാക്കാം.

ഇനി മാംസശബ്ദമാണല്ലോ സ്വീകരിക്കേണ്ടതു്. മാംസമെന്നു പറഞ്ഞാൽ എന്താണെന്നു ആരോടെങ്കിലും പറഞ്ഞറിയിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. എന്നാൽ സാധാരണമായി നാം കല്പിക്കുന്ന ആ അർത്ഥം മാത്രമല്ല മാംസശബ്ദത്തിനു് പ്രകൃതത്തിൽ ഉള്ളതു്. മാംസശബ്ദത്തെ മനുഷ്യൻ എന്ന അർത്ഥത്തിൽ വേദപുസ്തകത്തിൽ പല സന്ദർഭങ്ങളിലും പ്രയോഗിച്ചിട്ടുള്ളതായി കാണാം. "ജഡം മുഴുവനും കർത്താവിന്റെ രക്ഷ കാണും" (ലൂക്കാ III 6) "ഭൂമിയിലെ ജഡം മുഴുവനും അതിന്റെ മാർഗ്ഗങ്ങളെ വഷളാക്കി" (ഉല്പത്തി VI—12) എന്ന വാക്യങ്ങളിലെല്ലാം ആരോപണംചെയ്തു് മനുഷ്യൻ എന്നാണു വിവക്ഷ. ആകയാൽ, വചനം മാംസമായി എന്ന വാക്യത്തിലും മാംസശബ്ദത്തിനു മനുഷ്യസ്വഭാവമെന്ന അർത്ഥമാണു കൊടുക്കേണ്ടതു്. ഇവിടെ ഈ പദംതന്നെ പ്രയോഗിച്ചുള്ള പ്രത്യേകമായ ഉദ്ദേശ്യത്തോടുകൂടിയാണെന്നും ധരിക്കേണ്ടിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ, ഈ പ്രയോഗംകൊണ്ടു് മനുഷ്യന്റെ ഉത്തമമായ അംശത്തെ മാത്രമല്ലാതെ അധമമായ അംശത്തെക്കൂടി അവതാരംമൂലം സ്വീകരിച്ചുവെന്നു ഒരു സൂചനകൂടി അന്തർഭവിച്ചിട്ടുണ്ടു്.

ഇനി ശേഷിച്ചിട്ടുള്ളതു് ആയി എന്നുള്ള പദംമാത്രമാണു്. ഇതുകൊണ്ടാണു് സ്വാത്വികയോഗമെന്ന ആ അതിഗഹനരഹസ്യത്തെ സംഗ്രഹിക്കുന്നതു്. സ്വാത്വം എന്നാൽ Personality പുരുഷത്വം അല്ലെങ്കിൽ ആൾ ആയിരിക്കുന്ന അവസ്ഥയെന്നാണു് അർത്ഥം. നമ്മൾ ഒരോരുത്തരും ഓരോരോ ആളുകളാണെന്നു പറയുന്നുണ്ടല്ലോ. ക്രിസ്തുവും നമ്മളെപ്പോലെ ഒരു ആൾ അല്ലെങ്കിൽ പുരുഷനായിരുന്നു. എന്നാൽ അവിടുന്നു ദൈവമായിരുന്നു. മനുഷ്യനുമായിരുന്നു. അതെ, അവിടുന്നു പരിപൂർണ്ണദൈവവും പരിപൂർണ്ണമനുഷ്യനും ആയിരുന്നു. എന്നിരുന്നാലും അവിടുന്നു ദൈവികനായ ഒരാൾമാത്രമായിരുന്നുതാനും. ഇവിടെയാണു് ദുർഗ്ഗ്രഹമായ രഹസ്യം അന്തർഹിതമായിരിക്കുന്നതു്. അവിടുന്നു ദൈവത്തിനടുത്ത പ്രവൃത്തികളും മനുഷ്യനടുത്ത പ്രവൃത്തികളും നിർവ്വഹിച്ചിരുന്നുവെന്നുള്ളതു് ഒരു ചരിത്രസംഭവമാകയാൽ അതിനെ ഒരുത്തനും നിഷേധിക്കുന്നതിനു സാധിക്കയില്ല. അവിടുന്നു ദൈവത്തിനുമാത്രം സാധിക്കുന്ന അത്ഭുതങ്ങൾ പ്രവർത്തിക്കയും പ്രവചനങ്ങൾ പുറപ്പെടുവിക്കയും ചെയ്തിട്ടുണ്ടു്. അവിടുന്നു ഇഷ്ടമുള്ളതെല്ലാം പഠിപ്പിക്കയും പാപങ്ങൾ പൊറുക്കുകയും തന്നിൽ വിശ്വസിക്കാതെ രക്ഷകിട്ടുകയില്ലെന്നു പ്രസ്താവിക്കുകയും പിശാചുക്കളുടെയും മാലാഖമാരുടേയും സജീവവസ്തുക്കളുടേയും നിർജ്ജീവവസ്തുക്കളുടേയുംമേൽ അധികാരം പ്രയോഗിക്കയും ചെയ്തതു് അനേകമനുഷ്യരുടെ സന്നിധിയിൽ വച്ചായിരുന്നു. എല്ലാററിലും പ്രധാനമായി മററു യാതൊരു മതസ്ഥാപകനും ചെയ്തിട്ടില്ലാത്തതുപോലെ താൻ ദൈവമാണെന്നു പ്രസ്താവിച്ചിട്ടുള്ള ഏകനായ ആൾ ക്രിസ്തുവാണെന്നും വിശേഷ്യ പ്രസ്താവിച്ചുകൊള്ളട്ടെ.

അതുപോലെതന്നെ അവിടുന്നു് ഒരു ശിശുവായിപ്പിറന്നു ബാലനായി വളർന്നു യുവാവായി വർത്തിച്ചു യഥാക്രമം പുരുഷപ്രായത്തിലെത്തി ജീവിച്ചിരുന്നതും എല്ലാവരും കണ്ടിട്ടുള്ളതാണു്. അപ്പോഴൊക്കെയും അവിടുന്നു നമ്മളെപ്പോലെ വിശപ്പും ദാഹവും അനുഭവിക്കുകയും തിന്നുകയും കുടിക്കുകയും ഉണ്ണുകയും ഉറങ്ങുകയും ചെയ്തിട്ടുള്ളതിനെ ആർക്കാണു നിഷേധിക്കുവാൻ കഴിയുക? സൃഷ്ടിക്കപ്പെട്ടവനും സൃഷ്ടിക്കപ്പെടാത്തവനും ആരംഭമുള്ളവനും ആരംഭമില്ലാത്തവനും സുഖദുഃഖങ്ങൾക്കും മരണത്തിനും വിധേയനും സുഖദുഃഖങ്ങൾക്കും മരണത്തിനും വിധേയനല്ലാത്തവനുമാണു താനെന്നു് അവിടുത്തേക്കു പറയാമായിരുന്നു. ഇതെങ്ങനെയാണു സാധിക്കുന്നതെന്നു ചോദിക്കുന്നുവെങ്കിൽ ദൈവത്തിനു സാധിക്കുമെന്നും സാധിച്ചുകഴിഞ്ഞുവല്ലോ എന്നുമാണു മറുപടി. ഇതാണു യുഗങ്ങൾക്കും തലമുറകൾക്കും മുമ്പു മറയ്ക്കപ്പെട്ടിരുന്ന രഹസ്യം. ഇതിൽ യാതൊരു യുക്തിഭംഗവുമില്ലെന്നു സ്ഥാപിക്കുവാൻ മാത്രമേ നമുക്കു കഴിയുകയുള്ളു. ദൈവസ്വഭാവും മനുഷ്യസ്വഭാവവും യാതൊരു വ്യത്യാസവും കൂടാതെ സ്ഥിതിചെയ്യവേതന്നെ ക്രിസ്തു ദൈവികനായ ഒരു ആൾ ആയിത്തീരുന്നതാകുന്നു രഹസ്യം. ഉജ്ജ്വലകിരണങ്ങളോടുകൂടി വിരാജിക്കുന്ന സൂര്യനു് ഈ ലോകത്തിൽ ഒരു പുതിയ ഭൂമികൂടി ആവിർഭവിക്കുകയും അതിനേക്കൂടി പ്രകാശിപ്പിക്കുകയും ചെയ്യേണ്ടിവന്നാലും തന്റെ ശോഭയ്ക്കോ പൂർണ്ണതയ്ക്കോ യാതൊരു ക്ഷതിയും ഭവിക്കയില്ലല്ലോ. അതുപോലെ സമസ്തശുഭലക്ഷണങ്ങളോടുകൂടിയവനും സകല ഗുണങ്ങളും തന്നിൽ നിരതരം സംഗ്രഹിച്ചിരിക്കുന്നവനുമായ ദൈവത്തിനു മനുഷ്യാവതാരം മൂലമായി യാതൊരുതരത്തിലുമുള്ള ഉൽകർഷമോ അപകർഷമോ വന്നിട്ടില്ലെന്നാണു വിജ്ഞാനംകൊണ്ടും വിശുദ്ധികൊണ്ടും പ്രഖ്യാതിനേടിയിട്ടുള്ള മഹാശാസ്ത്രജ്ഞന്മാർ സമർത്ഥിക്കുന്നതു് എന്നുകൂടി പ്രസ്താവിച്ചുകൊണ്ടു വാക്യവിചാരം അവസാനിപ്പിക്കുന്നു.

ഇത്ര കഷ്ടപ്പെട്ടു് ക്രിസ്തുവിനെക്കുറിച്ചു പഠിക്കുന്നതെന്തിനാണെന്നു ചോദിക്കുന്നുവെങ്കിൽ പറയാം. ദൈവത്തിൽ വിശ്വാസവും ശരണവും സ്നേഹവും സമർപ്പിച്ചെങ്കിലേ നമുക്കു രക്ഷകിട്ടുകയുള്ളു. അവയെ വർദ്ധിപ്പിക്കുവാൻ അവതാരത്തിൽ പിന്നിടാണു നമുക്കു കൂടുതൽ സൗകര്യം ലഭിച്ചിട്ടുള്ളതു്. അവിടുത്തെ അവതാരംവരെ നമുക്കു പ്രവാചകന്മാരുടേയും പ്രഭാഷകന്മാരുടേയും സാക്ഷ്യങ്ങളെ ഉണ്ടായിരുന്നുള്ളു. ഇപ്പോൾ അവതരിച്ച ദൈവത്തിന്റെ തിരുവാമൊഴികൾ തന്നെയാണു നമുക്കു കിട്ടിയിരിക്കുന്നതു്. അവതാരംമൂലം ക്രിസ്തു നമ്മുടെ സഹോദരനായിത്തീർന്നിരിക്കുന്നുവെന്നും നമ്മൾ സ്വർഗ്ഗത്തിന്റെ അവകാശികളാക്കിച്ചെയ്യപ്പെട്ടിരിക്കുന്നുവെന്നും അറിയുമ്പോൾ ശരണം വർദ്ധിപ്പിക്കുവാൻ കൂടുതലായി എന്താണു് ആവശ്യമായിരിക്കുന്നതു്. അറിയുന്നവിധത്തിൽ നമ്മെ സ്നേഹിച്ച ദൈവത്തോടു് തക്ക പ്രതിസ്നേഹം കാണിക്കാതിരിക്കുന്നതിനു് ആർ മുതിരും? പരിപൂർണ്ണനായ ദൈവം അദൃശ്യനാണു്. ദൃശ്യനായ മനുഷ്യൻ അപരിപൂർണ്ണനുമാണു്. ആകയാൽ നമുക്കു നമ്മുടെ ലക്ഷ്യസ്ഥാനമായ പരിപൂർണ്ണപദവിയിൽ എത്തുന്നതിനു് ഒരു ആദർശം വേണ്ടിയിരിക്കുന്നു. ദൈവവും മനുഷ്യനുമായ ക്രിസ്തുവിനെ ലഭിച്ചപ്പോൾ ആ പോരായ്മ എത്രയുമധികമായി പരിഹരിക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ടു്. 'നമ്മൾ പഠിക്കേണ്ടതു്' ആ ആദർശത്തെക്കുറിച്ചത്രെ. ഈദൃശരഹസ്യങ്ങളെക്കുറിച്ചു പഠിക്കുന്നതുതന്നെ എത്ര വലിയ സൗഭാഗ്യജനകമാണെന്നു പുണ്യവാന്മാരോടു ചോദിച്ചേ അറിയൂ. ആകയാൽ, ക്രിസ്തുവിനെക്കുറിച്ചു നമുക്കു പഠിക്കാം. പഠിക്കുമ്പോൾ അറിയും. അറിയുമ്പോൾ സ്നേഹിക്കും. സ്നേഹിക്കുമ്പോൾ അനുകരിക്കും. ആ അനുകരണസമ്പാദനമാണു ക്രിസ്ത്യാനിയുടെ ലക്ഷണം. ഈ ഉദ്ദേശ്യത്തോടുകൂടിയാണു് ഉണ്ണിയീശോയുടെ തിരുനാളാഘോഷങ്ങൾ സഫലങ്ങളാക്കിച്ചെയ്യേണ്ടതു്.

—൦—


കഥാപ്രസംഗം
ആന്റണി വെള്ളിയാങ്കണ്ടം
കഥകൾ:-
മഗ്ദലനമറിയം, മാർഗററു്, കെതകാന്തി, പീന്ദള, കരുണ, ചണ്ഡാലഭിക്ഷുകി, മൃണാളിനി, അഭക്തയചരിതം (ഗ്രീക്കു്), നളിനി, etc.
വിദഗ്ധമായ പാശ്ചാത്യസംഗീതം
For Booking apply to: പി. കെ കുര്യാക്കോസ്, ദീപിക ഏജന്റ്, തൊടുപുഴ


# ബാൻദ്രായിലെ മൗണ്ടുമേരി ദൈവാലയം

## പുതിയ ബസിലിക്കായുടെ ചരിത്രം

(കുര്യാക്കോസ് പുത്തൻപുര, ബോംബെ)

മരിയൻ നാഷനൽ കോൺഗ്രസ്സിനോടനുബന്ധിച്ചു് നടന്ന പ്രധാന ചടങ്ങുകളിലൊന്നാണു് ബോംബെ അതിരൂപതയിൽപ്പെട്ട ബാൻദ്രായിലെ മൗണ്ടുമേരി ദൈവാലയത്തെ ഒരുചെറിയ ബസിലിക്കായായി പ. പിതാവു് XII-ാം പീയൂസ് മാർപ്പാപ്പാതിരുമനസ്സുകൊണ്ടു് ഉയർത്തിയതിന്റെ ഔപചാരികപ്രഖ്യാപനം. ഇൻഡ്യയിലെ പ്രഥമ ബസലിക്കായായ ഈ പള്ളിയുടെ ചരിത്രം രസാവഹവും പ്രയോജനകരവുമായിരിക്കുമെന്നു കരുതുന്നു.

ഇപ്പോൾ കാണുന്ന മനോഹരമായ മൗണ്ട്മേരി ദൈവാലയം അതേസ്ഥാനത്തു നിർമ്മിച്ചിട്ടുള്ള നാലാമത്തെ പള്ളിയാണു്. ആദ്യത്തേതു് 1566-ൽ ഈശോസഭക്കാർ പണിയിച്ച ഒരു രഹസ്യപ്രാർത്ഥനാലയമായിരുന്നു. 1640-ൽ അതു കൂടുതൽ വലുപ്പത്തിൽ ഒരു പരസ്യകപ്പേളയായി പുതുക്കിപ്പണിയുകയും, അന്നു് ആഗ്വാഡായിൽ ഉണ്ടായിരുന്ന പട്ടാളക്കാരുടെ ആത്മികാവശ്യങ്ങൾക്കായി ഉപയോഗിച്ചു തുടങ്ങുകയും ചെയ്തു. ഇന്നു നഷ്ടശിഷ്ടങ്ങളായി ശേഷിച്ചിരിക്കുന്ന ഭാന്ദ്രാകോട്ടയുടെ പ്രവേശനദ്വാരത്തിൽ പ്രസ്തുത കപ്പേളയുടെ നിർമ്മാണകാലം രേഖപ്പെടുത്തിയിട്ടുണ്ടു്. അന്നു ബാൻദ്രായിലുണ്ടായിരുന്ന അനേകം ബ്രഹ്മാണ്ഡങ്ങളായ ദൈവാലയങ്ങളെ അപേക്ഷിച്ചു് ഈ കപ്പേള ഏററം വിനീതമായ ഒന്നായിരുന്നു. കേവലം അലങ്കാരരഹിതമായ ഒരു ബലിപീഠത്തിലാണു് മറിയത്തിന്റെ പ്രതിമ സ്ഥാപിച്ചിരുന്നതു്. അന്നു് മറിയത്തിന്റെ തിരുനാൾ ഇന്നത്തെപ്പോലെ ആഘോഷപൂർവ്വം കൊണ്ടാടിയിരുന്നില്ല.

1738-ലുണ്ടായ സൈനികപ്രവർത്തനങ്ങൾക്കിടയിൽ പ്രസ്തുത കപ്പേള അഗ്നിക്കിരയായി. അത്ഭുതാവഹമായ വിധത്തിൽ മാതൃപ്രതിമ സംരക്ഷിക്കപ്പെട്ടു. പരിപാലനകൊണ്ടെന്നേ പറയേണ്ടു. ആ പ്രതിമ കുന്നിന്റെ അടിവാരത്തിലുള്ള കടലിലേക്കെറിയപ്പെടുകയാണുണ്ടായതു്. ബാൻദ്രായിക്കടുത്തുള്ള പാറക്കെട്ടുകളിലേക്കു് ആ മാതൃപ്രതിമ ഒഴുകിവന്നുവെന്നും, മാഹിമിലുള്ള വി. മൈക്കിൾ പള്ളിയിടവകയിൽപ്പെട്ട കുറെ മീൻപിടുത്തക്കാർ അതു് കണ്ടെടുത്തു തങ്ങളുടെ പള്ളിയിൽ കൊണ്ടുപോയി സൂക്ഷിച്ചുവെന്നും, മാതാവിന്റെ പുരാതനവും മനോഹരവുമായ ആ പ്രതിമ കേടുകൂടാതെ തിരിച്ചുകിട്ടിയ സാഹചര്യങ്ങൾ ജനങ്ങളുടെ ഹൃദയങ്ങളെ സ്പർശിച്ചുവെന്നും തൽഫലമായി, ബാൻദ്രാകുന്നിൽ അഗ്നിക്കിരയായ കപ്പേളയുടെ സ്ഥാനത്തു പുതുതായി ഒന്നു പണിയുന്നതിനു് അവർ തീരുമാനിച്ചുവെന്നുമാണു് പാരമ്പര്യം ഘോഷിക്കുന്നതു്.

പുതിയ കപ്പേളയുടെ നിർമ്മാണം 1761 ആദ്യം തന്നെ ആരംഭിച്ചു; പണി അതിവേഗം പുരോഗമിച്ചു. അക്കൊല്ലം തന്നെ സെപ്റ്റംബർ 8-ാംതിയതിക്കുമുമ്പു് പണി പൂർത്തിയായി. സെപ്റ്റംബർ 8-ാംനു ആഡംബരപൂർവ്വകമായ ഒരു ഘോഷയാത്രയുടെ അകമ്പടിയോടുകൂടി മാതാവിന്റെ പുരാതനപ്രതിമ മാഹിയിൽനിന്നു് സംവഹിക്കപ്പെടുകയു, പുതിയ കപ്പേളയിൽ സ്ഥാപം


Thanksgiving
For Favours Received
through the intercession of
St. Jude Thaddeus



Excuse delay
By Bro. Boniface Kalathil


ക്കപ്പെടുകയും ചെയ്തു. അന്നാണു്, മാതാവിന്റെ തിരുനാൾ ആർഭാടപൂർവ്വം ആഘോഷിച്ചതു്. കപ്പേളയുടെ പ്രസിദ്ധി അചിരേണ പ്രചരിക്കുകയും അതൊരു തീർത്ഥകേന്ദ്രമായിത്തീരുകയും ചെയ്തു. നേർച്ചകൾ നേരുന്നതിനും തീർക്കുന്നതിനും അനുഗ്രഹങ്ങൾക്കു നന്ദി പ്രകാശിപ്പിക്കുന്നതിനുമായി അനവധി ഭക്തജനങ്ങൾ ആ കപ്പേളയിൽ ഓടിക്കൂടി വന്നു. തീർത്ഥകരുടെ സംഖ്യ വർദ്ധിച്ചുകൊണ്ടേയിരുന്നു.

മൂന്നാമത്തെ ഈ കപ്പേള ബലമേറിയ കൽഭിത്തികളോടുകൂടിയതും നിർമ്മാണരീതിയിലും ബാഹ്യഭംഗിയിലും സമകാലികങ്ങളും ഇന്നും നിലനില്ക്കുന്നതുമായ ബോംബെയിലെയും സമീപപ്രദേശങ്ങളിലെയും കെട്ടിടങ്ങളോടു കിടപിടിക്കുന്നതുമായിരുന്നു. തീർത്ഥകരുടേയും സംഖ്യ വർദ്ധിച്ചതോടുകൂടി കപ്പേളയിൽ സ്ഥലസൗകര്യമൊട്ടുമില്ലെന്നു തോന്നുകയാൽ കൂടുതൽ വലുപ്പമുള്ള

ഒരു പള്ളി ആവശ്യമായിവന്നു. ആകയാൽ 1761-ൽ പഴയ കപ്പേള പൊളിച്ചു കളയുകയും തൽസ്ഥാനത്ത് ഇപ്പോൾ കാണുന്ന മനോഹരവും ബലവത്തരവുമായ പള്ളി നിർമ്മിക്കുകയും ചെയ്തു.

സർജാം സെററ്സി ജിജിബായ് എന്ന ഒരു പാഴ്സി ഇടപ്രഭുവിന്റെ നാമം മൌണ്ടുമേരിദേവാലയവുമായി വളരെ ബന്ധപ്പെട്ടിരിക്കുന്നുവെന്ന വസ്തുത അധികമാരും അറിഞ്ഞിരിക്കയില്ല. ദൈവാലയത്തിലേക്കുള്ള വിസ്തൃതമായ റോഡ് അദ്ദേഹത്തിന്റെ ഉദാരമായ സംഭാവനയാണ്. ഒരു നേർച്ച തികയ്ക്കുന്നതിനാണ് റോഡ് അദ്ദേഹം നിർമ്മിച്ചത്. ധനസമ്പത്തിനാൽ അനുഗൃഹീതരായിരുന്ന ജിജിബായിക്കും പത്നിക്കും മൂന്നു പുത്രന്മാരുണ്ടായിരുന്നെങ്കിലും പുത്രിമാരില്ലായിരുന്നു. ഒന്നിലധികം പെൺകുട്ടികൾ അവർക്കു ജനിച്ചെങ്കിലും ആരും മൂന്നുവയസ്സിൽ കൂടുതൽ ജീവിച്ചില്ല; ഇതവരെ ദുഃഖിതരാക്കി. ജിജിബായി തന്റെ സഹപ്രവർത്തകനായിരുന്ന സർ റോജർ ഫെരിയായെ ഈ ദുർഭഗസ്ഥിതി അറിയിച്ചു ഒരു പുത്രി ജനിക്കുകയും അവൾ ഏഴു വയസ്സുവരെ ജീവിക്കുകയും ചെയ്യുന്നപക്ഷം മാഹിയിൽനിന്നും ബാന്ദ്രാ ദൈവാലയത്തിലേക്കു ഒരു റോഡു നിർമ്മിച്ചുകൊള്ളാമെന്നു മേരി മൌണ്ടിന്റെ നാമകാരണയായ മാതാവിനു ഒരു നേർച്ച നേരുവാൻ സർ റോജരും അദ്ദേഹത്തിന്റെ മകൻ ഡോനാമർഗരീസായും ഉപദേശിച്ചു. ഇടപ്രഭു ആദ്യം വൈമുഖ്യം പ്രദർശിപ്പിച്ചെങ്കിലും, മാതാവിന്റെ മാദ്ധ്യസ്ഥത്താൽ സംഭവിച്ചിട്ടുള്ള അനേകം അത്ഭുതങ്ങളെപ്പററിയും അക്രൈസ്തവരായ അനേകരുടെ ഭക്തിപ്രകടനങ്ങളെപ്പററിയും മർഗരീസാ പറഞ്ഞു കേൾപ്പിച്ചപ്പോൾ അദ്ദേഹം സമ്മതിക്കുകയും മർഗരീസാതന്നെ, തന്റെ പേർക്കു നേർച്ച നേരുവാൻ അപേക്ഷിക്കുകയും ചെയ്തു. മർഗരീസാ മേൽപറഞ്ഞ വാഗ്ദാനം ഒരു കടലാസിലെഴുതി മാതാവിന്റെ പ്രതിമയുടെ പാദങ്ങളിൽ നിക്ഷേപിച്ചു

അചിരേണ ജാംസെററ്ജി ദമ്പതികൾക്കു ഒരു പുത്രി ജാതയായി. കുട്ടിക്ക് ഏഴുവയസ്സു തികയുന്നതുവരെ ഓരോ കൊല്ലവും അവർ തങ്ങളുടെ വാഗ്ദാനം നവീകരിച്ചുകൊണ്ടിരുന്നു. അവൾ കെട്ടുവയസ്സു തികഞ്ഞപ്പോൾ മർഗരീസാ, നേർച്ചയെപ്പററി ജാംസെററ്സിയെ അനുസ്മരിപ്പിക്കുകയുണ്ടായി. പെറോജ്ബായി (അതായിരുന്നു ആ ഓമനമകളുടെ പേർ) യുടെ പിതാവ് വാഗ്ദാനം യഥാവിധി നിറവേററുവാൻ അത്യുത്സാഹം പ്രദർശിപ്പിച്ചു. നേർച്ച അനുസരിച്ച് റോഡുതീർത്തതിനു പുറമെ മാതാവിന്റെ പ്രതിമയുടെ കണ്ഠത്തിൽ ഒരു പവിഴമാല്യം അർപ്പിക്കുകയും ചെയ്തു. ഇന്നും പ്രധാന തിരുനാളുകളിൽ ഈ പവിഴമാല മാതൃപ്രതിമയെ അലങ്കരിക്കുന്നു. "ബോവോൻജി ഗോവണി" എന്നറിയപ്പെടുന്ന ഒരു ഗോവണിയും സർ ജാംസെററ്സി പണിയിച്ചതാണ്. ആ കുടുംബാംഗങ്ങളുടെ എവരുടെയും ആയുസ്സിനെ അതിലംഘിച്ച പെറോജ്ബായ 72 വയസ്സുവരെ ജീവിച്ചു. മർഗരീസായും അത്രയും കാലമാണ് ജീവിച്ചിരുന്നത്. മഹിംബാന്ദ്രാ റോഡും "ബോവോൻജി ഗോവണി"യും അവയുടെ നിർമ്മാണത്തിനു പ്രേരകമായ വിശ്വാസത്തിനു ശാശ്വതസാക്ഷ്യം വഹിച്ചുകൊണ്ടു ഇന്നും നിലനില്ക്കുന്നു.'


## "3 മാസം"

മാററർ തയ്യാറാക്കുന്നതിനുള്ള സമയം കുറവായതുകൊണ്ട് "കാളൻ'സ് ബുള്ളററിന്റെ" ഡിസംബർമാസത്തെ 20-ാം ലക്കം പ്രസിദ്ധീകരിച്ചിട്ടില്ലെന്നും, മേലാൽ മൂന്നു മാസം വീതം കൂടുമ്പോൾ മാത്രമെ ബുള്ളററിൻ പ്രസിദ്ധീകരിക്കുകയുള്ളുവെന്നും മാന്യ വായനക്കാരെ അറിയിച്ചുകൊള്ളുന്നു.

കാളൻ, നെല്ലായി


## ഇടവകവാർത്തകൾ

**എടത്വാ:** സ്ഥലം ലൂർദ്ദുപള്ളിയിലെ മരിയൻ ജൂബിലി നവമ്പർ 28-ാംനു ഞായറാഴ്ച ഏററവും മോടിയായി കൊണ്ടാടിയിരിക്കുന്നു.

**എലിക്കുളം:** മി. ടി ജെ ജോസഫ് ബി എ തെക്കേമംഗലത്ത് അവർകളും, മി ജോസഫ് ഒട്ടേലാങ്കൽ അവർകളുടെ സീമന്തപുത്രി മറിയക്കുട്ടിയും തമ്മിലുള്ള വിവാഹം സ്ഥലം ദേവാലയത്തിൽവച്ച് നവമ്പർ 22-ാംനു സമംഗളം നടത്തപ്പെട്ടു.

**ചിററാട്ടുകര:** സ്ഥലം സെൻറ് വിൻസെൻറ് ഡി പോൾ സംഘത്തിന്റെ 7-ാം വാർഷികം പെ: ബ: മോൺ: സെബാസ്ത്യൻ ചിറയത്തു ജെ യു ഡി അവർകളുടെ അദ്ധ്യക്ഷതയിൽ നവമ്പർ 21-ാംനു നടത്തപ്പെട്ടു. മി. പോൾ മാൻവെട്ടം ബി എ, ബി എൽ പ്രസംഗിച്ചു.

**ഉപ്പുതറ:** 1954 നവമ്പർ 14-ാംനു മുതൽ ഒരാഴ്ചത്തെ ധ്യാനം കപ്പൂച്ചിനച്ചന്മാർ നടത്തി. മുന്നേകാൽ മൈൽ പരിഹാരപ്രദക്ഷിണവും ഉണ്ടായിരുന്നു. 22-ാംനു തിങ്കളാഴ്ച ചങ്ങനാശേരി മെത്രാൻ നി. വ. ഭി. ശ്രീ മാത്യു കാവുകാട്ട് തിരുമനസ്സിലെ വിസിത്തയും ഉണ്ടായിരുന്നു. 23-ാംനു കട്ടപ്പന, കാഞ്ചിയാർ, കൽതൊട്ടിയും 24-ാംനു മേരികുളം, ചിന്നാർ, ചെമ്മണ്ണ്, പുളിങ്കട്ട എന്നി ഇടവകകളിലും തിരുമേനി വിസിത്ത നടത്തി.

**ഇടമൺ:** സ്ഥലം ഹോളി ഫാമിലി സ്കൂളിൽവച്ചു നവമ്പർ 27-ാംനു കുമാരി ലീലയുടെ "കാനനസ്ഥനം" എന്ന കഥയെ ആസ്പദമാക്കിയുള്ള കഥാപ്രസംഗവും, ഹിന്ദി ഗാനങ്ങൾ ആലപിച്ചു കൊണ്ടുള്ള ഡാൻസും നടന്നു. കാഥികയെ അനുമോദിച്ച് കെ കെ എം ഇട്ടിരാച്ചൻ ആനത്താനം ഒരു പണക്കിഴിയും, റിട്ടയാർഡ് ജഡ്ജി ജോർജ് വറുഗീസ് ബി എ ബി എൽ ഒരു സ്വർണ്ണമെഡലും സമ്മാനിച്ചു. മററു പല സമ്മാനങ്ങളും ലഭിക്കുകയുണ്ടായി.

**ചെങ്ങളം:** മൂന്നുകൊല്ലക്കാലം ഇവിടെ ഭരണംനടത്തിയശേഷം സ്ഥലംമാറിപ്പോയ റവ. ഫാദർ ജയിക്കബ് കാഞ്ഞിരത്തിനാൽ അവർകൾക്കു സെൻറ് ആൻറണിസ് സ്കൂൾ വകയായും ഇടവകക്കാരുടെ വകയായും യാത്ര അയപ്പു നൽകിയിരിക്കുന്നു. വെള്ളി കാസയും അനേകം ബൊക്കെകളും സമ്മാനിച്ചു. അദ്ദേഹത്തിന്റെ പുതിയ പ്രവർത്തനരംഗമായ തെക്കനാട്ടുകര പള്ളിവരെ ഇടവകപ്രതിനിധികൾ അദ്ദേഹത്തെ കാറുകളിൽ അനുയാത്രചെയ്തു.

**എൽത്തുരുത്ത്:** സെൻറ് അലോഷ്യസ് ബോർഡിംഗ് ഹൌസിൽ സ്ഥാപിതമായിരിക്കുന്ന മരിയസഖ്യത്തിന്റെ വാർഷികമഹാമഹം നവമ്പർ 28-ാം തിയതി ഞായറാഴ്ച ഉച്ചതിരിഞ്ഞ് ശ്രീമാൻ പി. ഡി. തൊമ്മൻ എം എ ബി എൽ (ഡിസ്ട്രിക്ട് ആൻറ് സെഷൻസ് ജഡ്ജി തൃശൂർ) അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ സാഘോഷം കൊണ്ടാടപ്പെട്ട മീററിംഗിനുശേഷം "അഭഗനമ്മ" എന്ന പ്രഹസനം മരിയസഖ്യാംഗങ്ങൾ തന്മയത്വമായി അഭിനയിച്ചു.

**പുത്തൻപള്ളി:** ഈ ഇടവകയിലെ കമ്മലിത്താ അൽമായ മൂന്നാംസഭയുടെയും, മാതൃസംഘത്തിന്റേയും സംയുക്തസമ്മേളനം സിറിയൻ കമ്മലിത്താസഭ പ്രിയോർജനറാൾ വെരി റവ. ഫാ മാവുരുസ് ടി ഒ സി ഡി അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി. ജസ്റ്റിസ് മി. ജോസഫ് വിതയത്തിൽ ഉൽഘാടനപ്രസംഗംചെയ്തു. ശ്രീമതി മേരി ജേക്കബ് എം എ എൽ എൽ ബി ബി ടി, ശ്രീ പി. വി. ചെറിയാൻ ബി എസ്സ്സി എന്നിവർ പ്രസംഗിച്ചു യോഗാനന്തരം സൊഡാലിററി പെൺകുട്ടികൾ "ദേവകിയമ്മാൾ" എന്ന പ്രഹസനം അഭിനയിച്ചു.


## Thanksgiving

For favours received through the intercession of St. Jude.

John Figueiredo
Palluruthy


**കിഴക്കമ്പലം:** സെൻറ് വിൻസെൻറ് ഡി പോൾ സംഘത്തിന്റെയും മരിയൻ സംഖ്യത്തിന്റെയും വാർഷികയോഗം ഡിസമ്പർ 5-ാംനു ഞായറാഴ്ച സെൻറ് ആൻറണിസ് സ്കൂൾ ഹാളിൽവച്ച് റവ ഫാദർ മാത്യു വടക്കൻ അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. പുതുതായി മിഷൻലിഗ് ഉൽഘാടനം അദ്ധ്യക്ഷൻ നിർവ്വഹിച്ചു മിസ്സിസ് ബൾഗേറിയ അലക്സ് ബി എ ബി ടി, ശ്രീ കെ ടി ജോസഫ് കൂടപ്പുഴ എന്നിവർ പ്രസംഗിച്ചു. ഇടസ്കൂളിടക്ക് കുട്ടികളുടെ വിനോദപ്രകടനങ്ങളും ഉണ്ടായിരുന്നു.

**ചെമ്പിളാവ്:** ആഗ്രാമിഷനുവേണ്ടി തൃശിനാപ്പള്ളി സെൻറ് പോൾസ് സെമ്മിനാരിയിൽ വൈദികപഠനം പൂർത്തിയാക്കിയ റവ പി എം ജോസഫ് പുതേട്ട് (പയ്യാത്തുമററം) നവമ്പർ 30-ാംനു തൃശിനാപ്പള്ളി മെത്രാൻ തിരുമേനിയിൽനിന്നു പുരോഹിതപട്ടം സ്വീകരിക്കുകയും, ഡിസമ്പർ 2-ാംനു സ്വന്തം ഇടവകയായ ചെമ്പിളാവ് ചെറുപുഷ്പദേവാലയത്തിൽ പ്രഥമ ദിവ്യബലി അർപ്പിക്കുകയുംചെയ്തു. റവ ഫാദർ പരുവനാനി എം എ തദവസരത്തിൽ ഒരു പ്രസംഗംചെയ്തു. നവവൈദികനെ അനുമോദിക്കുന്നതിനായി കൂടിയ പൊതുയോഗത്തിൽ റവ ഫാദർ തോമ്മസ് മുത്തേടത്ത് അദ്ധ്യക്ഷതവഹിച്ചു. റവ ഫാദർ ജോസഫ് വേഴേമ്പത്തോട്ടം, റവ ഫാദർ ജോസഫ് ചൊവ്വാററുകുന്നേൽ ശ്രീ ടി ജെ ജോസഫ് എന്നിവർ പ്രസംഗിച്ചു സൊഡാലിററി, മിഷൻലിഗ്, ഇടവകക്കാർ എന്നിവരുടെ വകയായി ബൊക്കെകളും, സമ്മാനങ്ങളും നൽകപ്പെട്ടു.

**കിഴവള്ളൂർ:** ഈ ഇടവകയിലെ കൃഷിക്കാരായ യുവാക്കളുടെ മിഷൻചൈതന്യം വർദ്ധിച്ചുവരുന്നു എന്നുള്ളതിനു ഒരു ദൃഷ്ടാന്തമാണ് "തണ്ണിത്തോട്ട മിഷൻ." റാന്നി റെയിഞ്ചിൽ മണ്ണാറമുഴിക്ക് അടുത്തുള്ള ഒരു കൃഷിസ്ഥലമാണ് ഈ മിഷൻകേന്ദ്രം. ഇവിടത്തെ കത്തോലിക്കരുടെ മതപരമായ ആവശ്യങ്ങൾ സാധിക്കുന്നതിനു കിഴവള്ളൂർ പള്ളി വികാരി റവ ഫാദർ വറുഗീസ് വടശ്ശേരി, കാർമലപള്ളി വികാരി റവ ഫാദർ ഗീവറുഗീസ് കുററിയിൽ, റവ ഡീക്കൻ മാത്യു എന്നിവർകൂടി തണ്ണിത്തോട്ടിൽ എത്തുകയും സ്ഥലത്തുള്ള ഒരു താൽക്കാലഷെഡ്ഡിൽ ആഗസ്റ്റു മാസത്തിൽ റവ ഫാ ഗീവറുഗീസ് കുററിയിൽ വി. കർബാന അർപ്പിക്കുകയുംചെയ്തു. അതിനുശേഷം ഒരു ചെറിയ ചാപ്പൽ പണിയിക്കുകയും മാസത്തിലൊരിക്കൽ വി കുർബാന അർപ്പിക്കപ്പെട്ടുവരികയും ചെയ്യുന്നു. ഈ ഇടവകാംഗങ്ങൾക്കു കത്തോലിക്കാമത സംബന്ധമായ പ്രസിദ്ധീകരണങ്ങൾ കിട്ടുന്നതു വളരെ പ്രയോജനപ്രദമായിരിക്കും. ഉദാരമതികളായ സഹോദരങ്ങൾ പ്രസ്തുത പ്രസിദ്ധീകരണങ്ങൾ സൗജന്യമായി ബ. വികാരിയച്ചൻ, കാർമലപ്പള്ളി, കോന്നി എന്ന മേൽവിലാസത്തിലോ, ശ്രീമാൻ വറുഗീസ് വലിയപറമ്പിൽ, കിഴവള്ളൂർ, കോന്നി എന്ന മേൽവിലാസത്തിലോ അയച്ചുതന്നു സഹായിക്കണമെന്നഭ്യർത്ഥിക്കുന്നു.

## ചരമവാർത്തകൾ

ഉപ്പുതറ സെൻറു ഫിലോമിനാപള്ളി ഇടവക മള്ളൻമാക്കൽ ചാക്കോ തൊമ്മൻ തന്റെ 78-ാമത്തെ വയസ്സിൽ വാർദ്ധക്യസഹജമായ സുഖക്കേടുനിമിത്തം നവംബർ 26-ാംതിയതി രാത്രി 9-30നു കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. പിറേറദിവസം വയലുങ്കൽ ബ അലക്സാണ്ടർ അച്ചന്റെ പ്രധാന കാർമ്മികത്വത്തിലും ഒരു വലിയ ജനാവലിയുടെ സാന്നിദ്ധ്യത്തിലും മൃതദേഹം സംസ്കരിക്കപ്പെട്ടു.

രാമപുരം വടക്കുംഭാഗം സെൻറു തോമസ് സൺഡേസ്കൂൾ വിദ്യാർത്ഥിനിയായ മൂന്നര വയസ്സുപ്രായമുള്ള കെ. വി. മേരി കൊടിയംകുന്നേൽ നവംബർ 26-ാംതിയതി കർത്താവിൽ നിദ്രപ്രാപിച്ചു കുട്ടിക്കു പ്രായമത്ത അധികരിച്ചുള്ള ബുദ്ധിയും ഭക്തിയുമുണ്ടായിരുന്നു. മരിക്കുന്നതിനു മൂന്നുദിവസം മുമ്പ് കുട്ടി, അടുത്തുവരാനിരിക്കുന്ന തന്റെ മരണത്തെപ്പററി പറഞ്ഞിരുന്നുവത്രെ. 28-ാംതിയതി സൺഡേസ്കൂളിൽവച്ച് നടന്ന അനുശോചനമീററിംഗിൽ ഹെഡ്മാസ്റ്റർ മി. പി എ. ആൻറണി പുതിയകുന്നേൽ അനുശോചനപ്രസംഗം നടത്തി.

തൃശ്ശൂർ സിവിൽ ആസ്പത്രിയിലെ റേഡിയോളജിസ്റ്റായിരുന്ന ഡോ, സി. വി. ജേക്കബ് ബി. ഏ, എം. ബി. ബി. എസ്സ്., ഡി. എം. ആർ. ഹൃദയസ്തംഭനം മൂലം നിര്യാതനായിരിക്കുന്നു. മൃതദേഹം സ്വദേശമായ പുത്തൻപിടികയിലെ സിമററി ചാപ്പലിൽ യഥോചിതം സംസ്കരിക്കപ്പെട്ടു.

ആലപ്പുഴ മുല്ലക്കൽ തോണിപ്പുരക്കൽ ടി. വി. തോമസ് അവർകൾ നവമ്പർ 22-ാംതിയതി രാത്രി എട്ടുമണിക്കു കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു.

പോരണോൽ ഇടവകാംഗമായ പാറത്തറ വർക്കി എന്നയാൾ വാർദ്ധക്യസഹജമായ രോഗത്താൽ ഡിസംബർ 1-ാംനു രാവിലെ 94-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു. ശവസംസ്കാരം 2-ാംനു രാവിലെ നടത്തപ്പെട്ടു.

R. I. P.


## ജീവിതത്തിന്റെ സായാഹ്നത്തിൽ!

ഇന്നു നിങ്ങൾ ഒരു യുവാവാണ്. ചൊടിയും ചുറുചുറുക്കുമുള്ള ഒരു യുവാവ്. ഇന്നു നിങ്ങൾ ധനസമ്പാദനത്തിനു പ്രാപ്തനാണ്. സമ്പാദിക്കുന്നുമുണ്ട്. അങ്ങിനെ ഒന്നിനേയും കൂസാതെ ജീവിതത്തിൽ നിങ്ങൾ മുന്നേറുന്നു.

പക്ഷേ ഇതോടുകൂടിത്തന്നെ വാർദ്ധക്യത്തിലേക്കും നിങ്ങൾ മുന്നേറുകയാണ്, ശക്തി ക്ഷയിച്ച് ഒന്നിനും പ്രാപ്തനല്ലാത്ത ഒരവസ്ഥയിലേക്ക്. ധനസമ്പാദനത്തിനുള്ള കഴിവുകൾ ക്ഷയിച്ചുവരുന്ന അക്കാലത്തേക്ക് ഇന്നത്തെ നിങ്ങളുടെ സമ്പാദ്യങ്ങൾ സൂക്ഷിച്ചുവെയ്ക്കുക. ഇതിനു നിങ്ങളെ സഹായിക്കുന്നതിനു

## ഫെഡറൽ മിച്ചനിക്ഷേപപദ്ധതി

ഞങ്ങൾ ആവിഷ്കരിച്ചിരിക്കുന്നു.

നിങ്ങളുടെ വരുമാനത്തിൽനിന്നും മാസംതോറും ഒരു നിശ്ചിതസംഖ്യ മിച്ചംവച്ച് ബാങ്കിൽ നിക്ഷേപിക്കുക. 46 മാസംമാത്രം അപ്രകാരം ചെയ്താൽ ഈ നിശ്ചിതസംഖ്യയുടെ 50 ഇരട്ടി നിങ്ങൾക്ക് ബാങ്കിൽനിന്നും ലഭിക്കുന്നു. 85മാസം തുടർന്നാലോ, 100 ഇരട്ടിയും.

ത്രൈമാസികമായും അർദ്ധവാർഷികമായും നിക്ഷേപിക്കാവുന്ന വേറെയും പദ്ധതികളുണ്ട്.

വിശദവിവരങ്ങൾക്ക് :

## ദി ഫെഡറൽ ബാങ്ക് ക്ലിപ്തം

H. O. ആലുവാ

ബ്രാഞ്ചുകൾ: അങ്കമാലി, എറണാകുളം, ചാലക്കുടി, പെരുമ്പാവൂർ.

എല്ലാത്തരം ബാങ്കിംഗ് ഇടപാടുകൾക്കും ഞങ്ങളെ സമീപിക്കുക.

# വിവിധവൃത്താന്തങ്ങൾ

## സ്ത്രീകളുടെ മാതൃസ്മാരകം

ലോകത്തിലുള്ള എല്ലാ കത്തോലിക്കാ വനിതകളുടെയും സംഭാവനകൾകൊണ്ടു്, അവർക്കു പരിശുദ്ധ കന്യകമറിയത്തിൽനിന്നു ലഭിച്ചിട്ടുള്ള അനുഗ്രഹങ്ങൾക്കുള്ള കൃതജ്ഞതയായി റോമിൽ മരിയൻവത്സരസ്മാരകമായ ഒരു ദേവാലയം പണിയിക്കുന്നതിനുള്ള നിർദ്ദേശം പരിശുദ്ധ പിതാവു അംഗീകരിക്കുകയും അനുഗ്രഹിക്കുകയും ചെയ്തിരിക്കുന്നു. പ്രസ്തുത ദേവാലയത്തോടനുബന്ധിച്ചു് സ്ത്രീകൾക്കു സഹായവും സമാശ്വാസവും ലഭിക്കത്തക്ക ഏതെങ്കിലും ഒരു സ്ഥാപനംകൂടി നടത്തണമെന്നുദ്ദേശിക്കുന്നുണ്ടു്. ലോകത്തെവിടെനിന്നും സംഭാവനകൾ അയച്ചുകൊടുക്കാവുന്നതാണു്. എന്നാൽ പ്രസ്തുത തുകകൾ ദാതാക്കളുടെ ഏതെങ്കിലും ഒരു ത്യാഗത്തോടനുബന്ധപ്പെട്ടതായിരിക്കണമെന്നും, ദാതാവു പരിശുദ്ധ മറിയത്തിന്റെ ആദർശമനുസരിച്ചു തന്റെ ജീവിതകൃത്യങ്ങളെ നിർവ്വഹിച്ചുകൊള്ളാമെന്നുള്ള ഒരു സമ്മതപത്രത്തോടുകൂടിയതായിരിക്കണമെന്നും നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

## ചൈനീസ് ഉദ്യോഗസ്ഥന്മാർ മാനസാന്തരപ്പെടുന്നു

ഉത്തരകൊറിയായിൽ സേവനമനുഷ്ഠിച്ചിരുന്ന അഞ്ചു കമ്മ്യൂണിസ്റ്റുകാരായ ചൈനീസുദ്യോഗസ്ഥന്മാർ ഈയിടെ ദക്ഷിണകൊറിയായിലേക്കു കടന്നു രക്ഷപെടുകയും, അവർ റോമിലെത്തി അത്യുന്നത കർദ്ദിനാൾ കോൺസ്റ്റന്റീനി തിരുമേനിയിൽനിന്നു ജ്ഞാനസ്നാനവും സ്ഥൈര്യലേപനവും കൈക്കൊള്ളുകയും ആദ്യകുർബ്ബാനസ്വീകരണം നടത്തുകയും ചെയ്തിരിക്കുന്നു.

## തൊഴിലാളികൾക്കുവേണ്ടി

ചില്ലിയിലെ മെത്രാനായ അത്യുന്നത കർദ്ദിനാൾ ലിനാർ തിരുമനസ്സുകൊണ്ടു് ഫ്രാൻസിൽ പൊൻറ്ഗ്നിയിൽ നിയമിതനായിരിക്കുന്നു. തിരുമേനി രണ്ടു ലോകമഹായുദ്ധങ്ങളിലും സേവനമനുഷ്ഠിച്ചു് കീർത്തിമുദ്രകളും ബഹുമതികളും സമ്പാദിച്ചിട്ടുള്ള ആളാണു്. തൊഴിലാളികളുടെ സാമൂഹിക സേവനപദ്ധതികളിൽ തിരുമേനി പ്രശസ്തമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ടു്. തൊഴിലാളികൾക്കു വേണ്ടത്ര വൈദികസഹായവും സഹകരണവും നൽകുന്ന പദ്ധതികളെ പ്രായോഗികമാക്കുന്നതിനുവേണ്ടിയാണു് ഈ പുതിയ നിയമനം.

## മതാദ്ധ്യാപകർക്കു പുതിയ പരിശീലനകേന്ദ്രം

മതാദ്ധ്യാപനം നടത്തുന്ന അദ്ധ്യാപകന്മാർക്കുവേണ്ട പരിശീലനം നൽകുന്നതിനു ഹോളണ്ടിൽ ഒരു പുതിയ വിദ്യാഭ്യാസകേന്ദ്രം സ്ഥാപിച്ചിരിക്കുന്നു. ആദ്യത്തെ പരിശീലനകോഴ്സിൽ 50 പേർ ചേർന്നുകഴിഞ്ഞു. അതിൽ 48 പേർ വൈദികരാണു്. ക്ലൂളൻബോർഗ്ഗിലുള്ള അഗസ്റ്റീനിയൻ ആശ്രമത്തിലാണു് ഈ കേന്ദ്രം. ഉട്രെച്ചിലെ ആൽഫ്രീങ്കുമെത്രാപ്പോലീത്താ ഉൽഘാടനം ചെയ്തിരിക്കുന്നതു് മതപഠനത്തിൽ ഇപ്പോൾ ഉപയോഗിച്ചുപോരുന്ന പദ്ധതികൾ വളരെ പോരാത്തവയാണെന്നും മതപഠനം പൂർത്തിയാക്കി പരീക്ഷകളും പാസ്സായി പുറത്തുവരുന്നവരിൽപോലും കാണുന്ന ക്രിസ്തീയതത്വങ്ങളെപ്പററിയുള്ള അജ്ഞത ഭയാനകമാണെന്നും തിരുമേനി പ്രസ്താവിച്ചു.

## ആസ്ട്രിയായിൽ അമലോത്ഭവ തിരുനാൾ

ആസ്ട്രിയായിലെ ചാൻസലർ റാബ് തൊഴിലുടമകളുടെയും ട്രേഡ്യൂണിയനുകളുടെയും അഭിപ്രായം ആരായുകയും മറിയത്തിന്റെ അമലോത്ഭവതിരുനാളായ ഡിസംബർ എട്ടാംതിയതി ഒരു പൊതുഒഴിവുദിനമായി ആചരിക്കുന്നതിനു നിശ്ചയിക്കുകയും ചെയ്തു. നാസ്സിമുന്നേററത്തോടുകൂടിയാണു് അവിടെ ഈ തിരുനാൾ അവഗണിക്കപ്പെട്ടതു്. അതു പുനഃസ്ഥാപിക്കപ്പെടുന്നതിനുവേണ്ടി 750.000 അപേക്ഷകൾ ഗവർമ്മെന്റിനു ലഭിച്ചു. സോഷ്യലിസ്റ്റുകാർ ഈ സംരംഭത്തെ എതിർത്തെങ്കിലും ഫലമുണ്ടായില്ല.

## വാർസാമെത്രാനു 20 കൊല്ലം തടവു്

വാർസായിലെ സഹായമെത്രാനായ ബാറനിയാക്കു് തിരുമേനിയെപ്പററി ഒരു "രഹസ്യവിസ്താരം" നടത്തപ്പെടുകയും കമ്മ്യൂണിസ്റ്റുകോടതി 20 കൊല്ലത്തെ തടവുശിക്ഷയ്ക്കു വിധികല്പിക്കുകയും ചെയ്തിരിക്കുന്നു. വിസ്താരത്തിനു മുമ്പുള്ള തടവുകാലത്തെ പെരുമാററങ്ങൾ അദ്ദേഹത്തെ ഒരു ദുർബ്ബലനായ രോഗിയാക്കി മാററിയിരിക്കുന്നു എന്നാണു് റിപ്പോർട്ടുകൊണ്ടു കാണുന്നതു്. അദ്ദേഹം പരേതനായ കർദ്ദിനാൾ ഹ്ളോണ്ടു തിരുമനസ്സിലെ ചാപ്ലെയിനായിരുന്നു.

## മാർപ്പാപ്പ തൊഴിലാളികളോടു്

ഈ നവമ്പർമാസം 11-ാം തിയതി പരി. പിതാവു് സ്പെയിനിൽനിന്നു വന്ന തൊഴിലാളികളുടെ തീർത്ഥകസംഘത്തിനു സന്ദർശനമനുവദിച്ചു. അവരെ ഹൃദയപൂർവ്വം സ്വാഗതം ചെയ്തശേഷം തിരുമേനി തുടർന്നു: "ഏററം പ്രിയമക്കളേ, തിരുസഭ നിങ്ങളെ ഒരമ്മയുടെ ഹൃദയ കൊണ്ടു സ്നേഹിക്കുന്നു. നിങ്ങളനുഭവിച്ചുകൊണ്ടിരിക്കുന്ന കഷ്ടപ്പാടും ദുരിതങ്ങളും തന്നെയാണു് തിരുസഭയും നേരിടുന്നതു്. തൊഴിലാളികളുടെ പ്രശ്നമാണു് തിരുസഭ നേരിട്ടിട്ടുള്ളതും ഇന്നു നേരിട്ടുകൊണ്ടിരിക്കുന്നതും. ഈ പ്രശ്നപരിഹാരത്തിനുള്ള ഏകമാർഗ്ഗമായ ക്രിസ്തുവിന്റെ തത്വങ്ങൾ ഏതൊരു അവശതാപരിഹാരമാർഗ്ഗത്തിന്റെയും അടിസ്ഥാനതത്വങ്ങളായിരിക്കണം. അദ്ധ്വാനിക്കുന്നവനു മനുഷ്യനുതക്ക ഒരു ജീവിതം കഴിക്കാൻ സാദ്ധ്യമാകണം—മാത്രമല്ല അമിതമായ ലൗകികപ്രശ്നങ്ങൾമൂലം സ്വർഗ്ഗത്തിലേക്കുള്ള എത്തിനോട്ടത്തിനു തടസ്സം നേരിടാതിരിക്കാൻവേണ്ടി ഒരുത്തമക്രിസ്തീയജീവിതം നയിക്കാനും തൊഴിലാളിക്കു് സാദ്ധ്യമാകണം എന്നു് തിരുസഭ അത്യധികമായി ആഗ്രഹിക്കുന്നു. കുറേക്കൂടി മെച്ചമായ ലൗകികസമ്പത്തുകളുടെ വിതരണത്തിനുവേണ്ടി, അതായതു് നിങ്ങളുടെയും കുടുംബത്തിന്റെയും അനുദിനജീവിതത്തിനും ഭാവിയിലെ രക്ഷാകവാടങ്ങൾ തുറക്കുന്നതിനുവേണ്ടിയുള്ള നിക്ഷേപത്തിനും പോരുന്ന് നീതിയായ ഒരു പ്രതിഫലം കിട്ടുന്ന നില കൈവന്നുകാണുവാൻ തിരുസഭ നിലകൊള്ളുന്നു. എന്നാൽ ഒരു കാര്യംകൂടി കൂട്ടിച്ചേർക്കാൻ നാം ആഗ്രഹിക്കുന്നു. അതായതു് ധനപരമായ സകല പുരോഗമനങ്ങളും മാനസികവും ധാർമ്മികവുമായ ഒരു പുരോഗമനത്തിന്റെ അടിത്തറയായിരിക്കണം. എന്തുകൊണ്ടെന്നാൽ "അപ്പത്താൽ മാത്രമല്ല മനുഷ്യൻ ജീവിക്കുന്നതു്."

ബാർസലോണയിലെ തൊഴിലാളികളായ പ്രിയമക്കളേ, നാളെ ഒരുപക്ഷെ നിങ്ങളുടെ യന്ത്രശാലകളിലിരുന്നു് ദൈനംദിന ജീവിതത്തിന്റെ ഭാരംമൂലം നിങ്ങൾ നെററിയിലെ വിയർപ്പു തുടയ്ക്കാൻ ഒരു നിമിഷമെടുക്കുമ്പോൾ. നിങ്ങളുടെയും കുടുംബത്തിന്റെയും ജീവിതാവശ്യങ്ങൾ നടത്താനുള്ള മാർഗ്ഗത്തിനുവേണ്ടി യന്ത്രശാലയിലെ അടുപ്പുകളുടെ സമീപെയായിരിക്കുമ്പോൾ നിങ്ങൾ വിസ്മരിക്കരുതെ റോമിലുള്ള നിങ്ങളുടെ പ്രിയപിതാവു ആശ്വാസവചനങ്ങൾ ഉച്ചരിച്ചുകൊണ്ടു് നിങ്ങളുടെ സമീപമുണ്ടു് എന്നു്. ദൈവികതൊഴിലാളിയായ ഈശോ നിങ്ങളുടെ മാതൃകയായിരിക്കട്ടെ! പ്രാർത്ഥന നിങ്ങളുടെ ആശ്രയവും, നിത്യഭാഗ്യത്തിലേക്കുള്ള നിങ്ങളുടെ ശരണം ദുരിതങ്ങൾക്കൊരാശ്വാസവും ആയിരിക്കട്ടെ! പരി. ജനനി. പ്രത്യേകിച്ചു് ഈ മരിയൻവത്സരത്തിൽ അവളുടെ മുട്ടവസ്ത്രംകൊണ്ടു നിങ്ങളെ ആപത്തുകളിൽ നിന്നു രക്ഷിക്കട്ടെ! തിരുസഭ നിങ്ങളെ സ്നേഹിക്കുന്നുവെന്നും, അതിൽ മാത്രമേ നിങ്ങളുടെ ഹൃദയങ്ങളുടെ ആശ്വാസവും രക്ഷയും ഉള്ളുവെന്നും നല്ല ഉറപ്പുണ്ടായിരിക്കട്ടെ.

ഈ നന്മകളുടെയെല്ലാം ഒരു കവചത്തിനുവേണ്ടി നാം നിങ്ങളെ മാത്രമല്ല, നിങ്ങളുടെ കുടുംബങ്ങളെയും, നിങ്ങളുടെ തൊഴിലാളി സംഘടനകളെയും നമ്മുടെ സ്നേഹത്തിനു പാത്രമായിരിക്കുന്ന നിങ്ങളുടെ രാജ്യങ്ങളെയും ആശീർവ്വദിക്കുന്നു."

ഈശോ മറിയം യൗസേപ്പിന്റെയും മാർ തോമാശ്ലീഹായുടെയും വി. ഫ്രാൻസീസ് സേവിയറിന്റെയും വി. കൊച്ചുത്രേസ്യയുടെയും സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

എന്നു

Verghese Maveli

ആദ്ധ്യാത്മികവീഥി 36

# ദണ്ഡവിമോചനം

(തുടർച്ച)

## തോസിയസ് കോസിയസ്

ചോ: തോസിയസു് കോസിയസു് എന്നു പറയുന്ന ദണ്ഡവിമോചനം എന്താണു്.

ഉ: നിശ്ചിതസമയത്തും സ്ഥലത്തും നിർദ്ദിഷ്ടമായ കൃത്യം വ്യവസ്ഥകളനുസരിച്ചു് എത്രപ്രാവശ്യം നിറവേറുന്നുവോ അത്രയും പ്രാവശ്യം പൂ. ദ. വി. പ്രാപിക്കുന്നതിനുള്ള ആനുകൂല്യം തിരുസ്സഭ നൽകിവരുന്നുണ്ടു്. ഇതിനു് "തോസിയസ് കോസിയസ്" എന്നു പറയുന്നു.

ചോ: "തോസിയസ് കോസിയസ്" ദണ്ഡവിമോചനം പ്രാപിക്കുന്നതിനുള്ള വ്യവസ്ഥകളെന്തെല്ലാമാണു്.

ഉ: ഒരു ദേവാലയം സന്ദർശിച്ചു് ഓരോ സന്ദർശനത്തിലും മാർപ്പാപ്പായുടെ നിയോഗപ്രകാരം 6 ആ 6 ന. 6 ത്രി ചൊല്ലുകയാണു പൊതുവ്യവസ്ഥ. മുൻവിവരിച്ചിട്ടുള്ളതുപോലെ കുമ്പസാരവും വി. കുർബ്ബാനസ്വീകരണവും ആവശ്യമാണു്.

ചോ: തോസിയസ് കോസിയസ് എല്ലാവർക്കും എവിടെയും പ്രാപിക്കാമോ?

ഉ: സകല മരിച്ച വിശ്വാസികളുടെ തിരുനാളിലുള്ള പൂ ദ. വി മാത്രമേ എല്ലാ വിശ്വാസികൾക്കും ഏതു പള്ളിയും സന്ദർശിച്ചു് പ്രാപിക്കുവാൻ സാധിക്കുകയുള്ളു.

2) കർമ്മലമാതാവിന്റെ തിരുനാളിലുള്ള ദണ്ഡവിമോചനം, കർമ്മലീത്താ സന്യാസാശ്രമങ്ങളുടെ പള്ളികളിലും, കർമ്മലോത്തരീയസഖ്യം ക്രമപ്രകാരം സ്ഥാപിതമായിട്ടുള്ള പള്ളികളിലും. കൊന്തമാതാവിന്റെ തിരുനാളിലെ ദണ്ഡവിമോചനം ഡൊമിനിക്കൻ സന്യാസികളുടെ പള്ളികളിലും, കൊന്തസഭ ക്രമമായി സ്ഥാപിച്ചിട്ടുള്ള പള്ളികളിലും പോർസ്യുങ്കുള ദ വി വി. ഫ്രാൻസിസ്ക്കോസിന്റെ സന്യാസാശ്രമങ്ങളുടെ പള്ളികളിലും, ടി മൂന്നാംസഭ ക്രമപ്രകാരം സ്ഥാപിച്ചിട്ടുള്ള പള്ളികളിലുമെല്ലാം വിശ്വാസികൾക്കും പ്രാപിക്കാം

3) മേൽപ്പറയപ്പെട്ട ആശ്രമക്കാർക്കും സഖ്യാംഗങ്ങൾക്കും അവരുടെ ദ. വി. ഏതു പള്ളിയിലും ലഭിക്കാം.

4) തിരുഹൃദയഭക്തിയെ പ്രതിയുള്ള തോസിയസ് കോസിയസ് പൂ ദ. വി. പ്രസ്തുത ഭക്തർക്കായി ജൂൺമാസത്തിൽ എട്ടുദിവസത്തേക്കു ക്രമപ്രകാരം ജ്ഞാനധ്യാനം നടത്തുകയോ ആ മാസം ദിവസേന ഭക്തകൃത്യങ്ങളും, പ്രസംഗങ്ങളും നടത്തുകയോ ചെയ്യുന്ന പള്ളികളിൽവച്ചു് പ്രാപിക്കാവുന്നതാണു്. അതിനായി ദണ്ഡവിമോചനം പ്രാപിക്കുന്ന ആൾ പ്രസ്തുത ജ്ഞാനധ്യാനത്തിലോ, പ്രസ്തുത വസരത്തെക്കുറിച്ചുള്ള പ്രസംഗങ്ങളിലും ഭക്തകൃത്യങ്ങളിലുമോ സംബന്ധിച്ചിരിക്കേണ്ടതാണു്.

5) വിസിത്ത തിരുനാളിന്റെ തലേദിവസം ഉച്ചമുതൽ തിരുനാൾ ദിവസം പാതിരാവരെ എപ്പോഴെങ്കിലും നടത്താം.

ചോ: പൂ. ദ. വി. ലഭിക്കുന്ന ചില പ്രത്യേക ഭക്തകൃത്യങ്ങൾ പറയുക.


ഉ: 1) ക്രമപ്രകാരം കുരിശിന്റെ വഴി കഴിക്കുക.

2) വി. കുർബ്ബാനയുടെ മുമ്പാകെ അൻപതിമൂന്നുമണിജപം ചൊല്ലുക.

3) ക്രിസ്തുരാജനോടുള്ള "ഈശോമിശിഹായെ, സർവ്വലോകരാജാവായി നിന്നെ ഞാൻ ഏററു പറയുന്നു." എന്നു തുടങ്ങുന്ന ജപം ചൊല്ലുക.

4) ക്രൂശിതരൂപത്തിൻ മുമ്പിൽ "നല്ലവനും എത്രയും മാധുര്യമുള്ളവനുമായ ഈശോയേ" എന്നു തുടങ്ങുന്ന ജപം ചൊല്ലുക മുതലായവ.

## വിനോദിനി



എന്തിനാ ചേട്ടാ, ഉറങ്ങുന്ന അപ്പച്ചന്റടുത്തിരുന്നുപദ്രവിക്കുന്നേ!

"അപ്പച്ചനേ, ഇന്നു ചെയ്ത പററിപ്പണിയൊക്കെ ഉറക്കത്തിലുറക്കെവിളിച്ചുപറയും. അതങ്ങു് എഴുതിയെടുക്കാനാ.

* * *

ഒരു കമ്പനിയുടെ സാമാന വില്പന ഏജന്റായി ഒരുയുവാവു നിയമിതനായി. സാമ്പിളുകളും കൊണ്ടു വീടുതോറുംകയറിയിറങ്ങിയിട്ടും ഒരു ഓർഡറു കിട്ടാതെ നിരാശനായി നടക്കുമ്പോൾ ഒരു പഴയ ഏജന്റിനെകണ്ടുമുട്ടി.

പഴയ ഏജന്റു്:-എന്താ ജോലി തുടങ്ങിയിട്ടു് ഓർഡർ എത്ര ബുക്കു ചെയ്തു?

പുതിയ ഏജന്റു്:-കഷ്ടം! ആരും എടുക്കുന്നില്ല. വൃഥാ ആളുകൾ ആക്ഷേപിക്കുന്നു!

പഴയ ഏജന്റു്:- ആക്ഷേപിക്കുകയോ! ഞാൻ ഈ ജോലിതുടങ്ങിയിട്ടു് കൊല്ലംമുപ്പതായി. പലപ്പോഴും ആളുകൾ എന്റെ പിടലിക്കു പിടിച്ചു തള്ളിയിട്ടുണ്ടു്; കെട്ടും എടുപ്പിച്ചു് എന്നെ ഓടിച്ചിട്ടുണ്ടു്; മേൽവണിയുടെ മുകളിൽനിന്നു തള്ളിതാഴെയിട്ടിട്ടുണ്ടു്; തെരുവീധികളിലെ ഓടകളിൽ കിടന്നു ഉരുളേണ്ടിവന്നിട്ടുണ്ടു്. പക്ഷെ ഇന്നുവരെ ഒരു കുഞ്ഞുപോലും എന്നെ ആക്ഷേപിക്കാൻ ഇടയായിട്ടില്ല! തീർച്ച.




# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 28 || ERNAKULAM, DECEMBER 15 || No. 17


# അഖിലഭാരത ദേശീയമരിയൻകോൺഗ്രസ്സ്

ലോകമാസകലം ദേശീയവും അന്തർദ്ദേശീയവുമായ പരിപാടികളിലൂടെ മരിയൻ വത്സരം യഥാവിധി ആചരിക്കപ്പെട്ടു. ഭാരതത്തിലും പല ഭാഗങ്ങളിൽ അതു സംബന്ധിച്ചുള്ള ആചരണങ്ങളും ആഘോഷങ്ങളും യഥാകാലം നിർവ്വഹിക്കപ്പെടുകയുണ്ടായി. എന്നാൽ അഖിലഭാരതാടിസ്ഥാനത്തിൽ ദേശീയാഘോഷം മകുടം ചാർത്തപ്പെട്ടതു ഡിസംബർ 4, 5, 6, 7, 8 എന്നീ തീയതികളിൽ ബോംബെയിൽവച്ചു നടത്തപ്പെട്ട മരിയൻകോൺഗ്രസ്സുവഴിയായിട്ടാണല്ലോ. ഭാരതത്തിനും ഭാരതീയർക്കും തികച്ചും അഭിമാനംകൊള്ളാവുന്ന ഒരാഘോഷപരിപാടിയായിരുന്നു അതു്. ഭാരതത്തിൻറെ അഭിമാനഭാജനവും ഇന്ത്യയിലെ ആദ്യകർദ്ദിനാളുമായ അത്യുന്നത വലേരിയൻ ഗ്രേഷ്യസ് തിരുമനസ്സുകൊണ്ടുതന്നെ ഈ ആഘോഷപരിപാടികളെ നയിക്കുന്നതിനു പരിശുദ്ധ മാർപ്പാപ്പയുടെ പ്രതിനിധിയായി നിയമിതനായി എന്നുള്ളതു് പരിശുദ്ധസിംഹാസനം ഭാരതീയരുടെനേർക്കു പ്രദർശിപ്പിച്ചിട്ടുള്ള മഹത്തായ ഒരു ബഹുമാനമാണു്. കൂടാതെ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് അവിടുത്തെ അനാരോഗ്യത്തേയും ഗുരുതരമായ ആലസ്യത്തേയും അവഗണിച്ചുകൊണ്ടു് കോൺഗ്രസ്സിലേക്കു ഒരു സന്ദേശം പ്രക്ഷേപണംചെയ്തു എന്നുള്ളതു് ഭാരതത്തോടും ഭാരതീയരോടും പ്രകടമാക്കിയിട്ടുള്ള അനിതരസാധാരണമായ ഒരു സ്നേഹവായ്പാണു്.

ഇന്ത്യയിലേയും സമീപരാജ്യങ്ങളിലേയും ഒട്ടുമിക്ക വൈദികാദ്ധ്യക്ഷന്മാരും, നിരവധി വൈദികരും കന്യാസ്ത്രീകളും, ക്രൈസ്തവരും അക്രൈസ്തവരുമായ ബഹുലക്ഷം ജനങ്ങളും പരിപാടികളിൽ പങ്കെടുത്തു. വിദൂരദേശങ്ങളിൽനിന്നുപോലും പ്രശസ്താതിഥികൾ എത്തിയിട്ടുണ്ടായിരുന്നു. മതവിശ്വാസത്തിൻറേയും ഭക്തിപ്രവാഹത്തിൻറേയും ഒരു കേളീരംഗമായിരുന്നു ഈ ദിവസങ്ങളിൽ ബോംബെനഗരം. പരിശുദ്ധ കന്യകമറിയത്തിൻറ രക്ഷാകരദൌത്യം ജനഹൃദയങ്ങളിലേക്കു പകരുന്ന പരിപാടികളായിരുന്നു ആദ്യന്തം നിർവ്വഹിക്കപ്പെട്ടതും. പരിശുദ്ധ കന്യകമറിയത്തിൻറ ജീവിതത്തെ മനോഹരമായവിധം കലാവിലാസത്തോടുകൂടി സംവിധാനംചെയ്തു ഇരുപതോളം രംഗങ്ങൾ പ്രദർശിപ്പിക്കുന്ന മോട്ടോർട്രക്കുകൾ ബോംബെനഗരത്തിൻറെ പ്രധാനവീഥികളിലൂടെ നടത്തിയ "മരിയൻ പേജൻറു" ജനഹൃദയങ്ങളിൽ ദൈവമാതാവിൻറെ നേർക്കുള്ള സ്നേഹവികാരങ്ങളെ ഉത്തേജിപ്പിക്കുന്ന ഒരു പ്രത്യേകപരിപാടിയായിരുന്നു. സമാപനപരിപാടിയായ ദിവ്യകാരുണ്യപ്രദക്ഷിണം എന്തൊരു കത്തോലിക്കാ ചൈതന്യമാണു്, എത്ര മഹത്തായ ആദ്ധ്യാത്മിക ഉണർവ്വാണു് ഉൽബ്ബുദ്ധമാക്കിയതെന്നു വർണ്ണനാതീതമാണു്. മൂർത്തകത്തിൽ ആദ്ധ്യാത്മികാവബോധത്തേയും മതഭക്തിയുടെ മഹനീയ ചൈതന്യത്തേയും ജനകോടികളുടെ ഹൃദയങ്ങളിൽ തട്ടിയുണർത്തുന്നതിനു പര്യാപ്തമായ ഒരുത്തേജനമാണു് മരിയൻകോൺഗ്രസ്സ് സാധിച്ചിട്ടുള്ളതു്. ആർഷഭാരതത്തിൽ ഈ ആദ്ധ്യാത്മികചൈതന്യം കത്തിക്കാളുന്നതിനും പ്രതിലോമശക്തികൾ പരത്തിക്കൊണ്ടിരിക്കുന്ന അന്ധകാരാവരണങ്ങൾ തന്മൂലം ദൂരീകരിക്കപ്പെടുന്നതിനും ഇടയാകുന്നതിനു ത്രിലോകരാജ്ഞിയായ പരിശുദ്ധാംബ സഹായിക്കട്ടെ!

## കോൺഗ്രസ്സിൽ നൽകപ്പെട്ട ഉൽബോധനങ്ങൾ

കോൺഗ്രസ്സ് ഉൽഘാടനവേളയിൽ പേപ്പൽ ലെഗേററായ അത്യുന്നത കർദ്ദിനാൾ വലേരിയൻ ഗ്രേഷ്യസ് തിരുമേനി നിർവ്വഹിച്ച പ്രൗഢമായ പ്രസംഗത്തിൽ ഇപ്രകാരമാണു് പ്രസ്താവിച്ചതു്: അത്യുഗ്രമായ വിഷമതകളും പ്രശ്നങ്ങളും നേരിട്ടിരിക്കുന്ന ഈ അവസരത്തിൽ ഏററവും മഹത്തും ശക്തിമത്തുമായ യത്നങ്ങളാണു് നമ്മുടെ ദേശീയജീവിതം നമ്മിൽനിന്നാവശ്യപ്പെട്ടുകൊണ്ടിരിക്കുന്നതു്. അതുകൊണ്ടു സത്യസന്ധരും സൽസ്വഭാവികളും വിക്ഷണഗതിയുള്ളവരും, രാജ്യത്തിൻറെ താല്പര്യങ്ങളെ ചെറുഗ്രൂപ്പുകൾക്കുവേണ്ടി ബലികഴിക്കാത്തവരും, മൻവിധികൾക്കതീതമായി ഉയരുന്നവരും, സാമുദായികവും ജാതിസംബന്ധവും ഭാഷാപരവും പ്രാദേശികവുമായ വ്യത്യാസങ്ങളിൽനിന്നു വിമുക്തരുമായ ജനതയെയാണു ഇന്ത്യയ്ക്കു ഇന്നാവശ്യമായിരിക്കുന്നതു്. സമാധാനത്തിൻറ മാർപ്പാപ്പായും എല്ലാ ജനങ്ങളുടേയും ഉപകാരിയുമായ പരിശുദ്ധ പിതാവിൻറെ സ്വരമാണു് ഇന്ത്യ ചെവിക്കൊള്ളേണ്ടതു്.

സ്നേഹോദ്ദീപകമായ ഐക്യമാണു് ആവശ്യമെന്നും അതിനുവേണ്ടിയാണു് കോൺഗ്രസ്സ് നിലകൊള്ളുന്നതെന്നും തിരുമേനി തുടർന്നു പ്രസ്താവിച്ചു. ഈ ക്രൈസ്തവാദർശത്തെ തിരുമേനി വിശദീകരിച്ചതിപ്രകാരമാണു്:- മഹത്തും മാനുഷികവുമായ സർവ്വതും ക്രൈസ്തവസംസ്കാരം ഉൾക്കൊള്ളുകയും പരിശുദ്ധമാക്കുകയും ചെയ്യുന്നു. ജനങ്ങളുടെ സ്വഭാവത്തിലും ആചാരങ്ങളിലും ഉത്തമവും സത്യസന്ധവും മനോഹരവുമായ യാതൊന്നിനേയും അതു നിരാകരിക്കുന്നില്ല. മനുഷ്യരുടെ കഴിവുകളെ വേണ്ടവിധം ഉപയോഗിക്കുന്നതിൽ ക്രൈസ്തവസംസ്കാരം പദാർത്ഥവിജ്ഞാനീയത്തിൻറെ പിന്നിലല്ല; എന്നു മാത്രമല്ല, ആദ്ധ്യാത്മികമൂല്യങ്ങളെ സംരക്ഷിച്ചുകൊണ്ടും സംസ്കാരത്തിൽ ആദ്ധ്യാത്മികാംശത്തെ ചേർത്തിണക്കിക്കൊണ്ടും അതു ഒരു പടികൂടി മുന്നോട്ടുപോവുകയും ചെയ്യുന്നുണ്ടു്. തുടർന്നു ഭാരതത്തിൻറെ വിശേഷവും സമഭാവനാസമന്വിതവുമായ ഭരണഘടനയുടെ കീഴിൽ രാജ്യനന്മയ്ക്കും ഐക്യസമാധാനങ്ങൾക്കും ഒത്തൊരുമിച്ചു പ്രവർത്തിക്കേണ്ട പൗരധർമ്മത്തെപ്പററി അവിടുന്നു ഉൽബോധിപ്പിച്ചു.

## ഡോക്ടർ രാധാകൃഷ്ണൻറെ ഉൽഘാടനപ്രസംഗം

കോൺഗ്രസ്സിൻറെ സിവിക് ഉൽഘാടനം നിർവ്വഹിച്ചതു ഇന്ത്യയുടെ വൈസ്പ്രസിഡൻറായ ഡോക്ടർ രാധാകൃഷ്ണനായിരുന്നു. അദ്ദേഹം പറഞ്ഞതു് നമ്മുടെ യുഗത്തിൻറെ പ്രധാനമായ ആവശ്യം ആദ്ധ്യാത്മികമൂല്യങ്ങളുടെ പുനരുദ്ധാരണമാണു് എന്നത്രെ. കഴിഞ്ഞ മഹായുദ്ധങ്ങളുടെ പ്രത്യാഘാതങ്ങളേയും യുദ്ധോപകരണങ്ങളെ സംബന്ധിച്ചുണ്ടായിട്ടുള്ള വിപ്ലവാത്മകമായ പുതിയ നേട്ടങ്ങളേയും തന്മൂലം സമുദായമദ്ധ്യത്തിൽ സംജാതമായിട്ടുള്ള അനിശ്ചിതാവസ്ഥയേയും പരാമർശിച്ചശേഷം അദ്ദേഹം ഇങ്ങനെ തുടർന്നു:- "ആധുനികജീവിതത്തിൽ മതത്തിൻറെ സ്ഥാനമെന്തായിരിക്കണമെന്നതിനെപ്പററി പല അഭിപ്രായങ്ങളും കേൾക്കുന്നുണ്ടു്. അതു മനുഷ്യബുദ്ധിയെ ചങ്ങലയിട്ടു പൂട്ടുന്നു എന്നൊരുകൂട്ടരും, വിവേചനാശക്തിയെ അന്ധമാക്കുന്നെന്നു വേറൊരുകൂട്ടരും, ഗ്രഹണശക്തിയെ മുരടിപ്പിക്കുന്നു എന്നു ഒരുഭാഗക്കാരും, വിശ്വാസത്തിലും പ്രയോഗത്തിലും അന്ധമായി അധികാരത്തിനു സ്വയം കീഴ്പ്പെടുത്തി നമ്മുടെ വ്യക്തിത്വത്തെ അടിയറവക്കുന്നതിനാവശ്യപ്പെടുന്നുവെന്നു വേറൊരുഭാഗക്കാരും വാദിക്കുന്നു. സാമൂഹികമായി പറഞ്ഞാൽ മതം ലോകത്തെ അവഗണിക്കുന്നുവെന്നും, ലൗകികമായവയിൽ എന്തെങ്കിലും ഔത്സുക്യം കാണിക്കുന്നെങ്കിൽ അതു ലോകത്തിൻറെ ഇന്നത്തെ നിശ്ചലാവസ്ഥയെ നിലനിർത്തുന്നതിനും നിലവിലുള്ള തെററുകളും തിന്മകളും പുലർത്തുന്നതിനും മാത്രമാണെന്നുമാണു് വാദം. ബൃഹത്തായ സംഘടനകളുടെ പേരിൽ മനുഷ്യരെ സംസ്കാരശൂന്യരാക്കുകയും, മനുഷ്യഹൃദയങ്ങളിലുള്ള ആർദ്രതയുടേയും സഹതാപത്തിൻറേയും സഹാനുഭൂതിയുടേയും ഉറവിടങ്ങളെ നശിപ്പിക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങളെ തടയുന്നതിനു മതങ്ങളെ നിയന്ത്രിക്കുന്നവർ ഇന്നു വേണ്ടത്ര ശ്രദ്ധിക്കുന്നില്ല."

ഡോക്ടർ രാധാകൃഷ്ണൻ തുടർന്നു പ്രസ്താവിച്ചു:- "വിദ്വേഷത്തിനും പ്രതികാരത്തിനും നശീകരണത്തിനുംവേണ്ടിയുള്ളതല്ല ലോകം. നീതിയുക്തവും ദയാമസൃണവുമായ വർത്തനത്തിനുവേണ്ടി നാം നിലകൊള്ളണം. ഭൂമുഖത്തു സ്നേഹത്തിനും ഉപവിക്കുംവേണ്ടി നാം യത്നിക്കണം. മനുഷ്യസാഹോദര്യാദർശം യഥാർത്ഥവൽക്കരിക്കപ്പെടണമെങ്കിൽ എല്ലാരാഷ്ട്രങ്ങളും ആന്തരികമായ ഒരു നവീകരണപഥത്തിലൂടെ നീങ്ങണം. ആന്തരികമായ നവീകരണം സാധിക്കുന്നതിനുള്ള ശക്തി മതമാണു്." പ്രസംഗത്തിൻറെ ഒരു ഭാഗത്തു വിഭിന്നമതങ്ങൾ തമ്മിൽ സഹകരണത്തിനുള്ള പന്ഥാവു് ഈ കോൺഗ്രസ്സ് തുറന്നുകൊടുക്കുമെന്നും ആദ്ധ്യാത്മികധാരണയുടെ ചൈതന്യവും മതപരമായ പ്രബുദ്ധതയും സാഹോദര്യവും അതു പുരോഗമിപ്പിക്കുമെന്നും അദ്ദേഹം പ്രത്യാശ പ്രകടിപ്പിക്കുകയും പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സിലെ ജീവിതവിശുദ്ധിയും മനസ്സികവികാസവും സുജ്ഞാതമാണെന്നു് പ്രസ്താവിച്ചുകൊണ്ടു തിരുമനസ്സിലെ അപദാനങ്ങളെ പ്രകീർത്തിക്കുകയുമുണ്ടായി.

## പരിശുദ്ധ പിതാവിൻെറ സന്ദേശം

കോൺഗ്രസ്സിൻറെ സമാപന വസരത്തിൽ പരിശുദ്ധമാർപ്പാപ്പായുടെ ഒരു സന്ദേശം കല്പിച്ചു പ്രക്ഷേപണം ചെയ്യുകയുണ്ടായല്ലോ. അപ്പസ്തോലകാലംമുതൽ വിശ്വാസവെളിച്ചം സ്വീകരിച്ചു സംരക്ഷിച്ചുപോരുന്നതിനുള്ള ഭാഗധേയം കൈവന്നിട്ടുള്ള ഭാരതീയസഭയെ അതിൽ അവിടുന്നു മുക്തകണ്ഠം ശ്ലാഘിക്കുകയും, ഭാരതീയരിൽ പ്രശോഭിക്കുന്ന മരിയഭക്തിയേയും അവരുടെ പ്രഖ്യാതങ്ങളായ മരിയതീർത്ഥങ്ങളേയും അനുസ്മരിക്കുകയും, മാതൃഭക്തിയിൽ പരമമായി നിലകൊള്ളേണ്ട ലക്ഷ്യം—ദൈവമാതാവുവഴി ക്രിസ്തുവിലേക്കുള്ള അടുപ്പം—സമ്യക്കായി ഉൽബോധിപ്പിക്കുകയും ചെയ്തശേഷം പൈതൃകമായ അവിടുത്തെ ഉപദേശം ഇങ്ങനെ തുടർന്നു: "പ്രിയപ്പെട്ടവരെ, മാതാവിനോടു ജനങ്ങൾക്കും രാജ്യത്തിനുമുള്ള ഭക്തി, കേവലം ഭക്തിപരമായ വികാരങ്ങളുടെ പ്രകടനത്തിൽമാത്രം ഒതുക്കിനിർത്താതെ നിങ്ങളുടെ നടപടികളിൽ, പ്രത്യേകിച്ചു് ധാർമ്മികപുനരുദ്ധാരണവും സാമൂഹികനീതിയും സംബന്ധിച്ച നിങ്ങളുടെ സംഘാതപരിപാടികൾമുഖേന തുടർന്നു വ്യക്തമാക്കുവിൻ. നിങ്ങളുടെ സ്നേഹപ്രകടനങ്ങളെ, സഹായാർത്ഥമുള്ള നിങ്ങളുടെ ക്രിസ്തീയപ്രാർത്ഥനകളെ പ്രവൃത്തിയിൽ പൂർത്തീകരിക്കണമെന്നു അവിടുന്നുതന്നെ നിർബന്ധപൂർവ്വം നമ്മോടാവശ്യപ്പെടുന്നു. ഓരോ അർത്ഥനയ്ക്കുമുള്ള മാതാവിൻറെ ഛിന്നസ്ഥായിയായ മറുപടി മധുരമനോഹരമായും അതേസമയംതന്നെ നിർബന്ധരൂപത്തിലും കാനായിലെ കല്യാണം മുതൽ ഇന്നോളവും ലോകമെങ്ങും മുഴങ്ങിക്കൊണ്ടിരിക്കുകയാണു്.

"ദൈവത്തിനു പരിപൂർണ്ണമായി സമർപ്പിതമായിരുന്ന മാതാവിൻറെ ജീവിതത്തിലല്ലാതെ മറെറവിടെയാണു് നമ്മുടെ സമാധാനപരമായ കത്തോലിക്കാപ്രവർത്തനശുഷ്ക്കാന്തിയന്മാർക്കു അവരുടെ ആദ്ധ്യാത്മിക പ്രവർത്തനപരിപാടികൾക്കുള്ള മെച്ചമായ മാതൃക ദർശിക്കുവാൻ കഴിയുക? തങ്ങളുടെ പരിപൂർണ്ണമായ സ്വയംപരിത്യാഗത്തിലും, ക്രിസ്തുവിൻറെ പ്രാർത്ഥനയിലും പ്രവർത്തനങ്ങളിലും സന്തോഷങ്ങളിലും പീഡകളിലുമുള്ള തങ്ങളുടെ പൊതുവായ പങ്കാളിത്തത്തിലും, ജനങ്ങളോടു് അവിടുത്തെ പരിശുദ്ധനാമത്തിൽ പ്രസ്താവിക്കുകയും അവർക്കുവേണ്ടി നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്ന അപ്പസ്തോലിക ഹയരാർക്കിയോടുള്ള വിശ്വസ്തവും ഫലപ്രദവുമായ സഹകരണത്തിലും ഈ തലമുറയും അവരുടെ പ്രേഷിതവൃത്തിയിൽ മരിയൻമുദ്ര സ്വീകരിക്കട്ടെ. സന്മനസ്സുള്ള ജനപദങ്ങൾക്കും ജനവിഭാഗങ്ങൾക്കും പ്രത്യേകാധ്വാനത്തിൻേറയും മഹത്തായ അവസരങ്ങളുടേയും ഈ കാലത്തിൽ, നമ്മുടെ പ്രിയപ്പെട്ട ഭാരതത്തിലേയും സമീപസ്ഥരാജ്യങ്ങളിലേയും വിശ്വാസികളുടെ ഹൃദയങ്ങൾ ക്രിസ്തുവിനോടുള്ള ദൃഢവിശ്വാസത്തിൽ ഏകീതമാണെന്നും മററാരുടേയും കീഴിലല്ലെന്നും അറിയുന്നതു നമുക്കു സമാശ്വാസവും പ്രോത്സാഹനവും പ്രദാനം ചെയ്യുന്നു." പൈതൃകമായ അപ്പസ്തോലികാശീർവ്വാദം എല്ലാവർക്കും പ്രദാനം ചെയ്തുകൊണ്ടാണു് സന്ദേശം ഉപസംഹരിച്ചതു്.

ഇപ്രകാരം പ്രശസ്തമായ നിലയിൽ ബോംബെയിൽ നടത്തപ്പെട്ട മരിയൻകോൺഗ്രസ്സു് അതിൻറെ വിവിധ പരിപാടികൾവഴി ദൈവമാതൃഭക്തിയേയും, കത്തോലിക്കാജീവിതാദർശങ്ങളേയും, ഇന്നത്തെ ലോകപുരോഗതിയിൽ ഓരോ മനുഷ്യനും അവശ്യം വിലമതിക്കേണ്ട ജീവിതമൂല്യങ്ങളേയും പ്രദാനംനൽകേണ്ട ആദ്ധ്യാത്മിക ജീവിതാദർശങ്ങളേയും സംബന്ധിച്ച സമ്യക്കായ ഒരു ഉൽബോധനമാണു് ഭാരതാന്തരീക്ഷത്തിൽ പ്രക്ഷേപണം ചെയ്തിട്ടുള്ളതു്. അതിൽ പങ്കെടുത്ത ലോകപ്രസിദ്ധന്മാരായ പണ്ഡിതപ്രസംഗകന്മാരെല്ലാം ഈ തത്വങ്ങളെയാണു് ശക്തിയായി ഉൽബോധിപ്പിച്ചതു് ഈ ആഹ്വാനം ജനഹൃദയങ്ങളിൽ പതിയുകയും പ്രായോഗികജീവിതത്തിൽ പ്രതിഫലിക്കുകയും ചെയ്യുന്നെങ്കിൽ ഭാരതത്തിൻറ ഭാവി ഭാസുരമായിരിക്കുമെന്നു സന്യായം നമുക്കു പ്രതീക്ഷിക്കാം. സമാധാനരാജ്ഞിയായ പരിശുദ്ധ കന്യകമറിയം അതിനുള്ള അനുഗ്രഹം എല്ലാവർക്കും പ്രദാനംചെയ്യുന്നതിനു നമുക്കു പ്രാർത്ഥിക്കാം.

# പ്രസാധകക്കുറിപ്പുകൾ

## കമ്മ്യൂ: ചൈനായിൽനിന്നുള്ള റിപ്പോർട്ടുകൾ വിശ്വസിക്കരുതെന്നു് ജാപ്പ് പ്രധാനമന്ത്രി

കമ്മ്യൂണിസ്റ്റു ചൈനായിൽനിന്നു വരുന്ന റിപ്പോർട്ടുകൾകേട്ടു് ജാപ്പ് ജനത ആകർഷിക്കപ്പെടുന്നുണ്ടു്; എന്നാൽ അവിടത്തെ നല്ല കാര്യങ്ങളെ നിങ്ങൾ കേൾക്കുന്നുള്ള എന്നുകൂടി ധരിക്കണം, എന്നു് ജാപ്പ് പ്രധാനമന്ത്രിയായിരുന്ന മി. യോഷിദാ ജാപ്പ് ജനതയ്ക്കു് ഈയിടെ ഒരു മുന്നറിയിപ്പു നൽകി. ഇദ്ദേഹത്തിൻറെ ഈ ഉദ്ബോധനം ഏററവും യഥാർത്ഥമാണെന്നു് ചൈനയെപ്പററി അവിടത്തെ ഗവമ്മെൻറുവഴിയായും, ഗവമ്മെൻറിൻറെ നിയന്ത്രണത്തിലും പരിശോധനയിലുമിരിക്കുന്ന പത്രങ്ങൾവഴിയായും, ഗവമ്മെൻറിൻറെ ക്ഷണമനുസരിച്ചും മാർഗ്ഗദർശനത്തിലും അവിടം സന്ദർശിച്ചുമടങ്ങുന്ന ഇതരരാജ്യങ്ങളിലെ അനുഭാവികൾ വഴിയായും നമുക്കു ലഭിക്കുന്ന റിപ്പോർട്ടുകളും, ചൈനയിലെ കമ്മ്യൂണിസ്റ്റു ഗവമ്മെൻറിൻറെ പൗരസ്വാതന്ത്ര്യനിഷേധങ്ങൾക്കു് ഇരയായിത്തീർന്നശേഷം അഭയാർത്ഥികളായും ബഹിഷ്കൃതരായും പുറത്തുവരുന്നവരിൽനിന്നും നമുക്കു ലഭിക്കുന്ന റിപ്പോർട്ടുകളും തമ്മിലുള്ള വൈരുദ്ധ്യം സ്പഷ്ടമായി തെളിയിക്കുന്നുണ്ടല്ലോ. ചൈനയിൽ മതപീഡനം പ്രത്യക്ഷമായും പരോക്ഷമായും എത്ര ഭയങ്കരമായിട്ടാണു് നടക്കുന്നതെന്നു് സ്വാനുഭവങ്ങളെ ആധാരമാക്കി. ആ പീഡനത്തിനു വിധേയനായിരുന്ന ഇററാലിയൻ വൈദികൻ കപ്പൽയാത്രക്കിടയിൽ ഫാദർ എബ്രാഹം മററത്തിനു് നൽകിയ ചില വിവരങ്ങൾ ഈ ലക്കത്തിലെ വിമർശനവിഥിയിൽ നാം കാണുന്നുണ്ടല്ലോ. അദ്ദേഹം തന്നെ ചൈനയിലെ രാഷ്ട്രീയനിലയേയും സാമ്പത്തികനിലയേയും സംബന്ധിച്ചും ചില വിവരങ്ങൾ നൽകുകയുണ്ടായി. അതാണു് താഴെ ചേർക്കുന്നതു്.

* * *

## കമ്മ്യൂ: ചൈനയിൽ രാഷ്ട്രീയസ്വാതന്ത്ര്യം കടലാസിൽമാത്രം

ചിയാങ്ങ്കൈഷക്കിൻറെ ഭരണത്തിൽ അതൃപ്തരായിത്തീർന്ന ഒട്ടുവളരെപ്പേർ കമ്മ്യൂണിസ്റ്റു ഭരണം എന്തായിരിക്കുമെന്നറിയാതെ പുതിയ ഭരണത്തെ അനുകൂലിച്ചു അവരിപ്പോൾ വിലപിക്കുകയാണു്. ഗവമ്മെൻറിനേയോ കമ്മ്യൂണിസ്റ്റുപാർട്ടിയേയോ വിമർശിക്കുവാൻ പാടില്ല. എതിരായി സംസാരിക്കുന്നവരു

ടെ ജീവൻ അപകടത്തിലാണ്. മുൻപുണ്ടായിരുന്ന സ്വാതന്ത്ര്യജീവിതത്തിന്റെയും ഉല്ലാസത്തിന്റെയും സ്ഥാനത്ത് ഭീതിയും ആശങ്കയുമാണ് കാണപ്പെടുക. ആരാണ് ഒററുകാരൻ എന്നു നിശ്ചയമില്ലാത്തതിനാൽ ഏററം അടുത്ത ആളുകളോടുപോലും ഹൃദയം തുറന്നു സംസാരിക്കുക സാദ്ധ്യമല്ല. കമ്മ്യൂണിസ്റ്റു ഭരണത്തെ വെറുക്കുന്നവർതന്നെ സ്വയരക്ഷയ്ക്കുവേണ്ടി സ്തുതിച്ചു സംസാരിക്കുകയേയുള്ളു. 1951-ൽ ആയിരക്കണക്കിനു് ആളുകളെ കൊന്നൊടുക്കിയിരുന്നു. ചില സ്ഥലങ്ങളിൽ നൂറുകണക്കിനു ജനങ്ങൾ ആത്മഹത്യ ചെയ്യുന്നുണ്ടു. റഷ്യയുടെ ഇംഗിതത്തിനു വിരോധമായി എന്തെങ്കിലും പ്രവർത്തിക്കുന്നതിനു് ചൈനീസ് പ്രസിഡന്റിനോ പ്രധാനമന്ത്രിക്കോ സാദ്ധ്യമല്ലാത്ത നിലയാണ്.

"ജനങ്ങളുടെ പാർട്ടി" "ജനങ്ങളുടെ ഭരണം" എന്നെല്ലാം പറയുമ്പോൾ ജനങ്ങൾ എന്ന പദത്തിനു വിപരീതമായ അർത്ഥമാണു കൊടുക്കുക. ഗവമെന്റിനെ അനുകൂലിക്കാത്തവർ, കമ്മ്യൂണിസത്തെ അംഗീകരിക്കാത്തവർ, പണക്കാരായിരുന്നവർ, വൈദികർ ഇവരാരും ഉൾപ്പെടുകയില്ല. ഇവരെല്ലാം ജനദ്രോഹികളായിട്ടാണു കരുതപ്പെടുന്നതു്.

ചൈനാ സന്ദർശിക്കുന്ന വിദേശികൾക്കു യാഥാർത്ഥ്യങ്ങളെല്ലാം ഗ്രഹിക്കുക എളുപ്പമല്ല. സ്വതന്ത്രമായി സഞ്ചരിക്കുന്നതിനു് അവസരം കിട്ടാറില്ല. നല്ലവശം മാത്രമെ അവർക്കു കാണിച്ചുകൊടുക്കയുള്ളു.

* * *

## സാമ്പത്തികരംഗത്തും സ്വാതന്ത്ര്യമില്ല

സാമ്പത്തികമായും വ്യാവസായികമായും കഴിഞ്ഞകൊല്ലങ്ങളിൽ കുറെ അഭിവൃദ്ധിപ്പെട്ടിട്ടുണ്ടു്. ചില പ്രദേശങ്ങളിൽ ആ അഭിവൃദ്ധി ദർശിച്ചില്ലെന്നുംവരാം. വ്യക്തികളുടെ സ്വത്തെല്ലാം കൈയടക്കിയതും അനേകരെക്കൊണ്ടു് അടിമവേല ചെയ്യിക്കുന്നതും അതിനു കാരണമായിട്ടുണ്ടു്. ജനങ്ങളെ സംബന്ധിച്ചു്, ഏററം കഷ്ടസ്ഥിതിയിൽ കഴിഞ്ഞിരുന്നവർക്കേ എന്തെങ്കിലും മെച്ചമുള്ളു. ഇടത്തരക്കാരുടെ സ്ഥിതി പണ്ടത്തേതിലും മോശമാണ്. ചൈനയിൽ ഉല്പാദിപ്പിക്കപ്പെടുന്ന സാധനങ്ങൾതന്നെ ജനങ്ങളുടെ ഉപയോഗത്തിനു് അധികം ഉപകരിക്കുന്നില്ല. ഓരോരുത്തർക്കും ഉള്ള സാധനങ്ങളുടെയും ഓരോരുത്തരും വാങ്ങിക്കുന്ന സാമാനങ്ങളുടേയും നിയന്ത്രണം ഏററം കർക്കശമാണ്. ഒരുദാഹരണം പറയാം. കുറച്ചു് എണ്ണ സ്വന്ത ഉപയോഗത്തിനു വേണമെന്നുവച്ചാൽ അതുപോലും പലപ്പോഴും കിട്ടുകയില്ല. ഇന്നയിന്ന സാധനങ്ങൾ ഉപയോഗിക്കുന്നുണ്ടല്ലോ. അവയിൽ എണ്ണയുടെ അംശം ഉള്ളതുമതി. അതിനാൽ എണ്ണ വാങ്ങേണ്ടതില്ല എന്നായിരിക്കും കല്പന. കാർ, വാച്ചു് മുതലായ വിലപിടിച്ച സാധനങ്ങൾ വ്യക്തികൾക്കു് ഇല്ലെന്നുപറയാം. കമ്മ്യൂണിസ്റ്റു പാർട്ടി മെമ്പറന്മാർക്കും ഗവർമ്മെന്റുദ്യോഗസ്ഥന്മാർക്കും എല്ലാവിധ സുഖസൗകര്യങ്ങളും ലഭിക്കുന്നുണ്ടു്.

റഷ്യാ ചൈനയ്ക്കു വളരെ യന്ത്രസാമഗ്രികൾ സംഭാവനചെയ്തു സഹായിക്കുന്നുവെന്നു പ്രചരണം നടത്തുന്നുണ്ടു്. എന്നാൽ ഇപ്പോൾ കൊടുക്കുന്നവയിൽ നല്ലൊരു പങ്കു് ചൈനയിൽനിന്നു മുമ്പു റഷ്യയിലേക്കു കടത്തിക്കൊണ്ടുപോയവതന്നെയാണു്.

## ഇൻഡ്യൻ കമ്മ്യൂണിസ്റ്റുകാരെ നെഹ്രു അപലപിക്കുന്നു

### രാജ്യത്തിന്റെ സാമ്പത്തികഘടനയെ തകർക്കാൻ കച്ചകെട്ടിയിരിക്കുന്നവരെന്നു്

നെഹ്രു ഡെൽഹിസ്റ്റേററു് കോൺഗ്രസ്സുകമ്മററിയുടെ ആഭിമുഖ്യത്തിലുള്ള ഒരു പൊതുയോഗത്തിൽ ചെയ്ത, 80 മിനിട്ടുനേരം ദീർഘിച്ച, പ്രസംഗത്തിൽ അധികവും ഇൻഡ്യൻ കമ്മ്യൂണിസ്റ്റുകാരെ പരാമർശിക്കുന്നതായിരുന്നു. ദേശീയപ്രശ്നങ്ങളിൽ അവർ ഇൻഡ്യയ്ക്കും ഇൻഡ്യജനതയ്ക്കും വിരുദ്ധമായ മനോഭാവമാണു് പ്രകടിപ്പിക്കുന്നതെന്നു് അദ്ദേഹം അപലപിച്ചു. അതിലൊരു ഭാഗം ഉദ്ധരിക്കാം:-

"അവർ ജനിച്ച നാട്ടിൽ പ്രഭാതം എന്നൊന്നുണ്ടാകാറില്ല. പ്രചോദനത്തിനും നേതൃത്വത്തിനുമായി അവർ എന്നും എപ്പോഴും പുറത്തേയ്ക്കു നോക്കുന്നു. രാജ്യക്ഷേമത്തെ തടയാൻ മുഖ്യമായി ചെയ്യേണ്ടതു് ആഭ്യന്തരകലാപങ്ങളും അക്രമവും രക്തച്ചൊരിച്ചിലും മുഖേനയാണെന്നുള്ള പക്ഷക്കാരണവർ. തെലുങ്കാനായിൽ അവർ അക്രമസമരം അഴിച്ചുവിട്ടു അതിപ്പോൾ ഉപേക്ഷിച്ചിരിക്കയാണു്. രംഗം സജീവമായി വയ്ക്കാനാണു് എപ്പോഴും അവരുടെ ശ്രമം. അതിനായി ഗവമെന്റിനെതിരായി ജനങ്ങളെ ഇളക്കിവിടാൻവേണ്ടി അവർ പണിമുടക്കുകൾ നടത്തുകയോ അതുപോലെയുള്ള നടപടികളിൽ ഏർപ്പെടുകയോ ചെയ്യുന്നു. ബാങ്കുജീവനക്കാരെക്കൊണ്ടു് കമ്മ്യൂണിസ്റ്റുകാർ ഒരു പണിമുടക്കു് പ്രഖ്യാപിപ്പിച്ചു ഇവരുടെ ഈ പണിമുടക്കുമൂലം ബാങ്കുജീവനക്കാർക്കു് ഒരു ഗുണവും ഉണ്ടാകാൻ പോകുന്നില്ലെന്നുള്ളതു സ്പഷ്ടം. പൊതുജനങ്ങൾ ഒന്നും നേടാൻ പോകുന്നില്ല. ഇത്തരം നടപടികളിലേക്കു ജനങ്ങളെ ഇളക്കിവിടണമെന്ന മൗലികലക്ഷ്യം മാത്രം നോക്കി കമ്മ്യൂണിസ്റ്റുകാർ ഈ പണിമുടക്കിനെ പിന്താങ്ങുകയാണു്."

* * *

## റഷ്യയിൽ എവിടേയും ഇരുമ്പുമറതന്നെ—ഇൻഡ്യൻവിദ്യാർത്ഥികളുടെ അനുഭവങ്ങൾ

"റഷ്യയിൽ എവിടെയും ഇരുമ്പുമറ കാണാമായിരുന്നു"വെന്നു് സോവ്യററു് യൂണിയനിൽനിന്നു് ഈയിടെ മടങ്ങിയെത്തിയ ഇൻഡ്യൻ വിദ്യാർത്ഥിസംഘത്തിന്റെ സെക്രട്ടറി പ്രസ്താവിക്കുകയുണ്ടായി. തങ്ങളുടെ റഷ്യാസന്ദർശനത്തെപ്പററി കെ. സി മിശ്ര പത്രപ്രതിനിധികളോടു് സംസാരിക്കുകയായിരുന്നു. ഇഷ്ടംപോലെ സന്ദർശനങ്ങൾ നടത്തുന്നതിനോ സോവ്യററു് ജനങ്ങളുമായി സ്വാതന്ത്ര്യമായി ഇടപെടുന്നതിനോ തങ്ങൾക്കു് അനുവാദമില്ലായിരുന്നുവെന്നു് മിശ്ര പറഞ്ഞു. പര്യടനകാലത്തെല്ലാം സോവ്യററു് പോലീസ്സ്, ഇൻഡ്യൻ സന്ദർശകസംഘത്തിന്റെ പോക്കുവരവുകൾ സശ്രദ്ധം സൂക്ഷിച്ചുകൊണ്ടിരുന്നുവെന്നു് മിശ്ര തുടന്നു പ്രസ്താവിച്ചു.

## റഷ്യയിൽ മതത്തോടുള്ള സമരം പുതിയ രീതിയിൽ—

### ശാസ്ത്രീയ നിരീശ്വര പ്രചാരണം

മതത്തെ നിർമ്മൂലനം ചെയ്യുന്നതിനുള്ള കമ്മ്യൂണിസ്റ്റു് റഷ്യയിലെ സംരംഭങ്ങൾ പഴയപോലെ തുടരുകയാണു്. എങ്കിലും അതിനു പുതിയ രീതി സ്വീകരിച്ചിരിക്കുന്നു. ക്രൈസ്തവസഭാംഗങ്ങളെ അവമാനിക്കുന്ന രീതി നിത്തൽ ചെയ്യണമെന്നു് മതവിരുദ്ധ പ്രചാരകന്മാരോടാവശ്യപ്പെടുന്ന ഒരു സോവ്യററു് ഉത്തരവ് നവംബർ 11-ാംനു- കമ്മ്യൂണിസ്റ്റുപാർട്ടിയുടെ ഔദ്യോഗികപത്രമായ "പ്രവദ" പ്രസിദ്ധപ്പെടുത്തി. പാർട്ടിയുടെ തലവൻ ക്രൂഷേവു് ഒപ്പിട്ട ഉത്തരവിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു: "വിശ്വാസികളെയും വൈദികന്മാരെയും അപമാനിക്കുകയും അധിക്ഷേപിക്കുകയും ചെയ്താൽജനങ്ങളുടെ ഇടയിലുള്ള മതപരമായ മുൻധാരണകൾ ശക്തിപ്പെടാനിടയുണ്ടു് ഇതിനു പകരം വിശ്വാസികളുടെ ഇടയിൽ ക്ഷമയോടുകൂടി സുസംഘടിതമായ ശാസ്ത്രീയ നിരീശ്വരത്വ പ്രചാരണം നടത്തുകയാണെങ്കിൽ ഒടുവിൽ അവർ അവരുടെ മതപരമായ തെറവുകളിൽനിന്നു സ്വതന്ത്രരായിത്തീരും." സോവ്യററു് ജനതയുടെ ഇടയിൽ പുതിയ നിരീശ്വരത്വപ്രചാരണം ആരംഭിച്ചിട്ടു് ഇപ്പോൾ അഞ്ചുമാസമായി. ഇതു കഴിഞ്ഞ ഇരുപതു കൊല്ലവർഷങ്ങളിൽ ഉണ്ടായിട്ടുള്ള മതവിരുദ്ധ പ്രചാരണങ്ങളിൽവച്ചു് ഏററവും ഉഗ്രവും സുസംഘടിതവും ആണു്. "പ്രവദാ" വിവരിക്കുന്ന ഇപ്പോഴത്തെ പ്രചാരണത്തിലും ക്രൂഷേവിന്റെ ഉത്തരവിലും കൗശലവും തന്ത്രവും നിറഞ്ഞ ചില രീതികളാണു് നിർദ്ദേശിച്ചിരിക്കുന്നതു്. "പൊതുജനങ്ങൾക്കു ശാസ്ത്രീയ നിരീശ്വരത്വ വിദ്യാഭ്യാസം നൽകുക" എന്നതാണു ഇപ്പോഴത്തെ പ്രചാരണങ്ങളുടെ ഗൂഢോദ്ദേശ്യം.

പുറമെ നിർദ്ദോഷമെന്നു തോന്നിക്കുന്ന പ്രചരണരീതിയാണു് പ്രധാനമന്ത്രി മലങ്കോവു് ഇപ്പോൾ അവലംബിച്ചുകാണുന്നതു്. ഇതു് ലെനിന്റേയും സ്ററാലിന്റേയും മതപീഡനങ്ങളിൽനിന്നും ക്രൂരതകളിൽനിന്നും വിഭിന്നമാണു്. അവർ പുരോഹിതന്മാരെ അറസ്റ്റുചെയ്യുകയും വെടിവെച്ചു കൊല്ലുകയും പള്ളിസ്വത്തുക്കൾ കണ്ടെടുക്കുകയും ചെയ്തു. റഷ്യയിലെ നിരീശ്വരയൂണിയൻ 1937 ൽ ഒരു സർവെ നടത്തിയപ്പോൾ ഈ സമ്പ്രദായം അത്ര ഫലപ്രദമല്ലെന്നു മനസ്സിലാക്കി. പീഡനങ്ങൾ ഉണ്ടായിട്ടും പട്ടണപ്രദേശങ്ങളിലെ ജനങ്ങളിൽ മൂന്നിലൊരു ഭാഗവും ഗ്രാമപ്രദേശങ്ങളിലെ ജനങ്ങളിൽ മൂന്നിൽ രണ്ടു ഭാഗവും പിന്നെയും മതത്തിൽതന്നെ പിടിച്ചു നിന്നിരുന്നു എന്നു് സർവേ വ്യക്തമാക്കി.

—o—

## അടുത്തയാഴ്ചയിൽ

ഡിസംബർ

16 വ്യാ: വേ. എവുസേബിയോസ് ബർസലായ.

17 വെ: വി. വിവിയാനാ

18 ശ: മാർതോമ്മാശ്ലീഹാ മൈലാപ്പൂർ പ്രത്യക്ഷം.

19 ഞാ: സുവരാ 4-ാംഞായർ

20 തി: വി. ഗോട്ടിലിയെബ്

21 ചൊ: മാർതോമ്മാശ്ലീഹാ

22 ബു: വി. ഫ്രാൻസീസ് കബ്രീനി.

## ഏജൻസി അറിയിപ്പു്

ശ്രീ. കെ. വി. തോമസ്, കരിക്കമ്പള്ളിൽ-നെ ഏത്താപായിലെ സത്യദീപം ഏജൻറായി നിയമിച്ചിരിക്കുന്നു.

മാനേജർ, സത്യദീപം

# മരിയൻജൂബിലിയാഘോഷങ്ങൾ

## നെടിയശാല

മരിയൻജൂബിലി സംബന്ധിച്ചു് പുറപ്പുഴ, നെടിയശാല ഇടവകക്കാർ ചേർന്നു് ജപമാലപ്രദക്ഷിണം നടത്തി. ദിവ്യകാരുണ്യാശീർവ്വാദം കഴിഞ്ഞു് റവ. ഫാദർ മാത്യു വെള്ളാക്കൽ, മരിയൻജൂബിലി നൽകുന്ന സന്ദേശമെന്തെന്നു വിശദീകരിച്ചുകൊണ്ടു് ഒരു പ്രസംഗം ചെയ്തു.

## അരിമ്പൂർ

ഈ പള്ളിയിൽ മരിയൻജൂബിലി സമാപന ചടങ്ങുകളോടനുബന്ധിച്ചു സെൻറു് വിൻസെൻറു ഡി പോൾ സംഘത്തിന്റെ 4-ാംവാർഷികവും മരിയസഖ്യത്തിന്റെ 26-ാം വാർഷികവും ഡിസംബർ 5-ാംനു- തൃശ്ശൂർ. ഡിസ്ട്രിക്ടു് ജഡ്ജി ശ്രീ. പി. ഡി. തൊമ്മൻ എം. എ; ബി. എൽ അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. റവ. ഫാദർ സെബാസ്റ്റ്യൻ തേർമഠം എം.ഒ എൽ. ശ്രീമതി എ. കെ. ട്രീസാ എന്നിവർ പ്രസംഗിച്ചു വിവിധകലാപരിപാടികളും "ലൂർദ്ദിലെ കന്യക" എന്ന പ്രഹസനാഭിനയവും ഉണ്ടായിരുന്നു.

## നെയ്യശ്ശേരി

ഇവിടത്തെ മയൻജൂബിലി ആഘോഷങ്ങൾ ഡിസംബർ 3, 4 5, എന്നി തിയതികളിൽ വിവിധപരിപാടികളോടുകൂടി നടത്തപ്പെട്ടിരിക്കുന്നു. 3-ാംനു- വെള്ളിയാഴ്ച പള്ളിയുടെ ശതാബ്ദജൂബിലി പരിപാടികളും ശനിയാഴ്ച സ്ഥലത്തെ വിവിധഭക്ത സംഘടനകളുടെ ആഘോഷങ്ങളും നടന്നു ഉച്ചകഴിഞ്ഞു 3-30നു മിഡിൽ സ്കൂൾഹാളിൽ വെച്ചു് ഫാദർ തോമസ് പരുവനാനി M. A. M. O. L. അവർകളുടെ അദ്ധ്യക്ഷതയിൽ പൊതുയോഗം നടന്നു. ശ്രീ. ആൻഡ്രൂസ് കോടരി B. A. സാഹിത്യവിശാരദ് ശ്രീ കുര്യൻ തിരുതാളിൽ എന്നിവർ പ്രസംഗിച്ചു. പ്രഹസനം, ഡാൻസ് മുതലായ വിവിധകലാപരിപാടികൾ യോഗത്തെ മോടി പിടിപ്പിച്ചു.

5-ാംനു- ഞായറാഴ്ച മര്യൻ ജൂബിലി പ്രമാണിച്ചു ഉച്ചകഴിഞ്ഞു നെയ്യശ്ശേരി, കരിമണ്ണൂർ, കോടിക്കുളം, ഉടുമ്പന്നൂർ, ചീനിവുമുതലക്കോടം, കാപ്പിയാർ L F എന്നിപള്ളികളിൽനിന്നുള്ള പ്രദക്ഷിണങ്ങൾ 3-30നു് നെയ്യശ്ശേരി പള്ളിയുടെ മുൻവശത്തുള്ള മേരിനഗറിൽ എത്തിച്ചേന്നു അവിടെ സജ്ജീകരിക്കപ്പെട്ടിരുന്ന പന്തലിൽവെച്ചു വി. കർബാനയുടെ വാഴ്വും അതേതുടന്നു പൊതുയോഗവും നടത്തുകയുണ്ടായി. റവ. ഫാദർ ജോൺ മാറാം M. A. ശ്രീ കെ. എം. ജോർജ്ജ് B. A; B. L. M. L. A. എന്നിവർ പ്രസംഗിച്ചു.

## മണിപ്പുഴ

ജൂബിലിപ്രമാണിച്ചു ഈ ഇടവകയിൽ സ്ഥാപിതമായിരിക്കുന്ന സൊഡാലിററി, മിഷ്യൻലീഗു് എന്നി സംഘടനകളുടെ ആഭിമുഖ്യത്തിൽ എടമലി അസംപ്ഷൻ ദേവാലയത്തിലേക്കു് ഡിസംബർ 8-ാംനു- ഒരു ഘോഷയാത്ര നടത്തി.

300ൽ അധികം സംഘടനാംഗങ്ങളും 3000ത്തോളം ഭക്തജനങ്ങളും അതിൽ സംബന്ധിച്ചു.

ദേവാലയത്തിൽ എത്തിയശേഷം ദിവ്യകാരുണ്യവാഴ്വു് ജൂബിലിവത്സരപ്രാർത്ഥനയും നടത്തി. ഗാനങ്ങൾ ഭംഗിയായി അവതരിപ്പിച്ചു.

## മൂക്കന്നൂർ

സ്ഥലം മരിയസഖ്യത്തിന്റെ ആഭിമുഖ്യത്തിൽ മരിയൻജൂബിലി സമാപനം സമംഗളം കൊണ്ടാടപ്പെട്ടിരിക്കുന്നു. ഉച്ചതിരിഞ്ഞു് രണ്ടരമണിയോടുകൂടി ചെറുപുഷ്പാശ്രമ ദേവാലയത്തിൽനിന്നു അമലോത്ഭവജനനിയുടെ തിരുസ്വരൂപവും സംവഹിച്ചുകൊണ്ടു് ഇടവക ദേവാലയത്തിലേക്കു് ഒരു ജപമാലാ പ്രദക്ഷിണം നടത്തപ്പെട്ടു. ജാഥാ പള്ളിയിൽ എത്തിയതിനെതുടന്നു് ദിവ്യകാരുണ്യാശീർവ്വാദവും അനന്തരം റവ ഫാദർ ഒഫേനിയൂസ് T. O. C. D. അവർകളുടെ അദ്ധ്യക്ഷതയിൽ സമാപന സമ്മേളനവും നടന്നു. എറണാകുളം സെൻറു് തെരേസാസ്സ് കോളേജു് വിദ്യാർത്ഥിനിയായ കുമാരി റീത്താ ജോൺ പ്രസംഗിച്ചു.

## കരാഞ്ചിറ

കാരഞ്ചിറ പള്ളിയുടെ ആഭിമുഖ്യത്തിൽ മരിയൻജൂബിലി 20, 21 തിയതികളിൽ നടത്തി. ശനിയാഴ്ച റവ. ഫാ. ലാസർ ടി. ഒ. സി. ഡി. ബി എ. എൽ. ടി. അവർകളുടെ ധ്യാനപ്രസംഗങ്ങളും ഞായറാഴ്ച കാലത്തു വിശുദ്ധ കർബാന, പ്രസംഗം, പൊതുദിവ്യകാരുണ്യസ്വീകരണം മുതലായവയും നടത്തി. ഉച്ചതിരിഞ്ഞു 3 മണിമുതൽ 4 മണിവരെ തിരുമണിക്കൂർ ആരാധന നടന്നു അനന്തരം ഇടവകജനങ്ങളുടെ ഒരു ജപമാലപ്രദക്ഷിണം പള്ളിയിൽനിന്നു പുറപ്പെട്ടു കാട്ടൂർവടക്കുമുറി പള്ളി അങ്കണത്തിൽ സമ്മേളിച്ചു റവ. ഫാ. ലാസർ. ടി. ഒ. സി. ഡി പ്രസംഗിച്ചു.

## കല്ലൂർ

കല്ലൂർ പടിഞ്ഞാറു, കിഴക്കു പള്ളികളുടെ സംയുക്താഭിമുഖ്യത്തിൽ 28-ാംനു- ഞായറാഴ്ച ഉച്ചതിരിഞ്ഞു് പാലക്കപ്പറമ്പു് മൈതാനത്തിൽവച്ചു്. മരിയൻജൂബിലി സമാപനാഘോഷം റവ. ഫാദർ തെക്കിനിയത്തു് ബി. എ. അവർകളുടെ അദ്ധ്യക്ഷതയിൽ കൊണ്ടാടുകയുണ്ടായി. തദവസരത്തിൽ പി. സി. എൽ. ഇഗ്നേഷ്യസ് പ്രസംഗിക്കുകയുണ്ടായി. പ്രത്യേകം സജ്ജമാക്കിയ പുപ്പന്തലിൽ വെച്ചു ദിവ്യകാരുണ്യാശീർവ്വാദവും നൽകപ്പെട്ടു.

## മുതകരംപുഴ

മരിയൻജൂബിലി സംബന്ധിച്ചു ആഘോഷങ്ങൾ സ്ഥലം സെൻറഗസ്റ്റിൻസ് പള്ളിയങ്കണത്തിൽവച്ചു കൊണ്ടാടപ്പെട്ടു. തിരുവന


തൈക്കാട്ടു് മൂസ്സ് വക

ഇ. ടി. എം. വൈദ്യശാല

ബ്രാഞ്ചു്:— ആലുവാ റെയിൽവേസ്റ്റേഷനു സമീപം

എല്ലാ വ്യാഴാഴ്ചയും ഒരു മണി മുതൽ അഞ്ചുമണിവരെ

ഡി. എ. മൂസ്സ് അവർകൾ

വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ചു ചികിത്സ നിശ്ചയിക്കുന്നതുമാണു്

തിരുസഭാചരിത്രം 53

# പ്രശസ്തരായ നാലു സഭാപിതാക്കന്മാർ

## വി. ജോൺ ക്രിസോസ്തോം (St. John Chrysostom)

(പ്രൊഫസർ പി. ടി. തോമസ് എം. എ)

ആരിയൻ പാഷണ്ഡതയുടെ തിരോധാനത്തോടുകൂടി പരിശുദ്ധ ത്രിത്വത്തേയും ക്രിസ്തുവിൻെറ ദൈവത്വത്തേയും സംബന്ധിച്ചുണ്ടായ അന്തഃഛിദ്രങ്ങളിൽനിന്നും സഭ വിമുക്തയായി. ഏതാണ്ടു നാല്പതു സംവത്സരങ്ങൾക്കുശേഷമാണ് നെസ്തോറിയസിൻെറ നേതൃത്വത്തിൽ പ്രചണ്ഡമായ ഒരു പുതിയ പാഷണ്ഡത വീണ്ടും രംഗപ്രവേശം ചെയ്യുന്നതു. രൂക്ഷമായ രണ്ടു സമരങ്ങളുടെ ഇടയ്ക്കുള്ള ഈ കാലഘട്ടത്തിലാണു വി. ജോൺ ക്രിസോസ്തോം, വി. ജറോം, വി. അംബ്രോസ്, വി. അഗസ്റ്റിനോസ് എന്നീ നാലു പ്രമുഖപിതാക്കന്മാർ വിശ്വാസസംരക്ഷണത്തിനുവേണ്ടി അവരുടെ നിസ്തുലസേവനം അർപ്പിച്ചതു്. ഇവരിൽ ക്രിസോസ്തോം പൗരസ്ത്യനും (Greek) മററു മൂന്നുപേർ പാശ്ചാത്യരും (Latin) ആണ്.

ജോൺ ക്രിസോസ്തോം എ. ഡി. 344 നോടടുത്തു് അന്ത്യോക്യയിൽ ജനിച്ചു. മാതാപിതാക്കന്മാർ കുലീനരും സമ്പന്നരുമായിരുന്നു. ജോണിനു് ഒരു വയസ്സുമാത്രം പ്രായമായിരുന്നപ്പോൾ പിതാവു മരിക്കുകയാൽ മാതാവായ അന്തൂസാ (Anthusa) യാണ് ബാലൻെറ വിദ്യാഭ്യാസം സംബന്ധിച്ചു മുഴുവൻ ചുമതലയും വഹിച്ചതു്. ഇരുപതാമത്തെ വയസ്സിൽ ജോൺ, ലീബാനിയൂസ് (Libanius) എന്നു പേരായ ഒരു പ്രസിദ്ധ അക്രൈസ്തവപണ്ഡിതൻ നടത്തിയിരുന്ന വിദ്യാലയത്തിൽ പ്രവേശിച്ചു. എല്ലാ വിജ്ഞാനശാഖകളിലും ജോൺ അത്ഭുതകരമായ സാമർത്ഥ്യം പ്രകടിപ്പിച്ചു. ജോൺ തനിക്കു അനുയോജ്യനായ ഒരു പിൻഗാമിയായിത്തീരുമെന്നും വിദ്യാലയത്തിൻെറ ചുമതല ഏറെറടുക്കുമെന്നും ലിബാനിയൂസ് പ്രത്യാശിച്ചു. എന്നാൽ സുചരിതയായ മാതാവിൻെറ സ്വാധീനം കുട്ടിയെ ഭക്തിമാർഗ്ഗത്തിലേക്കു തിരിക്കുകയാണുണ്ടായതു്. ഇതുമൂലം ഇച്ഛാഭംഗം നേരിട്ട ലിബാനിയൂസ് ഇപ്രകാരം പ്രസ്താവിക്കയുണ്ടായി: "അല്ലയോ ദേവന്മാരേ, ഈ ക്രൈസ്തവസ്ത്രീകൾ എത്ര മികച്ചവരാണ്."

നാടകശാലകൾ, വിജ്ഞാനമന്ദിരങ്ങൾ, പട്ടണത്തിലെ പൊതുസമ്മേളനസ്ഥലങ്ങൾ ഇവയെല്ലാം ജോൺ വിട്ടുപേക്ഷിച്ചു പ്രാർത്ഥനയിലും വിശുദ്ധഗ്രന്ഥപാരായണത്തിലും ആമഗ്നനായി. അന്ത്യോക്യയിലെ മെത്രാനും ഒരു പുണ്യാത്മാവുമായിരുന്ന മെലിററിയൂസും (Meletius) ഡിയോഡോറസ് (Deadorus) എന്ന വൈദികനുമായിരുന്നു മതകാര്യങ്ങളിൽ അദ്ദേഹത്തിൻെറ മാർഗ്ഗദർശികൾ. മൂന്നു സംവത്സരത്തെ നിഷ്കൃഷ്ടമായ ശിക്ഷണത്തിനുശേഷം അദ്ദേഹം ജ്ഞാനസ്നാനം സ്വീകരിച്ചു. അമ്മയുടെ മരണത്തിനുശേഷം അദ്ദേഹം അന്ത്യോക്യയുടെ പ്രാന്തങ്ങളിലുണ്ടായിരുന്ന മലകളിലേക്കു് പിൻവാങ്ങി അവിടെയുണ്ടായിരുന്ന സന്യാസികളോടുകൂടി ആറു വർഷം കഴിച്ചുകൂട്ടി. രണ്ടു വർഷം കൂടി അദ്ദേഹം ഒരു ഗുഹയിൽ ഏകാന്തജീവിതം കഴിച്ചു. കഠിനമായ തപശ്ചര്യകൾ അദ്ദേഹം സ്വയം പരിശീലിച്ചു. ഉറക്കം വരുമ്പോൾ തറയിൽ കിടക്കുക പതിവില്ലായിരുന്നു. കഠിനമായ ശൈത്യബാധ സഹിക്കുവാൻ സ്വയം പരിശീലിച്ചു ശരീരാവയവങ്ങളെ അമർച്ച ചെയ്തു് ഇന്ദ്രിയനിഗ്രഹം സാധിക്കുകയെന്നതായിരുന്നു അദ്ദേഹത്തിൻെറ ഉദ്ദേശം. വെറുപ്പത്തിൽ ലഹരിസാധനങ്ങൾ ഉപയോഗിക്കുന്നതും, വിലപിടിച്ചതും സ്വാദുള്ളതുമായ ഭക്ഷണസാധനങ്ങൾ കഴിക്കുന്നതും, പൊതുസ്ഥാനലട്ടങ്ങളിൽ വിഹരിക്കുന്നതും അദ്ദേഹത്തിനു പ്രിയംകരമായിരുന്നു. ദീർഘനാളത്തെ തപക്രിയകൾ ശരീരത്തിൻെറ സ്വാഭാവികമായ കഴിവുകളെ അതിലംഘിക്കുന്നതായി അദ്ദേഹത്തിനു് അനുഭവപ്പെട്ടു. സഹനം അതിൻെറ പരമാവധി കണ്ടുകഴിഞ്ഞു ഒടുവിൽ രോഗം പിടിപെടുകയാൽ പട്ടണത്തിലേക്കു മടങ്ങിപ്പോകുവാൻ അദ്ദേഹം നിർബ്ബന്ധിതനായിത്തീർന്നു.

മെലിററിയൂസ് മെത്രാനിൽനിന്നും എ. ഡി. 381ൽ ജോൺ ശമ്മാശ് പട്ടം സ്വീകരിച്ചു. 386ൽ വൈദികനുമായി. ഭാരമേറിയ ചുമതലകളോടു ചേർന്ന പൗരോഹിത്യപദം അദ്ദേഹത്തെക്കൊണ്ടു സ്വീകരിപ്പിക്കുവാൻ ശക്തിയായ പ്രേരണകൾ വേണ്ടിവന്നു. അദ്ദേഹം രചിച്ചിട്ടുള്ള "പൗരോഹിത്യം" (On the Priesthood) എന്ന വിശിഷ്ടഗ്രന്ഥത്തിൽ വൈദികരുടെ പാപമോചനാധികാരത്തെപ്പററി ഇപ്രകാരം പറയുന്നു: "ഭൂമിയിൽ വൈദികർ ചെയ്യുന്നതിനെ മുകളിൽ ദൈവം സ്ഥിരീകരിക്കുന്നു. ഭൃത്യൻെറ വിധിവാക്യങ്ങളെ യജമാനൻ ദൃഢീകരിക്കുന്നു."

അടുത്ത പത്തു വർഷക്കാലം ക്രിസോസ്തോം വിശുദ്ധഗ്രന്ഥങ്ങളെ സംബന്ധിച്ചുള്ള തൻെറ വിശ്വവിശ്രുതങ്ങളായ പ്രഭാഷണങ്ങൾ നടത്തുകയുണ്ടായി. പ്രസ്തുത പ്രസംഗങ്ങൾ ലോകത്തിലെ അതുല്യനായ മതപ്രസംഗകൻ എന്ന കീർത്തി അദ്ദേഹത്തിനു നേടിക്കൊടുത്തു. സുവർണ്ണഭാഷി (Golden-mouthed) എന്നർത്ഥം വരുന്ന ക്രിസോസ്തോം എന്ന ഉപനാമം അദ്ദേഹത്തിനു സിദ്ധിച്ചതുതന്നെ അദ്ദേഹത്തിൻെറ അനുഗൃഹീതമായ വാഗ്വിലാസംകൊണ്ടാണ്. ഗഹനമായ തത്വങ്ങളെപ്പററി ചർച്ച ചെയ്യുന്നതിനേക്കാൾ കൂടുതലായി അദ്ദേഹം ശ്രദ്ധിച്ചിരുന്നതു് മതത്തെ സംബന്ധിക്കുന്ന പ്രായോഗികപാഠങ്ങളെ ശ്രോതാക്കൾക്കു ഹൃദിസ്ഥമാക്കിക്കൊടുക്കുന്നതിലാണ്. അനർഗ്ഗളവും, സ്വാഭാവികവും, അത്യാകർഷകവുമായ രീതിയിൽ, സന്ദർഭോചിതങ്ങളായ ഉദാഹരണങ്ങളുടെയും ഉപമകളുടെയും, സുന്ദരങ്ങളായ ഉൽപ്രേക്ഷകളുടെയും സഹായത്തോടുകൂടി, നിറഞ്ഞ ആത്മാർത്ഥതയിൽനിന്നു് അദ്ദേഹം ജീവനുള്ള ആശയങ്ങളെയും തീക്ഷ്ണമായ വികാരങ്ങളെയും പ്രായോഗികമായ ആദ്ധ്യാത്മികചിന്തകളെയും ശ്രോതാക്കളിലേക്കു പകർന്നിരുന്നു. കർദ്ദിനാൾ ന്യൂമൻ ക്രിസോസ്തോമിൻെറ പ്രഭാഷണചാതുരിയെ പ്രശംസിക്കുന്നതു് ഇപ്രകാരമാണ്: "പറയുവാനുള്ള കാര്യങ്ങളെക്കൊണ്ടു അദ്ദേഹത്തിൻെറ ഹൃദയവും ശിരസ്സും നിറഞ്ഞു തുളുമ്പിയിരുന്നതുകൊണ്ടാണ് അദ്ദേഹം പ്രസംഗിച്ചതു്. കപ്പടസ്വഭാവികത അദ്ദേഹത്തിൻെറ പ്രസംഗരീതിയുടെ ഒരു പ്രത്യേകതയായിരുന്നു. ഏകാഗ്രമായ ഒരു ഉദ്ദേശം, ആ ഉദ്ദേശത്തെപ്പററിയുള്ള ദൃഢമായ ബോധം, ഉൽകൃഷ്ടമായ ആത്മാർത്ഥത, ഇവയാണ് അദ്ദേഹത്തിൻെറ അതുല്യമായ ആകർഷണീയതയുടെ നിദാനം."

ക്രിസോസ്തോം വൈദികപദവിയിൽ പ്രവേശിച്ചു് അല്പം കഴിഞ്ഞപ്പോൾ അന്ത്യോക്യയിൽ ഒരു ജനക്ഷോഭം ഉണ്ടായി. ചക്രവർത്തിയായ തിയോഡോഷ്യസ് (Theodosius) പുതുതായി ചുമത്തിയ ഒരു നികുതിയോടുള്ള പ്രതിഷേധം ഒരു കലാപത്തിൻെറ രൂപം കൈക്കൊണ്ടു. പ്രക്ഷുബ്ധരായ നഗരവാസികൾ രാജകീയപ്രതിമകളെ അവയുടെ പീഠങ്ങളിൽനിന്നു പറിച്ചെറിഞ്ഞ ശേഷം തെരുവീഥികളിൽക്കൂടി വലിച്ചിഴച്ചുകൊണ്ടു പോയി. ചക്രവർത്തിയുടെ പ്രതികാരാഗ്നി നഗരത്തേയും ജനങ്ങളേയും ദഹിപ്പിച്ചുകളയുമെന്നു് എല്ലാവരും ഭയന്നു. ഈ വിപത്സന്ധിയിൽ ക്രിസോസ്തോം നഗരത്തിലെ വലിയ ബസലിക്കായുടെ പ്രസംഗപീഠത്തിൽ കയറിനിന്നുകൊണ്ടു് പ്രതിമകളെപ്പററി (On the Statues) യുള്ള ഒരു പ്രസംഗപരമ്പര സമാരംഭിച്ചു. ഓരോ ദിവസവും അനേകായിരങ്ങൾ അദ്ദേഹത്തെ ശ്രവിച്ചു. അവരുടെ ഹൃദയങ്ങൾ ധൈര്യംകൊണ്ടും പ്രത്യാശകൊണ്ടും നിറഞ്ഞു. ഇരുപത്തിഒന്നു ദിവസം അദ്ദേഹം പ്രസംഗിച്ചു. അതിനിടയ്ക്കു് അന്ത്യോക്യയിലെ ഫ്ളവിയൻ (Flavian) മെത്രാൻ തിടുക്കത്തിൽ കോൺസ്റ്റൻറിനോപ്പിളിലെത്തിച്ചേർന്നു് ചക്രവർത്തിയോടു മാപ്പപേക്ഷിച്ചു. അദ്ദേഹം അപേക്ഷ സദയം സ്വീകരിച്ചു മാപ്പു നൽകുകയും ചെയ്തു.

എ. ഡി. 397ൽ കോൺസ്റ്റാൻറിനോപ്പിളിലെ പാത്രിയർക്കീസ് മരണമടഞ്ഞു. അദ്ദേഹത്തിൻെറ പിൻഗാമിയായി ക്രിസോസ്തോം തിരഞ്ഞെടുക്കപ്പെട്ടു. അന്ത്യോക്യയിലെ ജനങ്ങളുടെ എതിർപ്പിനെ ഭയന്നു അദ്ദേഹത്തെ രഹസ്യമായിട്ടാണ് അവിടെനിന്നും കൊണ്ടുപോയതു്. അചിരേണ കോൺസ്റ്റാൻറിനോപ്പിളിലും അദ്ദേഹം അന്ത്യോക്യയിലെപ്പോലെ തന്നെ ജനസമ്മതി ആർജ്ജിച്ചു. ക്രിസോസ്തോം പ്രസംഗിക്കുന്നു എന്നു കേട്ടാൽമതി ദൈവാലയം നിറഞ്ഞുകഴിയും. അദ്ദേഹത്തിൻെറ പ്രസംഗം എത്ര കേട്ടാലും ജനങ്ങൾക്കു് മതിയാവില്ലായിരുന്നു. ഓരോ വാക്കും വ്യക്തമായി കേൾക്കുന്നതിനുവേണ്ടി പ്രസംഗപീഠത്തോടു ഏററം അടുത്തെത്തുവാൻ ജനങ്ങൾ വലിയ തിക്കും തിരക്കും കൂട്ടിയിരുന്നു.

സമകാലികന്മാരുടെ വിവരണത്തിൽനിന്നും അദ്ദേഹത്തിൻെറ ആകൃതിയെപ്പററി ഒരു സാമാന്യരൂപം നമുക്കു ലഭിക്കുന്നുണ്ടു. പൊക്കം കുറഞ്ഞ ശരീരം, നീണ്ട കൈകാലുകൾ, ഉയർന്നു ചുളിവീണ നെററിത്തടം, കുഴിഞ്ഞ കണ്ണുകൾ, തീക്ഷ്ണവും തുളച്ചുകയറുന്നതുമായ ദൃഷ്ടി, കഷണ്ടിബാധിച്ച ശിരസ്സ്, വിളറിയ കവിൾത്തടം, നീളം കുറഞ്ഞ താടി ഇവയെല്ലാം കൂടിച്ചേരുമ്പോൾ ആ താപസൻെറ ആകൃതി പൂർണ്ണമാകുന്നു. ആദ്യകാലത്തെ തപശ്ചര്യകൾ മൂലം ശരീരം വളരെ മെലിഞ്ഞിരുന്നതിനാൽ അദ്ദേഹം തന്നെ തന്നെ ഒരു എട്ടുകാലിയോടു ഉപമിക്കാറുണ്ടായിരുന്നു.

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press,
Ernakulam—1

# പാലയ! ലോകേശ്വരി!

("സമ്പൂതമെൻ പ്രേമസായൂജ്യ" എ. മ.)


സമ്പൂതമാം സ്നേഹപീയൂഷമായിടും
തായേ! ദയാപൂരിതേ!
ഏഴകളാമിവർക്കാശ്വാസദീപമേ!
മന്നിൽത്തെളിഞ്ഞിടുക......മന്നിൽ......

(1) നിൻസ്നേഹഗീതം—പാടീടുവാനായ്,
നിത്യവും വാഴ്ത്തീടുവാൻ
ഞങ്ങൾക്കനുഗ്രഹം—തൂകിടുകെന്നുമേ
മാനവർക്കാധാരമേ!...... (സമ്പൂ)

(2) പാപികളാമിവർ—കേണിടാതൂഴിയിൽ
സാനന്ദം മേവിടുവാൻ
ഏകിടണേ വരം—സന്താപഹാരിണി!
വാനവസംപൂജിതേ!...... (സമ്പൂ)

(3) മാനവരെങ്ങ—ഒന്നായിക്കൂടി
ശാന്തിയിൽ സൗഭാഗ്യരായ്
ശോഭിക്കുവാൻതുണ—നല്കീടണേ മുദാ
പാലയ! ലോകേശ്വരി!...... (സമ്പൂ)

(വർഗീസ് പള്ളിപ്പാടൻ)




(7-ാംപേജ് തുടർച്ച)

നന്തപുരം ബിഷപ്പ് റൈററ് റവ. ഡോക്ടർ വിൻസെൻറ് ഡെരേരാ തിരുമനസ്സിലെ കാർമ്മികത്വത്തിൽ തിരുകർമ്മങ്ങൾ നടന്നു. കൊല്ലം ബിഷപ്പ് റൈററ് റവ. ഡോക്ടർ ജറോം ഫെർണാൻറസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ നടന്ന പൊതുസമ്മേളനത്തിൽ മരിയൻജൂബിലിയിലെ ചിന്താമൃതങ്ങളെ അധികരിച്ചു പ്രസംഗങ്ങളും മി. ജോസഫ് കൈമാപ്പറമ്പൻ കന്യകമറിയത്തിൻെറ മാതൃകാജീവിതത്തെ ക്രോഡീകരിച്ചു ഹൃദ്യമായ ഒരു കഥാപ്രസംഗവും നടത്തി.

### മാറക്കര

ജൂബിലിആഘോഷപരിപാടികൾ സ്ഥലം അടപ്പൂർ സെൻറ് ജോസഫ്സ് ഗേൾസ് ഹൈസ്കൂളിൽവച്ചു് ഡിസംബർ 5-ാംനു ഞായറാഴ്ച നടത്തുകയുണ്ടായി. മാറക്കര, മണ്ണൂർ, കരിമ്പാനി, മൂഴൂർ, അരുവിക്കുഴി, കൂരോപ്പട, ചേപ്പുംപാറ, പങ്ങട എന്നീ സ്ഥലങ്ങളിൽനിന്നുള്ള ജാഥകൾ മുന്നണിയോടുകൂടി സ്കൂൾമൈതാനത്തു വന്നുചേർന്നു. ഉടൻ നടന്ന പൊതുയോഗത്തിൽ റവ. ഫാദർ തോമസ് കലേക്കാട്ടിൽ അദ്ധ്യക്ഷതവഹിക്കുകയും മി. ജോസ് മാറം ബി. എ., മിസ് എ. പി ഏലിക്കുട്ടി എന്നിവർ പ്രസംഗിക്കുകയും ചെയ്തു.

### ഓണന്തുരുത്തു്

മരിയൻജൂബിലി പ്രമാണിച്ചു 5-ാംനു ഞായറാഴ്ച ഏകദേശം രണ്ടായിരത്തിൽപരം ജനങ്ങൾ ഏകോപിച്ചു് സ്ഥലം സെൻറ് സെബാസ്റ്റ്യൻസ് കപ്പേളയിൽനിന്നും നീണ്ടൂർ പ്രാവട്ടം കവല വഴി കൈപ്പുഴ ഫൊറോനപ്പള്ളിയിലേക്കു പരിഹാരപ്രദക്ഷിണം നടത്തുകയും അവിടെ വച്ചു റവ. ഫാ. ഫിലിപ്പ് കാമിച്ചേരി ദിവ്യകാരുണ്യവാഴ്വും പ്രസംഗവും നടത്തുകയും ചെയ്തു.

ഉച്ചകഴിഞ്ഞു 3 മണിക്കു് റവ. ഫാദർ ജോസഫ് കണ്ടാരപ്പള്ളി ബി. എ. ബി. ടി. അവർകളുടെ അദ്ധ്യക്ഷതയിൽ ക്ലബ്ബിൻെറ വാർഷികവും വെരി റവ. ഡോ. എൽ ജെ. ചിററൂർ പി. എച്ച് ഡി, ഡി. ഡി. അവർകളുടെ അദ്ധ്യക്ഷതയിൽ മരിയൻജൂബിലിമഹാമഹവും ആഘോഷിച്ചു. ശ്രീമാന്മാരായ വി. ററി. ജോസ് ബി. എ. ബി. എൽ., സി എം ജോസഫ് ബി. എ. ബി. എൽ. വി. വി. സെബാസ്റ്റ്യൻ ബി എ. ബി. എൽ. എം. എൽ. എ. ജോസഫ് ഇടുക്കുതറ, ബി. എ., ജോർജ്ജ് ജോസഫ് പൊടിപാറ ബി. എ. ബി. എൽ എന്നിവർ പ്രസംഗിച്ചു.

വിശുദ്ധ 10-ാം പിയൂസിൻെറ മാദ്ധ്യസ്ഥത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

Mrs. P. C. C.,
Chengaloor

ചെറുകഥ

# "നല്ല മനുഷ്യൻ"

(ജയിംസ് കെ. സി., മണിമല)

ചാണ്ടിച്ചേട്ടൻ ഒരു നല്ല മനുഷ്യനാണ്. അയാളുമായി ഒരിക്കൽ ഇടപെട്ടിട്ടുള്ളവരൊക്കെ ആ അഭിപ്രായം പറയും. നല്ല മധുരമായ വചനങ്ങൾ, ഹൃദ്യമായ പുഞ്ചിരി, ആരെയും ആകർഷിക്കുന്ന പ്രകൃതം. വായുഗുളികയ്ക്കു പോകുന്നവനും ചാണ്ടിച്ചേട്ടനെ കണ്ടാൽ അല്പംനിന്നു സംസാരിച്ചിട്ടേ പോകൂ.

എല്ലാ വിഷയങ്ങളിലും ചാണ്ടിച്ചേട്ടനു് അറിവുണ്ട്. അവയെപ്പററിയൊക്കെ എത്രനേരം വേണമെങ്കിലും അയാൾ വാചാലമായി സംസാരിക്കും. ആരും ഇടയ്ക്കുകടന്നു ചോദ്യങ്ങൾ ചോദിക്കുന്നതു് അയാൾക്കു ഇഷ്ടമല്ല. ചെറുപ്പക്കാരാരെങ്കിലും അത്തരം ചോദ്യങ്ങളുന്നയിച്ചാൽ ചാണ്ടിച്ചേട്ടൻ ശാന്തമായിപ്പറയും "എടാ! കുഞ്ഞേ! നീ അക്കാര്യം പഠിച്ചിട്ടുവന്നു ചോദിക്ക്." അയാളുടെ "മാന്യത" പരിഗണിച്ചു പലരും ആ നിർദ്ദേശത്തിനു വഴങ്ങുകയേയുള്ളു.

അയൽപക്കത്തു് ഒരു ഭ്രാന്തൻ കിണററിൽവീണു മരിച്ചു. ആർക്കും അതിൽ പരാതിയില്ല. നാട്ടുകാർക്കു ഭ്രാന്തന്റെ ശല്യമൊഴിഞ്ഞല്ലോ എന്നൊരാശ്വാസംകൂടെയായി. പോസ്റ്റുമാർട്ടത്തിനു് അധികാരികൾ വന്നു. ചാണ്ടിച്ചേട്ടനും അങ്ങോട്ടു ചെന്നു. മരിച്ചവൻ ഭ്രാന്തനാണെന്നുതന്നെ അയാളും സമ്മതിച്ചു. പക്ഷെ അയാൾക്കു ഭ്രാന്തില്ലായിരുന്ന കാലത്തു കിണററിന്റെ ഉടമസ്ഥൻ ആ മനുഷ്യനെ ഉപദ്രവിച്ചിരുന്നു എന്നൊരു "വിശേഷം" കൂടെ പറയാൻ ആ നല്ല മനുഷ്യൻ വിസ്മരിച്ചില്ല.

മഹസ്സറൊക്കെ തയ്യാറായിപ്പോയി. കിണററിന്റെ ഉടമസ്ഥൻ കൊലപാതകക്കേസ്സിൽ പ്രതിയായി. ചാണ്ടിച്ചേട്ടൻതന്നെ അയാളെ ജാമ്യത്തിലിറക്കി. കേസു മുറയ്ക്കുനടന്നു. മൂന്നുവർഷത്തിനുശേഷം പ്രതിയെ അഞ്ചുകൊല്ലത്തെ കഠിനതടവിനു ശിക്ഷിച്ചു. അന്നു വൈകിട്ടു് ചാണ്ടിച്ചേട്ടൻ ഭാര്യയോടുപറഞ്ഞു: "അവൻ കുറച്ചാളാകുന്നു. എന്നെ കണ്ടാൽ തലകെട്ടൊന്നെടുക്കാൻ വയ്യാ."

ഭക്തനാണു ചാണ്ടിച്ചേട്ടൻ. പള്ളിയിൽച്ചെന്നാൽ മുഴുവൻ സമയവും അയാൾ മുട്ടിന്മേലേ നിൽക്കൂ. ചില ചെറുപ്പക്കാർ പറയും: "പൂട്ടുകാളയുടെ പിടലിക്കുള്ള തഴമ്പുണ്ടു ചാണ്ടിച്ചേട്ടന്റെ കാലിന്റെ മുട്ടിൽ" എന്നു്. ഒരിക്കലും പള്ളിയിൽപ്പോക്കു മുടക്കുകയുമില്ല.

പള്ളിയിൽ ആരെങ്കിലും അലക്ഷ്യമായി പെരുമാറിയാൽ ചാണ്ടിച്ചേട്ടൻ അപ്പോഴെ വേണ്ട ശിക്ഷ നൽകും. അക്കാര്യത്തിൽ മുഖംനോട്ടമൊന്നുമില്ല. തലയ്ക്കു കിഴുക്കുകിട്ടുമെന്നു ഭയന്നു കുട്ടികൾക്കൊക്കെ അയാളുടെ അടുത്തിരിക്കാൻ മടിയാണു്. ഒരിക്കൽ പതിനൊന്നു "നന്മനിറഞ്ഞ മറിയം" ചൊല്ലി എന്ന കുററത്തിനു് ഒരു കുട്ടിയുടെ ചെവി അയാൾ പൊന്നാക്കിക്കളഞ്ഞു. "പെരുന്നാൾ"ദിവസം പള്ളിയിലിരുന്നു "എങ്ങാണ്ടു നോക്കി"യെന്നും പറഞ്ഞു് ഒരു കുട്ടിയെ ചാണ്ടിച്ചേട്ടൻ പിടലിക്കുപിടിച്ചു പുറംതള്ളിക്കളഞ്ഞു.

ആളുകൾക്കു് ഈ നടപടികളിലൊക്കെ പ്രതിഷേധമുണ്ടു്. പക്ഷെ പള്ളിയിലെ ഭക്തിമുറകളുടെ നേതാവായ ചാണ്ടിച്ചേട്ടനെ എതിർക്കാൻ ആരും ധൈര്യപ്പെട്ടില്ല. അയാളുടെ റിപ്പോർട്ടു വികാരിയച്ചന്റെയടുത്തു കുറെ വിലയുള്ളതാണുതാനും.

രണ്ടു കണ്ണടകളാണു ചാണ്ടിച്ചേട്ടൻ ഉപയോഗിക്കുന്നതു്. ഒന്നു വെള്ളെഴുത്തിനു് മററതു് അകലക്കാഴ്ചയ്ക്കു്. ഒന്നിനു സ്വർണ്ണഫ്രെയിമാണു്. മററതിനു വെള്ളിയും. പക്ഷെ വെള്ളിഫ്രെയിം ഒടിഞ്ഞുപോയതിനുപകരം ചരടുകെട്ടി ചെവിയിൽ ചുററിവച്ചിരിക്കുകയാണു്. കൊച്ചുകുഞ്ഞുങ്ങൾ ചിലപ്പോൾ ഈ പുതിയ "യന്ത്രവിശേഷം" ഉററുനോക്കിയിരിക്കാറുണ്ടു്.

"എന്താ കാണാനാടാ ഇത്ര സൂക്ഷിച്ചുനോക്കുന്നേ" ഒരിക്കൽ ചാണ്ടിച്ചേട്ടൻ അടുത്തിരുന്ന അഞ്ചുവയസ്സുള്ള കുട്ടിയോടു ചോദിച്ചു. അവൻ ഞെട്ടിപ്പോയി. പാവം! താൻ ചെയ്ത തെറെറന്തെന്നു ഇനിയും അവൻ അറിഞ്ഞില്ല. അല്പം കഴിഞ്ഞു പിന്നെയും അവൻ ആ കണ്ണടയന്ത്രം നോക്കിയിരുന്നു.

ആ കുട്ടിയുടെ തലയ്ക്കു് ഒരു കിഴുക്കുകൊടുത്തിട്ടു് ക്രൂദ്ധനായി ചാണ്ടിച്ചേട്ടൻ വി. കുർബാനയിൽ സംബന്ധിച്ചു. ഈ "ഭക്തമുറ" അടുത്തിരുന്ന ചില കുസൃതിക്കുട്ടികളെ പൊട്ടിച്ചിരിപ്പിച്ചു. ചാണ്ടിച്ചേട്ടനു കോപം സഹിച്ചുകൂടെന്നായി. "എടാ, തെമ്മാടികളെ! നിന്നെയൊക്കെ വളത്തിവിട്ടിരിക്കുന്നതിന്റെ ചൊവ്വ്" അയാൾ ആക്രോശിച്ചു. "പിതാവെ! അവരോടു ക്ഷമിക്കണമെ. എന്തുകൊണ്ടെന്നാൽ അവർ ചെയ്യുന്നതെന്താണെന്നു് അവർക്കജ്ഞാതമാണു്." ആ മധുര വാക്യത്തിന്റെ മന്ദ്രധ്വനി അവിടെ അലയടിക്കുകയായിരുന്നു.

II

അന്നാട്ടിലെ ഒരു ചെറുപ്പക്കാരനായ തോമസു് ആയിടയ്ക്കു് ബി. എ. ഓണേഴ്സിനു ഫസ്റ്റു് ക്ലാസ്സിൽ പാസ്സായിവന്നു. അയാളെ അനുമോദിക്കുവാൻവേണ്ടി നാട്ടുകാർ ഒരു യോഗം വിളിച്ചുകൂട്ടി. ആ യുവാവു് അഭിജാതനല്ലെന്നാണു ചിലരുടെയൊക്കെ വയ്പു്. അയാളുടെ പിതാവിന്റെ ജോലി തേങ്ങയാട്ടിക്കൊടുക്കുന്ന ഒരു ചക്കു നടത്തുകയാണു്. ചക്കന്തിമത്തായി, എന്നു ചിലർ അയാളെ വിളിക്കാറുണ്ടു. ആ മനുഷ്യനു പറയത്തക്ക ധനസ്ഥിതിയൊന്നുമില്ല. സ്കോളർഷിപ്പുകൾക്കു പുറമെ ഉദാരമതികളായ ചിലരുടെയൊക്കെ സഹായംകൊണ്ടാണു ചക്കന്തിമത്തായി മകനെ പഠിപ്പിച്ചതു്. പക്ഷെ അയാളുടെ പ്രശസ്തവിജയത്തിന്റെ മുമ്പിൽ അത്ര അഭിമാനാവഹമല്ലാത്ത ഈ പരമാർത്ഥങ്ങളൊക്കെ വിസ്മരിക്കപ്പെട്ടു.

സമ്മേളനസ്ഥലത്തു് ഒട്ടധികം ആളുകൾ കൂടിയിട്ടുണ്ടു്. പലരും തോമസിന്റെ ഭാഗ്യത്തേയും സ്ഥിരോത്സാഹത്തേയും പ്രകീർത്തിച്ചു് അങ്ങുമിങ്ങുംനിന്നു സംസാരിക്കുന്നു. കുടവയററിൽ കയററിവച്ചു മുണ്ടുടുത്തു് പുളിയിലക്കരയൻ നേരിയതും കഴുത്തിലിട്ടു് കറുത്തകാലൻ കുടയും വളഞ്ഞ വടിയും കൈയിൽത്തൂക്കിക്കൊണ്ടു ചാണ്ടിച്ചേട്ടൻ അവിടെയൊക്കെ ചുററിനടന്നു. തോമസു് ചില സുഹൃത്തുക്കളുമായി സംസാരിച്ചുകൊണ്ടിരിക്കുകയാണു്.

"നീ ആ തൊമ്മായോടു് ഇങ്ങോട്ടു വരാൻ പറഞ്ഞേ." ബീഡി വലിച്ചുകൊണ്ടുനിന്ന ഒരു പയ്യന്റെ പുറത്തു വടികൊണ്ടു കുത്തിയിട്ടു ചാണ്ടിച്ചേട്ടൻ പറഞ്ഞു.

"ഏതു തൊമ്മായോടു്" ഞെട്ടിത്തിരിഞ്ഞുനോക്കിയിട്ടു് അവൻ ചോദിച്ചു.

"ആ ചക്കന്തിമത്തായിയുടെ മകൻ തൊമ്മായോടു്" തോമസിനെ ചൂണ്ടിക്കാണിച്ചുകൊണ്ടു ചാണ്ടിച്ചേട്ടൻ വിശദീകരിച്ചു.

അങ്ങനെ ഒരു കുടുംബനാമം ആ പയ്യനു് അപരിചിതമായിരുന്നു. വളരുന്ന തലമുറ ജാതിയുടെയും തൊഴിലിന്റെയും വച്ചുകെട്ടുകൾചേർന്ന പേരു കുറെശ്ശെ മറന്നുതുടങ്ങി. ഏതായാലും അവൻ തോമസിനെ വിവരമറിയിച്ചു. അയാൾ ചാണ്ടിച്ചേട്ടന്റെ അടുത്തേക്കുവന്നു.

"തൊമ്മാ അങ്ങു തടിമാടനായല്ലോടാ. മദ്രാസിലെ ചോറു് ഇത്ര മെച്ചമാണോ? ചെറുപ്പത്തിലൊക്കെ നീ വെറും എല്ലനായിരുന്നു. നിന്റമ്മ എത്ര തവണ നിന്നെയെടുത്തു ഞങ്ങടെ കൊണ്ടുവന്നിട്ടുണ്ടെന്നറിയാമോ? കുഞ്ഞിനു രണ്ടു കുത്തരിച്ചോറു വേണമെന്നും പറഞ്ഞു്." ഘനമേറിയ ഒരു കുശലപ്രശ്നം.

തോമസിന്റെ അഭിമാനത്തിന്റെ പിഞ്ചുചിറകിനു മൊട്ടുസൂചി തറച്ചതുപോലെ ഒരനുഭവം. തന്റെ ദരിദ്രകുടുംബത്തെപ്പററി അയാൾക്കറിയാം. ഒരു പിടി നെല്ലരിച്ചോറിനുവേണ്ടി തന്നെ എടുത്തുകൊണ്ടു് സമ്പന്നന്റെ പടിനിരങ്ങിയ അമ്മയെപ്പററി ഓർത്തപ്പോൾ അയാൾ കരഞ്ഞുപോയി. എങ്കിലും വികാരസംയമനം അയാൾ നല്ലതുപോലെ ശീലിച്ചിരുന്നു.

"എന്തിനാണു ചാണ്ടിച്ചേട്ടൻ വിളിച്ചതു്?" ആ "ചോട്ടാ"മുതലാളിയെപ്പററി തോന്നിയ വെറുപ്പു് ഉള്ളിലൊതുക്കിക്കൊണ്ടു തോമസു ചോദിച്ചു.

"നീ ഇന്നാട്ടു ചിലതൊക്കെ പറഞ്ഞതൊക്കെ ഞാനറിഞ്ഞു. പഠിപ്പും സ്ഥാനവും ബഹുമാനവുമൊക്കെ ദൈവം തരുന്നതാണു്. അതിലൊന്നും അഹങ്കരിക്കരുതു്. എളിമയാണു് ഒന്നാമത്തെ തലപ്പെട്ട ദോഷത്തിനെതിരായ പുണ്യം" ചാണ്ടിച്ചേട്ടൻ ഉപദേശിച്ചു.

അനുമോദനയോഗം നടന്നു. പലരും മി. തോമസിന്റെ ഗുണഗണങ്ങൾ പ്രകീർത്തിച്ചു പ്രസംഗിച്ചു. ചാണ്ടിച്ചേട്ടനു് അതൊ

കാളൻ,

കോഴിക്കോട്

സുപ്രസിദ്ധങ്ങളായ

നിംബാസവം

ദ്രാക്ഷാഘൃതം

ശാരിബാതൈലം


എന്നീ ഔഷധങ്ങളെ സംസ്കരിച്ചുവരുന്നതായ കാളൻ സ്ഥാപനത്തിന്റെ ഒരു സെയിൽസ് ഡിപ്പോ കോഴിക്കോട്ടു് മിഠായി തെരുവിൽ തുറന്നു പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്കു് ടി ഡിപ്പോ സന്ദർശിക്കുകയൊ, താഴെ കാണുന്ന വിലാസത്തിൽ എഴുതുകയൊ ചെയ്യുക.

കാളൻ, നെല്ലായി

N. B:-"കാളൻ" പ്രൊപ്രൈറ്റർ കെ. പി. ഔസേപ്പു് വൈദ്യൻ ഡിസംബർ 20, 21,22 എന്നീ തീയതികളിൽ (തിങ്കൾ, ചൊവ്വ, ബുധൻ) കാലത്തു് 8മണി മുതൽ വൈകുന്നേരം 5മണിവരെ കോഴിക്കോട്ടു് ശാന്തഭവൻ ലോഡ്ജിലെ 23-ാം നമ്പ്ര് റൂമിൽ വെച്ചു് രോഗികളെ സൗജന്യമായി പരിശോധിക്കുന്നതാണു്. അടുത്ത ക്യാമ്പ് പ്രോഗ്രാം വഴിയെ പ്രസിദ്ധപ്പെടുത്തുന്നതായിരിക്കും.







പരേതനായ ബ. വടശ്ശേരി ആഗസ്തിഅച്ചന്റെ സ്മാരകമായും ബ. വടശ്ശേരി പൌലോസച്ചന്റെ പൌരോഹിത്യ രജതജൂബിലി മെമ്മോറിയലായും പള്ളുരുത്തി സുറിയാനി പള്ളിക്കു സമീപം പണിയിച്ചിട്ടുള്ളതും ജൂബിലിദിനമായ 3—12—1954-ൽ വെഞ്ചരിപ്പും ഉൽഘാടനവും നടത്തപ്പെട്ടതുമായ സെൻറു് പോൾസ് കോൺവെൻറു്.

ന്നും അത്ര തൃപ്തികരമായി തോന്നിയില്ല. എങ്കിലും എല്ലാവരെയുംപോലെ അയാളും ചിരിക്കുകയും കൈകൊട്ടുകയുംമററും ചെയ്തു. മി. തോമസ് മറുപടി പ്രസംഗത്തിൽ ഇങ്ങനെ പ്രസ്താവിച്ചു "പ്രസംഗങ്ങളുടെ കാലം കഴിഞ്ഞുപോയി. വല്ലതും പ്രവർത്തിക്കാനുള്ള കഴിവിനെയാണു ഇന്നു ലോകം ബഹുമാനിക്കുന്നതു്. അവശതയനുഭവിക്കുന്ന ഒരു കൂട്ടർ നമ്മുടെ ചുററുമുണ്ടു്. അവർക്കു് എന്തെങ്കിലും സഹായം ചെയ്യാതെ പണം പെട്ടിയിൽ സൂക്ഷിക്കുന്ന സമ്പന്നന്മാർ തങ്ങളുടെ ഹൃദയങ്ങളെയാണു് അങ്ങനെ വച്ചുപൂട്ടുന്നതു്.......നമ്മുടെ നാട്ടിലെ പാവങ്ങളുടെ സഹായാർത്ഥം ഞാൻ പിച്ചപ്പാത്രവുമായി നിങ്ങളെ സമീപിച്ചേക്കാം. ഔദാര്യനിധികളായ നിങ്ങളുടെ സഹായമില്ലെങ്കിൽ എനിക്കു് ഒന്നും സാദ്ധ്യമല്ല. അതിനാൽ ഇന്നു് എന്നെപ്പററി പറഞ്ഞ ബഹുമതിവചനങ്ങൾ അന്നു നിങ്ങൾ പ്രവൃത്തികമാക്കണെ എന്നപേക്ഷയുണ്ടു്. എനിക്കു നൽകിയ അനുമോദനങ്ങൾക്കു കൃതജ്ഞത."

(തുടരും)


മലബന്ധം
അർശസ്സ് (മൂലക്കുരു)
വായുസ്തംഭനം (ഗ്യാസ്ട്രബിൾ)
നീർവീഴ്ച (നീരിറക്കം)
ചുമ
ഏങ്ങൽ
ക്ഷയം
പ്രമേഹം
വയറുവേദന
അസ്ഥിസ്രാവം
രക്തക്ഷയം

ഈ രോഗങ്ങൾക്കു വേണ്ടി ചികിത്സിച്ചു ചികിത്സിച്ചു നിരാശരായിത്തീർന്നിട്ടുള്ളവർ താഴെ കാണുന്ന വിലാസത്തിലെഴുതുക:

കാളൻ, നെല്ലായി


## കമ്മ്യൂ. ചൈനയിലും മതസ്വാതന്ത്ര്യം കടലാസിൽ മാത്രം


ചൈനീസ് പ്രസ്സ് അസ്സോസ്സിയേഷന്റെ ക്ഷണപ്രകാരം ഈയിടെ ചൈനാ സന്ദർശിച്ചു മടങ്ങിയ മിസ്റ്റർ ജെ. വി. അപ്പാസ്വാമി "ഹിന്ദു"പത്രത്തിൽ നവംബർ അവസാനവാരത്തിലെ ലക്കങ്ങളിൽ ചൈനയെ വളരെ പ്രശംസിച്ചു് എഴുതിക്കൊണ്ടിരുന്ന ലേഖനങ്ങളിൽ ഒന്നു (നവംബർ 28) പുതിയ ചൈനീസ് ഭരണഘടനയെപ്പററിയാണു്. അതിന്റെ തലക്കെട്ടിൽത്തന്നെ പറയുന്നു ആ ഭരണഘടനയ്ക്കു മാതൃക റഷ്യൻ ഭരണഘടനയാണെന്നു്. ഭരണഘടനയുടെ മൂന്നാംവകുപ്പിൽ "മൗലികാവകാശങ്ങൾ" ഉൾപ്പെടുത്തിയിട്ടുണ്ടെന്നും, "പൗരന്മാർക്കു് മതവിശ്വാസസ്വാതന്ത്ര്യം, സംസാരസ്വാതന്ത്ര്യം, പ്രസിദ്ധീകരണസ്വാതന്ത്ര്യം, പബ്ലിക്ക് സമ്മേളനസ്വാതന്ത്ര്യം മുതലായവ" പ്രസ്തുതാവകാശങ്ങളിൽപ്പെടുന്നുണ്ടെന്നും ലേഖകൻ പറയുന്നുണ്ടു്. സ്റ്റാലിൻ ഏർപ്പെടുത്തിയ റഷ്യയിലെ പുതിയ ഭരണഘടനയിൽ "മതപരമായ ആരാധനാസ്വാതന്ത്ര്യവും മതവിരുദ്ധപ്രചാരണത്തിനുള്ള സ്വാതന്ത്ര്യവും എല്ലാ പൗരന്മാർക്കുമായി അംഗീകരിക്കപ്പെട്ടിരിക്കുന്നു" എന്നെഴുതിയിട്ടുണ്ടു്. പക്ഷേ, ഈ ആരാധനാസ്വാതന്ത്ര്യം പോലും പ്രചാരണത്തിനുവേണ്ടി കടലാസിൽ എഴുതിച്ചേർത്തിട്ടുള്ളതല്ലാതെ യാഥാർത്ഥ്യത്തിൽ റഷ്യയിലില്ലെന്നു് അവിടെ നടന്നിട്ടുള്ളതും ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നതുമായ നാനാതരം മതമർദ്ദനങ്ങൾ തെളിയിക്കുന്നു. ആ റഷ്യൻ മാതൃകയിൽ രചിച്ചിട്ടുള്ള കമ്മ്യൂണിസ്റ്റ് ചൈനയിലെ പുതിയ ഭരണഘടനയിലും "മതവിശ്വാസസ്വാതന്ത്ര്യം" കടലാസിൽ മാത്രമാണു് അനുവദിച്ചിട്ടുള്ളതെന്നു് ഏററവും വിശ്വസനീയങ്ങളായ് പല വഴിക്കും ലഭിച്ചിട്ടുള്ളതും ലഭിച്ചുകൊണ്ടിരിക്കുന്നതുമായ വാർത്തകളിൽനിന്നു് നമുക്കറിയാം. വിശ്വസനീയങ്ങളായ ഈ മാർഗ്ഗങ്ങളിൽ മുഖ്യമായ ഒന്നു് മതപീഡനത്തിനു വിധേയരാക്കപ്പെട്ടവരുടെയും, വൈദികരുടെയും, അവൈദികരുടെയും, അനുഭവവിവരണങ്ങളാണു്. ആ ഗണത്തിൽ പെടുന്ന ഒരു വൈദികന്റെ അനുഭവവിവരണങ്ങളാണു് ഒന്നാംകയ്യായി ഫാദർ മററത്തിൽനിന്നും നമുക്കു ലഭിച്ചിരിക്കുന്നതു്. കമ്മ്യൂണിസ്റ്റു് ചൈനയിലെ മതമർദ്ദനം നിഷേധിക്കാൻ ആർക്കു സാധിക്കും? കമ്മ്യൂണിസം അതിന്റെ സഹജമായ മതമർദ്ദനം ചൈനയിലും പ്രയോഗിക്കാതിരിക്കുക സാദ്ധ്യമാണോ? ക്രിസ്തുവിന്റെ മൗതികശരീരത്തിലെ അവയവങ്ങളെന്ന നിലയിൽ തങ്ങളുടെ പിതാക്കന്മാരും സഹോദരന്മാരുമായിത്തീർന്നിരിക്കുന്ന ചൈനയിലെ പീഡിതരായ വൈദികരുടേയും അവൈദികരുടേയും ദുസ്സഹങ്ങളായ ദുഃഖങ്ങളിൽ ഇവിടത്തെ കത്തോലിക്കർ, ഹൃദയപൂർവ്വം സഹതപിക്കുകയും, അവയ്ക്കു കഴിയുംവേഗം ശമനമുണ്ടാകണമെന്നു് പരിശുദ്ധദേവമാതാവിന്റെ മദ്ധ്യസ്ഥതയിൽ നമ്മുടെ ദിവ്യരക്ഷകനോടു് [illegible] പ്രാർത്ഥിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

(11-ാം പേജ് തുടർച്ച)

## മാതാപിതാക്കന്മാരെ കണ്ടു യാത്രപറയുന്നതിനു പോകാൻ ധൈര്യമില്ല

കപ്പലിൽ തന്റെകൂടെ യാത്രചെയ്യുന്ന ചെറുപ്പക്കാരായ ചൈനാക്കാരെപ്പററി ചില വിവരങ്ങളും ഫാദർ മാററം നൽകുന്നുണ്ടു്. അവർ സലേഷ്യൻ കോൺഗ്രിഗേഷനിൽചേർന്നു് കുറേക്കാലങ്ങൾക്കു മുൻപു് ഹോങ്കോങ്ങിലെത്തി. വൈദികവിദ്യാഭ്യാസാർത്ഥം ഇപ്പോൾ ഇംഗ്ലണ്ടിലേക്കു തിരിച്ചിരിക്കുകയാണു്. ഹോങ്കോങ്ങിൽനിന്നും ഷാംങ്ങായിലുള്ള മാതാപിതാക്കന്മാർക്കു് അവർ എഴുതയക്കാറുണ്ടായിരുന്നു. അവയ്ക്കു മറുപടിയും ലഭിച്ചിരുന്നു. ഗവമ്മെന്റധികാരികൾ എഴുത്തു പരിശോധിക്കുന്നതുകൊണ്ടു് ഗവമ്മെന്റിനെപ്പററി യാതൊന്നും എഴുതിക്കൂടാ. മാതാപിതാക്കന്മാരെ കണ്ടു യാത്രപറയുവാൻ അവരാരും ഹോങ്കോങ്ങിൽനിന്നു ചീനവൻകരയിലേക്കു പോയില്ല. അവിടെ പ്രവേശിച്ചാൽ പുറത്തുകടക്കുന്ന കാര്യം അസാദ്ധ്യമാകും. ആകയാൽ വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം ഹോങ്കോങ്ങിലേക്കും, സ്വാതന്ത്ര്യം കൈവരുമ്പോൾ ചൈനയിലേക്കും മടങ്ങാമെന്നാണു് അവർ പ്രത്യാശിക്കുന്നതു്.

* * *



THANKSGIVING FOR FAVOURS RECEIVED

A Firm Believer

## മാർത്തോമ്മാസഭയ്ക്കു ഒരു നല്ല വഴികാട്ടി

(ഏ. പീലിപ്പോസ് എം. എ., ബി. എൽ.

തിരുവല്ലാ രൂപതയിലെ ഒരു വൈദിക പണ്ഡിതശ്രേഷ്ഠനായ പെ. ബ. ഫാദർ തോമ്മസ് വടക്കേൽ എൽ. ഡി. എഴുതിയ "വി. കുർബാനയിലെ യഥാർത്ഥ സാന്നിദ്ധ്യം. "വി. കുർബാനയും അകത്തോലിക്കാസഭകളും" എന്ന പുസ്തകം എന്റെ ശരീരക്ലേശങ്ങൾ നിമിത്തം വളരെ പ്രയാസപ്പെട്ടു ഞാൻ ഒരാവർത്തി വായിച്ചുതീർത്തു. എനിക്കു ബാല്യംമുതൽതന്നെ പിതാക്കന്മാരുടെ വിശ്വാസങ്ങളിൽനിന്നും വഴിപിഴച്ചുനില്ക്കുന്ന ഈ സഭയുടെ സ്ഥിതിയെപ്പററി വളരെ ദുഃഖം തോന്നിയിട്ടുണ്ടു്. എന്റെ രക്തസംബന്ധികളും, സ്നേഹിതന്മാരും, ബന്ധുക്കളും, സഹപാഠികളായ പലരും അതിൽ ഉണ്ടു്. അവരോടുള്ള സ്നേഹം നിമിത്തമാണു് എനിക്കു ഈ സഭയിൽ അനല്പമായ താല്പര്യമുള്ളതു്. ഇവരുടെ വഴിപിഴച്ച ഗതിയെപ്പററി ഇവർക്കു് (ഉത്തമവിശ്വാസത്തോടുകൂടിയ മനസ്സാക്ഷിയുള്ളവർക്കു്) ബോദ്ധ്യം വരുത്തുന്ന ഒരു ഗ്രന്ഥം ഉണ്ടായി കാണ്മാൻ ഞാൻ വളരെ ആഗ്രഹിച്ചിട്ടുണ്ടു്. ഈ പുസ്തകം വായിച്ചുതീർന്നപ്പോൾ ആദ്യമായി ഉണ്ടായ സന്തൃപ്തി ഞാൻ ആഗ്രഹിച്ച വിധത്തിലുള്ള ഒരു പുസ്തകം വെളിച്ചംകാണാൻ ഇടയായല്ലോ എന്നുള്ളതാണു്.

മാർത്തോമ്മാക്കാരിൽ ഒരു പ്രമുഖാംഗത്തോടു മുപ്പതോളം വർഷത്തിനുമുമ്പു "മാമ്മോദിസാമൂലമുള്ള ശിശുക്കളുടെ വീണ്ടും ജനനം പിതാക്കന്മാരുടെ വിശ്വാസത്തിൽ ഉൾപ്പെട്ടതാണല്ലോ" എന്നു ഞാൻ പറഞ്ഞപ്പോൾ "ഒരു തടിക്കഷണം വെള്ളത്തിൽ മുക്കിയെടുത്താൽ ആ തടിക്കഷണത്തിനു വല്ല മാററവും ഉണ്ടാകുന്നോ? അതുപോലെയാണു് ശിശുസ്നാനത്തിന്റെ ഫലം" എന്നു് എന്നോടു പറഞ്ഞപ്പോൾ, കുന്തംകൊണ്ടു് എന്റെ ചങ്കിൽ കുത്തിയതുപോലെയുള്ള ഫലമാണു് എന്നിൽ ഉണ്ടായതു്. മാർത്തോമ്മാക്കാർ അവരുടെ ഭിന്നോപദേശങ്ങളെ ശരിയായി മനസ്സിലാക്കി, അവരുടെ തെററിനെ വിട്ടു്, വി. പത്രോസിന്റെ പരമാധികാരത്തിൽ ഉറച്ചു നില്ക്കുന്ന കത്തോലിക്കാസഭയുടെ മാഹാത്മ്യം മനസ്സിലാക്കി അതിലേ അംഗത്വം സ്വീകരിച്ചു മനസ്സിനു് സമാധാനവും നിത്യരക്ഷയും സമ്പാദിക്കാൻ അവരെ സഹായിക്കുന്ന ഒരു നല്ല വഴികാട്ടിയാണു് ഈ പുസ്തകം.

വായനയിൽ മാർത്തോമ്മാക്കാരിൽ പലർക്കും ഉത്സാഹമുള്ളതായി എനിക്കു തോന്നിയിട്ടുണ്ടു്. എന്നാൽ മുൻവിധിയും, ദൈവത്തെക്കാൾ അധികം സമുദായത്തെ സ്നേഹിക്കുന്ന ബുദ്ധിയും പലർക്കും ഉള്ളതുകൊണ്ടു് ആത്മാവിന്റെ കണ്ണു് എളുപ്പത്തിൽ തുറന്നുകിട്ടുന്നതല്ല. ബ. അച്ചന്റെ മൂർച്ചയുള്ളതും, എന്നാൽ അത്രതന്നെ മയംതന്നെ എത്രയും സന്ദർഭോചിതവും സരസവുമായ ചില പദപ്രയോഗങ്ങളും നുഴഞ്ഞുകയറുന്ന ചില ഉദാഹരണങ്ങളും അവരെ തട്ടിയുണർത്തി പിശാചിന്റെ കൊടിക്കീഴിൽനിന്നും സത്യദൈവത്തിന്റെ കൊടിക്കീഴിൽ കൊണ്ടുവരുമെന്നുള്ള പ്രത്യാശ എനിക്കു് വളരെയുണ്ടു്. "മാർത്തോമ്മാസഭയിലെ സ്വാതന്ത്ര്യവും പരിശുദ്ധാത്മപ്രവർത്തനങ്ങളും" എന്ന തലക്കെട്ടുള്ളതും, 153 മുതൽ 164 വരെ വശങ്ങളിൽ അടങ്ങിയിരിക്കുന്നതുമായ 12-ാം അദ്ധ്യായം മാർത്തോമ്മാക്കാർ പ്രത്യേകം വായിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. മനസ്സമാധാനവും ആത്മരക്ഷയും സമ്പാദിക്കുന്നതിനു് സഹായിക്കുന്നതും 226 പുറങ്ങളുള്ളതുമായ ഈ പുസ്തകത്തിനു് ഒന്നരരൂപാ വിലവച്ചിരിക്കുന്നതു് ഒരു വിധത്തിലും കൂടുതലല്ലെന്നുള്ളതുകൊണ്ടു് എല്ലാ മാർത്തോമ്മാസഭാംഗവും ഒരു പ്രതി വാങ്ങിച്ചു വീണ്ടും വീണ്ടും വായിക്കണമെന്നും, ഒരു വിലയേറിയ സ്വത്തായി ഇതിനെ സൂക്ഷിക്കണമെന്നുംകൂടി ഞാൻ താല്പര്യപ്പെടുന്നു.

(അപേക്ഷിക്കേണ്ടും മേൽവിലാസം:-മാനേജർ, കത്തോലിക്കാ ബുക്കുഡിപ്പോ, തിരുവല്ലാ)



വി. "പത്താംപിയൂസ്" മാർപ്പാപ്പായുടേയും വി. വിൻസെന്റ് ഡി പോളിന്റേയും മാദ്ധ്യസ്ഥതാൽ രോഗശാന്തി നേടിയതിനു് ഉപകാരസ്മരണ.

Teresa John,
ഇരിഞ്ഞാലക്കുട




വിമർശനവീഥി

# ചൈനയിലെ മതപീഡനം— പീഡിതന്റെ അനുഭവങ്ങൾ

ചൈനയിൽ മുപ്പതുകൊല്ലം മിഷനറിജോലി ചെയ്തിരുന്ന, പതിനാറു മാസത്തെ ജയിൽ വാസത്തിനുശേഷം സ്വദേശത്തേയ്ക്കു മടങ്ങുന്ന, ഇറ്റാലിയൻ വൈദികൻ ചൈനയിലെമതപീഡനത്തെപ്പററി സ്വന്തം അനുഭവങ്ങൾ പറയുന്നു—കുമ്പസാരരഹസ്യം വെളിപ്പെടുത്താൻ നിർബന്ധിച്ചിട്ടും, കഴുത്തുകണ്ടിച്ചാലും താനതു ചെയ്യുകയില്ലെന്നു മറുപടി നൽകി—ചൈനയിലെ സ്വതന്ത്രമാക്കപ്പെടുന്ന കത്തോലിക്കാസഭയുടെ പാപ്പായാക്കാമെന്നു ഗവമ്മെൻറു വാഗ്ദാനം ചെയ്ത കത്തോലിക്കാമെത്രാൻ ആ വശീകരണത്തിനു വഴിപ്പെടാത്തതിനാൽ കാരാഗൃഹത്തിലടയ്ക്കപ്പെട്ടു യാതനകൾ സഹിച്ചു മരിച്ചു—സ്വതന്ത്രസഭയിൽ ചേരാൻ വിസമ്മതിക്കുന്ന വൈദികരെയും വിശ്വാസികളേയും നൂറുകണക്കിനും ആയിരം കണക്കിനും അറസ്റ്റുചെയ്തു പീഡിപ്പിക്കുന്നു—ദേവാലയങ്ങൾ അടച്ചിടുക, പള്ളിയിലെ പ്രസംഗങ്ങൾക്കു ഗവമ്മെൻറധികാരികളുടെ മുൻകൂട്ടിയുള്ള അംഗീകാരം നിർബ്ബന്ധമാക്കുക, സർവ്വവിധ മതവിരുദ്ധ പ്രചരണം നടത്തുക, മുതലായവ മതപീഡനത്തിൽ പെടുന്നു.

കമ്മ്യൂണിസം അതിന്റെ മൗലികമായ സ്വഭാവത്താൽതന്നെ സകല മതങ്ങളുടേയും, പ്രത്യേകിച്ച് കത്തോലിക്കാ മതത്തിന്റെ, ശത്രുവാണെന്നു കാറൽമാർക്സ് തുടങ്ങിയുള്ള അതിന്റെ സ്ഥാപകരുടേയും പ്രചാരകന്മാരുടെയും പ്രസിദ്ധങ്ങളായ പ്രസ്താവനകളിലും ഉദ്ബോധനങ്ങളിലും നിന്നു തെളിയുന്നുണ്ടല്ലോ. കമ്മ്യൂണിസ്റ്റു ഗവമ്മെൻറുകളുടെ ഭരണത്തിൽ മതവിശ്വാസികൾ പൊതുവിലും കത്തോലിക്കാ മതവിശ്വാസികൾ പ്രത്യേകിച്ചും ഭയങ്കരങ്ങളായ പീഡനങ്ങളും അസ്വാതന്ത്ര്യങ്ങളും അനുഭവിച്ചുവരികയാണെന്നു അവയ്ക്കു വിധേയരായ ആളുകളുടെ അനിഷേധ്യങ്ങളായ അനുഭവവിവരണങ്ങളിൽനിന്നു നാം അറിയുന്നുമുണ്ട്. കമ്മ്യൂണിസ്റ്റു ചൈനയിൽ കത്തോലിക്കാ മതത്തിനെതിരായി നടന്നുകൊണ്ടിരിക്കുന്ന മതപീഡനങ്ങളുടെ വിവരം അവയ്ക്കു വിധേയരായ ചൈനാക്കാരുടെയും വിദേശീയരുടെയും അനുഭവങ്ങൾ ലോകത്തെ വിളിച്ചറിയിച്ചുകൊണ്ടാണിരിക്കുന്നതു്. അത്തരം ഒരു പീഡിതന്റെ അനുഭവവിവരണമാണു് ഈ ലേഖനത്തിൽ ഉദ്ധരിക്കുന്നതു്.

### ഫാദർ എ. ഡി. മററം എഴുതുന്നതു്

എറണാകുളം അതിരൂപതയിലെ വിൻസെൻഷ്യൻ കോൺഗ്രിഗേഷനിലെ അംഗങ്ങളിലൊരാളായ റവ. ഫാ. എബ്രാഹം മററം റോമയിൽ ഉപരിപഠനം നടത്താൻ ഈ ഒക്ടോബർ 9-ാം തീയതി ബോംബെയിൽനിന്നു കപ്പൽകയറി. ഉപരിപഠനത്തിനായി യൂറോപ്പിലേക്കു പോകുന്ന നാലഞ്ചു ചൈനീസു യുവാക്കളും, മുപ്പതുകൊല്ലം ചൈനയിൽ മിഷനറിജോലി ചെയ്തിരുന്ന ഇററാലിയൻ വൈദികനായ ഫാദർ സൂപ്പോയും ആ കപ്പലിൽ യാത്രചെയ്തിരുന്നു. ഈ വൈദികൻ പതിനാറുമാസത്തെ ജയിൽവാസത്തിനുശേഷം സ്വദേശത്തേക്കു മടങ്ങുകയാണു്. ആശയവിനിമയം ചെയ്യാൻമാത്രം ഇംഗ്ലീഷു് അദ്ദേഹത്തിനും മററു ചെറുപ്പക്കാർക്കും വശമാണു്. അവരിൽനിന്നു ലഭിച്ച ചില വിവരങ്ങൾ ഫാദർ മററത്തിന്റെ വാക്കുകളിൽത്തന്നെ ഉദ്ധരിക്കുന്നു:-

### ജയിൽവാസമനുഭവിച്ച വൈദികന്റെ കഥ

1951 സെപ്ററംബറിലാണു് ഫാദർ സൂപ്പോയെ കമ്മ്യൂണിസ്റ്റു പോലീസുകാർ അറസ്റ്റു ചെയ്തതു്. സലേഷ്യൻ സഭാംഗമായ അദ്ദേഹം ഷാംങ്ങായിൽ ജോലിചെയ്യുകയായിരുന്നു. 50 ഓളം പോലീസുകാരാണു് അന്നു രാത്രിയിൽ അറസ്റ്റുചെയ്യുന്നതിനു് അദ്ദേഹത്തിന്റെ വസതിയിൽ പ്രവേശിച്ചതു്. വേറെ 250 പേരോളം വരുന്ന ഒരു പോലീസു സൈന്യം പുറത്തു നിന്നിരുന്നു. അറസ്റ്റുകഴിഞ്ഞു കുറച്ചു ദിവസത്തേക്കു സ്വജനങ്ങളുമായി സമ്പക്കത്തിലേർപ്പെടുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. എന്നാൽ അതിനുശേഷം യാതൊരു വിവരവും അദ്ദേഹത്തെപ്പററി കേട്ടിരുന്നില്ല. 1953 ജനുവരിയിൽ 4 പട്ടാളക്കാർ അദ്ദേഹത്തെ ചൈനയുടെ അതിത്തിയിലേക്കു കൊണ്ടുപോയി. ഹോങ്കോങ്ങിലെ സലേഷ്യൻ സഭക്കാരെ വിളിച്ചു് അവർ ചോദിച്ചു ഫാദർ സൂപ്പോ എന്നൊരാൾ അവരുടെ സഭാംഗമാണോ എന്നു്. അതെ എന്നു പറഞ്ഞപ്പോൾ പട്ടാളക്കാർ അദ്ദേഹത്തെ അവരെ ഏല്പിച്ചു അപ്പോൾ മാത്രമാണു് ഫാദർ സൂപ്പോ ജീവിച്ചിരിക്കുന്നുവെന്നു് സഭയിലുള്ളവർ അറിഞ്ഞതു്.

### ജയിൽവാസവും കാരാഗ്രഹപീഡനവും

ഷാംങ്ങായിൽ ത്തന്നെയാണു് ഫാദർ സൂപ്പോ തന്റെ ജയിൽവാസം മുഴുവൻ കഴിച്ചതു്. ഏതോ കാരണവശാൽ അത്ര നിർദ്ദയമായിട്ടല്ല അദ്ദേഹത്തോടു പെരുമാറിയിരുന്നതു്. എങ്കിലും സാധാരണയായി വെറും തറയിലാണു കിടന്നിരുന്നതു് ദിവസം രണ്ടുപ്രാവശ്യം ഭക്ഷണം കൊടുത്തിരുന്നു. പാപസങ്കീർത്തന(കുമ്പസാര)രഹസ്യങ്ങൾ അദ്ദേഹത്തോടു ഗവമ്മെൻറധികാരികൾ ചോദിച്ചു. കഴുത്തു കണ്ടിച്ചാലും കുമ്പസാരരഹസ്യങ്ങൾ വെളിപ്പെടുത്തുകയില്ലെന്നു് അദ്ദേഹം ധൈര്യസമേതം മറുപടികൊടുത്തു. നിരവധി കാറങ്ങൾ അദ്ദേഹത്തിന്റെ പേരിൽ ആരോപിക്കപ്പെട്ടു. ഗവമ്മെൻറിനെതിരായി പ്രവത്തിച്ചു, സ്വതന്ത്രസഭയെ (റോമയുമായി ബന്ധം വെടിഞ്ഞുള്ള സഭയെ) അംഗീകരിക്കുന്ന (ഗവമ്മെൻറു് എഴുതിയുണ്ടാക്കിയ) പ്രമാണത്തിൽ ഒപ്പുവയ്ക്കാതിരിക്കുവാൻ ആളുകളെ പ്രേരിപ്പിച്ചു, കമ്മ്യൂണിസ്റ്റു യുവജനപ്രസ്ഥാനത്തിൽ ചേരുന്നതിനു ചെറുപ്പക്കാരെ അനുവദിച്ചില്ല, സന്യാസജീവിതത്തിനു വിദ്യാത്ഥികളെ വിദേശങ്ങളിലേയ്ക്കയച്ചു. എന്നിങ്ങനെ

ഷാംങ്ങായിലെ ജയിലിൽക്കിടന്നു് ആയിടെ ഒരു വൈദികനും ഒരു സന്യാസസഹോദരനും മരണമടഞ്ഞു അടുത്തുള്ള ചില ജയിലറകളിൽ തടവുകാർ നടക്കുമ്പോൾ കാലുകളിൽനിന്നു ഭാരമേറിയ ചങ്ങലയുടെ സ്വരം കേൾക്കാമായിരുന്നെന്നു് ഫാദർ സൂപ്പോ പ്രസ്താവിച്ചു. കമ്മ്യൂണിസ്റ്റുകാരെങ്കിലും, ഗവമ്മെൻറിന്റെ ചില നയങ്ങളോടു വിയോജിച്ചിരുന്ന കുറേപ്പേരെയും ആ ജയിലിൽ അടച്ചിരുന്നു. ഒരുദിവസം അവരിൽ ഇരുപതുപേരെ വെടിവെച്ചുകൊന്നു. ജയിൽപ്പുള്ളികൾക്കു കമ്മ്യൂണിസ്റ്റു സിദ്ധാന്തങ്ങൾ വിശദീകരിച്ചുകൊടുക്കുക പതിവായിരുന്നു.

### മതസ്വാതന്ത്ര്യം പ്രചാരണത്തിനുമാത്രം

ചൈനയിൽ മതസ്വാതന്ത്ര്യം അനുവദിച്ചിട്ടുണ്ടു് എന്നു പറയുന്നതു് വെറുംപ്രചാരണത്തിനുള്ള തന്ത്രംമാത്രമാണു്. പല പ്രദേശങ്ങളിലും, ഗ്രാമങ്ങളിൽ പ്രത്യേകിച്ചും ദേവാലയങ്ങൾ ബലമായി അടച്ചുകളഞ്ഞിട്ടുണ്ടു്. പള്ളിയിൽ ചെയ്യേണ്ട പ്രസംഗം നേരത്തെ എഴുതി ഗവമ്മെൻറധികാരികളുടെ അംഗീകാരം വാങ്ങിയിരിക്കണമെന്നാണു് ചിലേടങ്ങളിലെ വ്യവസ്ഥ. പള്ളികളിൽവച്ചു മാത്രമെ മതസംബന്ധമായി എന്തെങ്കിലും പറയാവൂ അവിടെയും കമ്മ്യൂണിസത്തെക്കുറിച്ചു യാതൊന്നും ഉച്ചരിച്ചുകൂടാ. മതത്തിനെതിരായി സർവ്വവിധത്തിലുമുള്ള പ്രചരണങ്ങൾ നടത്തുന്നുണ്ടു്. എന്നാൽ ആ വാദങ്ങളെ ഖണ്ഡിച്ചുകൊണ്ടു് പള്ളിക്കകത്തോ പുറത്തോ പ്രസംഗിക്കുന്നതിനു പാടില്ല വികാരിക്കോ മെത്രാനോ വിശ്വാസികളെ ഭവനങ്ങളിൽപ്പോയി സന്ദർശിക്കുന്നതിനു സ്വാതന്ത്ര്യമില്ല. രോഗികളേയോ മരണാസന്നരേയോ സന്ദർശിച്ചു് അന്ത്യകൂദാശകൾ നൽകുന്നതിനുപോലും പാടില്ല.

### സ്വതന്ത്രസഭയിൽ ചേരാത്തതിനു മട്ടനം

സ്വരാജ്യസ്നേഹത്തിന്റെ പേരിൽ കത്തോലിക്കാസഭയെ തകക്കുന്നതിനുള്ള ഒരു ശ്രമമായിരുന്നു സ്വതന്ത്രസഭാപ്രസ്ഥാനം. മൂന്നു പോയിൻറുകൾ അടങ്ങിയ ഒരു പ്രോഗ്രാമാണു് അവതരിപ്പിക്കപ്പെട്ടതു്. (1, ചൈനയിലെസഭയെ ചൈനാക്കാർതന്നെ ധനപരമായി സംരക്ഷിക്കണം. (2) ചൈനയിലെ സുവിശേഷപ്രസംഗം ചൈനാക്കാർതന്നെ നടത്തണം, ചൈനയുടെ പാരമ്പര്യത്തിനും അഭിരുചിക്കും യോജിച്ചവിധത്തിൽ. (3) ചൈനയിലെ സഭയുടെ ഭരണം ചൈനാക്കാർതന്നെ നിവ്വഹിക്കണം—മാർപ്പാപ്പായുടെ പരമാധികാരത്തിന്റെ നിഷേധമായിട്ടാണു് ഇതുദ്ദേശിച്ചിരിക്കുന്നതു്. ഈ പ്രോഗ്രാമിനു് ഒപ്പുശേഖരണമായി, ഇതിലടങ്ങിയിരുന്ന തന്ത്രം മനസ്സിലാക്കാതെ ആദ്യകാലത്തു കുറേപ്പേർ ഒപ്പിട്ടു. എന്നാൽ ക്രിസ്തുവിന്റെ സഭയിൽനിന്നും പാറകളിൽനിന്നും തങ്ങളെ അകററുന്നതിനുള്ള ഒരു പ്ലാനാണെന്നു മനസ്സിലായതോടെ കത്തോലിക്കർ ആരുമാരും ഒപ്പിടാതായി. ഇതിൽ ഒപ്പിടുന്നതിനെ എതിർക്കുകയാൽ 500 ലധികം വൈദികർ അറസ്റ്റുചെയ്യപ്പെട്ടു. ഫാദർ സൂപ്പോയും ഇതിനെശക്തിയായി എതിർത്തയാളാണു്. നാൻചാങ്ങിലെ മെത്രാനും വിൻസെൻഷ്യൻ സഭാംഗവുമായ ചൗ എന്ന ദേഹത്തെ ചൈനയിലെ സ്വതന്ത്രസഭയുടെ പാപ്പായാക്കാമെന്നു് കമ്മ്യൂണിസ്റ്റധികാരികൾ വാഗ്ദാനംചെയ്തു ചൈനയുടെമാത്രം പാപ്പായാകുന്നതു തിരെ കുറച്ചിലാണു്, കത്തോലിക്കാസഭ മുഴുവന്റേയും പാപ്പായാകുവാനാണു് തന്റെ ആഗ്രഹം, എന്നു് അദ്ദേഹം ഫലിതരൂപത്തിൽ മറുപടി പറഞ്ഞു. സുകൃതിയായ ആ മെത്രാൻ ഫാദർ സൂപ്പോയ്ക്കു പരിചിതനാണു്. അചിരേണ അദ്ദേഹം കാരാഗൃഹത്തിലായി. തിരുമേനി അവിടെ കിടന്നു യാതനകൾ സഹിച്ചു മരണമടഞ്ഞുവെന്നാണു് വിശ്വസനീയമായ റിപ്പോർട്ടുള്ളതു്. മാർപ്പാപ്പായുടെ പ്രതിനിധിയെ (ഇൻറർനൺഷിയോയെ) രാജ്യത്തിൽനിന്നു പുറത്താക്കണമെന്ന ഒരു പ്രമേയത്തിൽ ഒപ്പിടുന്നതിനും ജനങ്ങളെ നിർബന്ധിച്ചിരുന്നു.

### ഷാംങ്ങായിലെ കത്തോലിക്കരുടെ സ്ഥിതി അല്പം മെച്ചം

മററു പ്രോവിൻസുകളെ അപേക്ഷിച്ചു ഷാംങ്ങായിൽ കത്തോലിക്കാസഭയുടെ നില മെച്ചമാണു്. അവിടെ കത്തോലിക്കർ വളരെ ത്യാഗങ്ങൾ സഹിച്ചു ധൈര്യസമേതം പിടിച്ചുനിൽക്കുന്നു. ഗവമ്മെൻറു് പിടി അത്ര മുറുക്കുന്നമില്ല. പട്ടണങ്ങളിലും പരിസരങ്ങളിലുമായി 20 ഓളം ഇടവകകളാണുള്ളതു്. പ്രമുഖരായ പല വൈദികരും അറസ്റ്റുചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും ഒരു ദേവാലയംമാത്രമേ അടച്ചിട്ടുള്ളു. മററു ദേവാലയങ്ങളിൽ ദിവ്യസേന തിരുകമ്മങ്ങൾ നടക്കുന്നു. ദിവ്യബലിയിൽ സംബന്ധിക്കുന്നതിനു് ഇടദിവസങ്ങളിലും ആളുകൾ തിങ്ങിക്കൂടുന്നു. ജനങ്ങളുടെ ഭക്തിചൈതന്യം വളരെ വർദ്ധിച്ചിട്ടുണ്ടു്. രാപകൽ ഇടവിടാതെ ആളുകൾ മാറിമാറി അവിടത്തെ ഇടവകകളിൽ ഒരു കൊല്ലത്തേയ്ക്കു് ഒരു ജപമാലക്കുരിശുയുദ്ധം (പ്രാത്ഥനാപ്രസ്ഥാനം) നടത്തി

ഷാങ്ങായിലെ ഒരിടവകവികാരി ഒരിക്കൽ അറസ്റ്റുചെയ്യപ്പെട്ടു. ജനങ്ങൾ അദ്ദേഹത്തെ അനുധാവനം ചെയ്തു് അദ്ദേഹത്തെ മോചിപ്പിക്കണമെന്നാവശ്യപ്പെട്ടു. അധികാരികൾ അതിനു വിസമ്മതിച്ചപ്പോൾ ജനക്കൂട്ടം പൊതുനിരത്തിൽ മുട്ടുകുത്തി ജപമാല ചൊല്ലിത്തുടങ്ങി. കുറേസമയത്തേക്കു ഗതാഗതം നിലച്ചു. എങ്കിലും ഗവമ്മെൻറധികാരികൾ അപ്പോൾ അതിന്മേൽ യാതൊരു നടപടിയും എടുത്തില്ല. എന്നാൽ ഏതാനും ദിവസങ്ങൾക്കുള്ളിൽ അവരിൽ ചിലർ അപ്രത്യക്ഷരായി—രാത്രിയിൽ രഹസ്യമായി അവരെ അറസ്റ്റുചെയ്തു എവിടെയ്ക്കോ കൊണ്ടുപോയി.

(ശേഷം 10-ാം പേജിൽ)


## കാപ്പി വ്യവസായത്തിന് ബാങ്കുകൾ ചെയ്യുന്ന സേവനങ്ങൾ

1830-ാമാണ്ടു് മുതൽക്കാണ് കാപ്പി ഇൻഡ്യയിൽ വ്യവസായാടിസ്ഥാനത്തിൽ കൃഷിചെയ്യുവാൻ തുടങ്ങിയതു്. കാപ്പി കൃഷി ഇന്നും മിക്കവാറും തെക്കേ ഇൻഡ്യയിൽ മാത്രമെ ഉള്ളു എന്നു പറയാം. ഒരാണ്ടിൽ ഉല്പാദിപ്പിക്കുന്ന കാപ്പി ഏകദേശം 20,000 മുതൽ 30,000 ടൺ വരെ ഉണ്ടായിരിക്കും. അതിൽ അധികഭാഗവും ഇൻഡ്യയിൽ തന്നെയാണ് ഉപയോഗിച്ചുവരുന്നതു്. മിച്ചമുള്ള കാപ്പി, ചരക്കിന്റെ ഗുണംകൊണ്ടു്, വിദേശവിപണികളിൽ ഉടൻ ചിലവാകുന്നു.

ബാങ്കുകളുടെ സഹായം കാപ്പി വ്യവസായത്തിന്റെ പുരോഗതിക്ക് അത്യന്താപേക്ഷിതമായിരുന്നു. ആവശ്യംപോലെ പണം വായ്പ നൽകുക, രാജ്യത്തിന്റെ എല്ലാ ഭാഗത്തുനിന്നും പണം വസൂൽ ചെയ്യുക, ഇങ്ങനെ ഒരു ഉത്തമ ബാങ്ക് പ്രദാനം ചെയ്യുന്ന സേവനങ്ങളും മാർഗ്ഗനിർദ്ദേശവും കാപ്പി വ്യവസായത്തിന്റെ ഒരു അവിഭാജ്യ ഘടകം തന്നെയാണ്.

പല കാപ്പിതോട്ടങ്ങളും അതുപോലെ തെക്കേ ഇൻഡ്യയിൽ ഇതര വാണിജ്യ വ്യവസായ രംഗങ്ങളിൽ പ്രവത്തനം നടത്തുന്ന അനവധി കമ്പനികളും ഞങ്ങളുടെ സേവനങ്ങൾ സ്വീകരിച്ചുപോരുന്നതിൽ ഞങ്ങൾ അഭിമാനം കൊള്ളുന്നു.

കറൻറ കണക്കുകൾ—ഡ്രാഫ്ററുകൾ—കമ്പിമാർഗ്ഗമുള്ള പണ കൈമാററങ്ങൾ—ഡിപ്പോസിററുകൾ—കടവായ്പകൾ—പററവരവുകൾ—ബില്ലുകൾ വസൂൽചെയ്യുക മുതലായ സേവന സൌകര്യങ്ങൾ

* * * *

### ഈ ബാങ്കിൽ ഒരു കണക്കു തുടങ്ങുന്നതു്

നിങ്ങൾക്കു് പ്രയോജനപ്രദമായിരിക്കും. ഞങ്ങളുടെ 25 ശാഖകൾ രാജ്യത്തിന്റെ പ്രധാന കേന്ദ്രങ്ങളിൽ പ്രവത്തിക്കുന്നു—23 എണ്ണം തെക്കേ ഇൻഡ്യയിലെ വ്യാപാര കേന്ദ്രങ്ങളിലും, രണ്ടെണ്ണം ഡൽഹിയിലും ന്യൂ ഡൽഹിയിലും. ഞങ്ങൾക്കു് ഇൻഡ്യയിലുള്ള എല്ലാ പ്രധാന നഗരങ്ങളിലും വ്യാപാര ബന്ധമുണ്ടു്. ഞങ്ങളുടെ ഓരോ ശാഖയിലും എല്ലാവിധ ബാങ്ക് ഇടപാടുകളും നടത്തിവരുന്നു.



ഇൻഡ്യയിലെവിടെയും ഞങ്ങൾക്കു വ്യാപാരബന്ധമുള്ള ബാങ്കുകളിൽ നിക്ഷേപകർക്ക് പണം അടയ്ക്കാവുന്നതും, ആവക സംഖ്യകൾ ഞങ്ങളുടെ ഏതെങ്കിലും ബ്രാഞ്ചുകളിൽ അവർക്കുള്ള കണക്കുകളിൽ ചേർക്കാവുന്നതുമാണു്.

ESTD. 1927

## പാലാ സെൻട്രൽ ബാങ്ക് ക്ലിപ്തം

ഹെഡാഫീസ്: പാലാ, തിരുവിതാംകൂർ

തിരുവിതാംകൂർ-കൊച്ചിയിൽ 19 ബ്രാഞ്ചുകൾ

തെക്കേ ഇൻഡ്യയിലെ ഒരു പ്രമുഖ ബാങ്കു്

PC. 9158

Reg. M. No. 2293


# Sathya Deepam

Vol. 28 Ernakulam, December 15, 1954 No. 17

## "ഇന്നത്തെ ബാലൻ നാളത്തെ പൗരൻ"



# ബാലരംഗം



ബോംബെ കോൺഗ്രസ്സിലെ കുട്ടികളുടെ പൊതുദിവ്യകാരുണ്യസ്വീകരണം




## ഈ ശില്പിയെ അറിയുമോ?


(വല്യേട്ടൻ)

**മുൻ ചരിത്രം**

ഭാരതത്തിന്റെ അപ്പസ്തോലനായ മാർത്തോമ്മാശ്ലീഹാ ക്രിസ്തുവർഷം 52-ൽ കൊടുങ്ങല്ലൂർ വന്നിറങ്ങിയ ചരിത്രത്തിന്റെ ചിത്രങ്ങളാണല്ലോ നിങ്ങൾ കണ്ടുതുടങ്ങിയതു്. "നിങ്ങൾ പോയി എല്ലാ ജാതികളേയും പഠിപ്പിക്കുവിൻ" എന്നാണു് ഈശോ ശ്ലീഹന്മാരോടാജ്ഞാപിച്ചതു്. അതുകൊണ്ടു് ആരെല്ലാം എവിടെയെല്ലാം പോകണമെന്നു നിശ്ചയിക്കാൻ അവർ ഒരാലോചനയോഗം കൂടി. തോമ്മാശ്ലീഹാ ഇന്ത്യയിൽപോയി പ്രസംഗിക്കണമെന്നാണു് തീരുമാനിക്കപ്പെട്ടതു്. തോമ്മാശ്ലീഹാക്കുണ്ടായൊരു പരിഭ്രമം, അതു തന്നെക്കൊണ്ടു ചെയ്യാൻ സാധിക്കുമോ എന്നു്. രാത്രി തോമ്മാ ഉറങ്ങിക്കിടക്കുമ്പോൾ ഈശോ കാണപ്പെട്ടു. ആ ജോലിക്കുവേണ്ട എല്ലാ സഹായങ്ങളും നൽകുമെന്നു ഈശോ പറഞ്ഞു. ആ ധീരസ്നേഹിതൻ പിന്നെ ശങ്കിച്ചില്ല.




## വി. ബർബരാ



തിരുനാൾ—ഡിസംബർ 4

ഈശോയ്ക്കുവേണ്ടി രക്തസാക്ഷിണിയായി മരിച്ച ഒരു ചെറു ബാലികയാണു് ബർബരാ. ഒരു പ്രത്യേക കൊട്ടാരത്തിൽ പ്രത്യേകം ശുശ്രൂഷകരുടെ നോട്ടത്തിലാണു് അവളുടെ പിതാവു് അവളെ വളർത്തിയിരുന്നതു്. ഒരുദിവസം കൊട്ടാരത്തിനു പുറത്തുള്ള വഴിയിൽക്കൂടി ഈശോയെക്കുറിച്ചുള്ള ഒരു പാട്ടുംപാടി ഒരു വൈദികൻ കടന്നുപോകുന്നതു ബർബരാ കണ്ടു. ആ പാട്ടു അവൾക്കു വളരെ ഇഷ്ടപ്പെട്ടു. ആ വൈദികനെ വിളിച്ചുവരുത്തി വിവരങ്ങൾ ചോദിച്ചറിഞ്ഞു. ഈശോയെ പ്പററിയുള്ള സ്നേഹം അവളിൽ കത്തിക്കാളി. അവൾ ഈശോയിൽ വിശ്വസിച്ചു ഒരു ക്രിസ്ത്യാനിയായി.

അക്കാലത്തു ക്രിസ്ത്യാനികളെ ചക്രവർത്തിമാർ പീഡിപ്പിച്ചിരുന്നു. ക്രിസ്ത്യാനിയാകുന്നതു രാജ്യദ്രോഹവും, രാജദ്രോഹവുമായിരുന്നു. എന്തനെയാണാവോ? ബർബരായുടെ പിതാവു് ബർബരാ ക്രിസ്ത്യാനിയാണെന്നറിഞ്ഞപ്പോൾ കോപിച്ചു് അവളെ ബന്ധിച്ചു വിധിയാളന്മാരുടെ മുമ്പിൽ കൊണ്ടുപോയി. ബർബരാ ധൈര്യത്തോടുകൂടി ഏററുപറഞ്ഞു:- "ഞാൻ ഒരു ക്രിസ്ത്യാനിയാണു്. ക്രിസ്തുവിനെ ഞാൻ സ്നേഹിക്കുന്നു." അവളെ തല്ലിച്ചതക്കുന്നതിനും അവസാനം തലവെട്ടുന്നതിനും വിധികല്പിച്ചു. ഉടനെ വിധി നടത്തപ്പെടുകയും ചെയ്തു.

മാലാഖാമാർ പ്രത്യക്ഷപ്പെട്ടു് അവളുടെ പാവനമായ ആത്മാവിനെ സ്വർഗ്ഗത്തിലേക്കു കൊണ്ടുപോയി.

അവളുടെ ക്രൂരനായ പിതാവിനു് ഒരു ദൈവശിക്ഷയാണനുഭവപ്പെട്ടതു്. പെട്ടെന്നു ഒരിടി വെട്ടുകയും അയാൾ നിന്നനിലയിൽ ഭസ്മമായിത്തീരുകയുംചെയ്തു.

വിശുദ്ധ ബർബരാ ഈശോയെ സ്നേഹിക്കുന്നതിൽ കുട്ടികൾക്കൊരു മാതൃകയാണു്. ഇടിവെട്ടുമൂലം സംഭവിക്കുന്ന അത്യാപത്തുകളിൽ ഒരു പ്രത്യേകമദ്ധ്യസ്ഥയുമാണു്.

### ഒന്നാം നമ്പർ പ്രശ്നത്തിന്റെ ശരിയായ ഉത്തരം

```
  8 8 8
    8 8
      8
      8
      8
 -------
1 0 0 0
```

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനുജത്തികളേ,

വല്യേട്ടൻ തോററു തുന്നംപാടിപ്പോയി എന്നു സമ്മതിക്കാതെ നിവൃത്തിയില്ല. നിങ്ങൾ "ബാലരംഗം" എങ്ങിനെ ഇഷ്ടപ്പെടുന്നു എന്നു ഒരു ഹിതപരിശോധന നടത്താനാണു് കഴിഞ്ഞ പ്രാവശ്യം ഒരു "പ്രശ്നം" ഇടുകയും ശരിയായ ഉത്തരം അയക്കുന്നവരുടെ പേരുകൾ പ്രസിദ്ധപ്പെടുത്തുമെന്നറിയിക്കുകയും ചെയ്തതു്. ശരിയായ ഉത്തരങ്ങളുടെ ഒരു മലവെള്ളപ്പൊക്കമാണു് വല്യേട്ടന്റെ മേശയുടെ മുകളിൽ. മററുള്ളതെല്ലാം മുങ്ങിപ്പോകുമോ എന്നൊരു ഭയം. എത്രമാത്രം കുഞ്ഞനുജന്മാരും കുഞ്ഞനുജത്തിമാരും സത്യദീപത്തേയും അതിലെ ബാലരംഗത്തേയും ആവേശത്തോടുകൂടി സ്നേഹിക്കുന്നു എന്നു ആ ഓരോ മറുപടിക്കത്തിലും തെളിഞ്ഞു പ്രകാശിക്കുന്നതുകൊണ്ടു വല്യേട്ടന്റെ ഹൃദയം അങ്ങു കുളിർക്കുകയാണു്; കോരിത്തരിക്കുകയാണു്. 400 ശരിയായ ഉത്തരങ്ങൾ നിശ്ചിതസമയത്തിനകം ഇവിടെ കിട്ടിക്കഴിഞ്ഞിട്ടുണ്ടു് വല്യേട്ടൻ തോററതിലല്ല നിങ്ങളുടെ പേരുകളോരോന്നും പരസ്യപ്പെടുത്താമെന്നുള്ള വാക്കു പാലിക്കുന്നതിലാണു്. സത്യദീപം നമുക്കു ഒരു പംക്തി തന്നിട്ടുള്ളു. കൂടുതൽ സ്ഥലമെടുത്താൽ മററുള്ളവർ വഴക്കിടുമല്ലോ. ഇതിലാണു് വല്യേട്ടൻതോററതു്. എങ്കിലും വല്യേട്ടൻ വാക്കു മാറുന്ന ആളല്ല. അതുകൊണ്ടു അടുത്ത തവണ ശരിയായ ഉത്തരം അയച്ചവരുടെ പേരുകളെല്ലാം ഒരു പ്രത്യേകം ഷീററാക്കി പത്രത്തിൽ പ്രസിദ്ധപ്പെടുത്തിക്കൊള്ളാം. ജയ് ബാലരംഗം!